ഡോ. എം. അബ്ദുൽ ജലീൽ പുറ്റേക്കാട്

## 'വുളു'വിന്റെ സത്യം



വിശുദ്ധഖുർആനിലെ രണ്ടു സൂക്തങ്ങളിലായി (5:6–4:43) നാൽപ്പത് കൃത്രിമങ്ങൾ (40 ശിർക്കുകൾ) ചെയ്തുകൊണ്ടാണ് സുന്നി - ശിയാ പുരോഹിതന്മാർ 'വുളു' എന്ന അനാചാരത്തിന് തുടക്കമിട്ടത്. വിശുദ്ധഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അഞ്ചുനേരത്തെ അറബിഭാഷയിലുള്ള സംഘടിത പ്രാർത്ഥനയായ 'നമസ്ക്കാരം' ബാങ്കുവിളി, ചേലാകർമ്മം, അല്ലാഹു ഒരു വരദാനം പോലെ നൽകിയ പവിത്രമായ സ്വന്തം ശരീരത്തിലെയും, സമൂഹത്തിലെയും വ്യവസ്ഥിതിയെ തകിടം മറിച്ചുകൊണ്ടുള്ള റംസാനിലെ പകൽ പട്ടിണി, ഹജ്റുൽ അസ്‌വദ് ചുംബിച്ചും, സംസം വെള്ളം കുടിച്ചും, കല്ലെറിഞ്ഞും ബിംബാരാധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ഹജ്ജു തീർത്ഥാടനം, സുന്നത്ത് നമസ്ക്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ എന്നിവയോട് വിട പറയാൻ ആത്മാർത്ഥതയുള്ള മുസ്ലീംകൾക്കു സമയമായിരിക്കുന്നു. അതോടൊപ്പം വിശുദ്ധ ഖുർആനിൽ ഇല്ലാത്ത ഒരു നിയമം - മുഹമ്മദ് നബി തിരുമേനി പഠിപ്പിക്കാത്ത ഒരു നിയമം - 'ഇസ്ലാം മതം' എന്ന പേരിൽ ആചരിക്കുന്നതും, നിലനിർത്താൻ സഹായിക്കുന്നതും ഏറ്റവും വലിയ പാപമാണെന്ന - ശിർക്കാണെന്ന - ഖുർആനിക പാഠവും നാം പഠിക്കാനും ഉറക്കെ പ്രഖ്യാപിക്കാനും തയ്യാറാവേണ്ടിയിരിക്കുന്നു.

ഇസ്ലാമിക് റിസർച്ച് ആൻഡ് പ്രൊപ്പഗേഷൻ സെന്റർ (IRPC) പ്രസിദ്ധീകരണം
വില: ₹ 50

ഡോ. എം. അബ്ദുൽ ജലീൽ പുറ്റേക്കാട്

# 'വുളു'വിന്റെ സത്യം



## ഖുർആൻ സൂക്തങ്ങളുടെ ആത്മാവിലൂടെ..!

# ഖുർആൻ

## സൂക്തങ്ങളുടെ ആത്മാവിലൂടെ..!

**ഖുർആൻ പരിഭാഷകളിലെ**
**ഗുരുതരമായ ചില അട്ടിമറികൾ**

**‘വുളു’വിന്റെ സത്യം**

ഡോ. എം. അബ്ദുൽ ജലീൽ പുറ്റെക്കാട്

പരിഭാഷക്ക് കടപ്പാട്:

**അബൂയാസിൻ**

**അബുൽകലാം**

**അബൂനിദാൽ**


**Khur'aan Sookthangalude Athmaviloode**

(Malayalam)

**Wuluvinte Sathyam**

***by*** **Dr. M. Abdul Jaleel Puttekkad**

*First Edition:*
*May 2013*

*Cover design :*
*Sajan Shadows*

*Printed at:*
*Kozhikode, Kerala, India*

*Published by:*
*IRPC Kozhikode*

*Copies : 1000*



*All Rights Reserved*



Price: ₹ **50**






## ഡോ. എം. അബ്ദുൽ ജലീൽ പുറ്റെക്കാട്

കോഴിക്കോട് ജില്ലയിലെ ഫറോക്കിൽ പ്രശസ്ത മതപണ്ഡിതൻ ഇ. എം. ബീരാൻകോയ മൗലവിയുടെയും എ.കെ. തായുമ്മയുടെയും മകനായി 1960-ൽ ജനനം. പുറ്റെക്കാട് എ.എം.എൽ.പി സ്കൂൾ, ഗവൺമെന്റ് ഗണപത് ഹൈസ്കൂൾ ഫറോക്ക്, ഫാറൂഖ് ഹൈസ്കൂൾ, പി.എസ്.എം.ഒ കോളേജ് തിരൂരങ്ങാടി, ഫാറൂക്ക് കോളേജ്, ഗുരുവായൂരപ്പൻ കോളേജ്, ഗവ. ഡെന്റൽ കോളേജ് കോഴിക്കോട്, ഗവ. ഡെന്റൽ കോളേജ് ,തിരുവനന്തപുരം എന്നിവിടങ്ങളിൽനിന്നായി ബിരുദ-ബിരുദാനന്തര പഠനം. കഴിഞ്ഞ എട്ട് വർഷമായി ബഹറൈനിൽ ദന്തഡോക്ടറായി ജോലിചെയ്യുന്നു. അതിനു മുമ്പ് സഊദി അറേബ്യയുടെ തലസ്ഥാനമായ റിയാദിൽ പത്ത് വർഷം ദന്തഡോക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

എഴുത്തുകാരൻ, സംഘാടകൻ തുടങ്ങിയ നിലകളിൽ അറിയപ്പെടുന്നു. കെ.എസ്.എസ് സംസ്ഥാന ഉപാധ്യക്ഷൻ, ഇസ്ലാമിക് റിസേർച്ച് & പ്രൊപ്പഗേഷൻ സെന്റർ ചെയർമാൻ, വേദദർശനം മാസിക പത്രാധിപസമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.. ഡോ. ഫാത്തിമ സുഹറയാണ് ഭാര്യ. മക്കൾ: അഫ്സൽ, ആദിൽ, അമീൻ.


*വിലാസം:*

ഇടക്കയിൽ, പുറ്റെക്കാട്
ഫറോക്ക് പി.ഒ., കോഴിക്കോട്.
കേരള, ഇന്ത്യ 673 631
E-mail: abduljaleel1960@gmail.com
Mob: +91 99463 93555
www.khur-aansunnathsociety.com
www.chekanoormoulavi.com

## ഗ്രന്ഥകാരന്റെ പ്രധാന പ്രസിദ്ധീകരണങ്ങൾ

* ചേലാകർമ്മം അനിസ്ലാമികം
* ഇസ്ലാമും ജനാധിപത്യവും
* ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ
* ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർത്ഥനാ മൊഴിയും വിഗ്രഹാരാധനയും
* വിശുദ്ധ ഖുർആൻ -മുസ്ലീംകളുടെ ഒരേയൊരു പ്രമാണഗ്രന്ഥം
* മുസ്ലീംകളുടെ പ്രാർത്ഥനാ രൂപങ്ങൾ
* ഇസ്ലാം മതവും ക്രിസ്തുമതവും
* മരണമില്ലാത്ത മൗലവി ചേകന്നൂർ (ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെയും മൗലവിചേകന്നൂരിനെയും പരിചയപ്പെടുത്തുന്ന VCD)
* ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികൾ (Audio CD MP3) 50 മണിക്കൂർ. (കേരളത്തിലെ ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന്റെ ആദ്യഘട്ടം)
* ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികൾ (DVD) 100 മണിക്കൂർ. (ചേകന്നൂർ മൗലവി, മൗലവി യൂസുഫ് കരുനാഗപ്പള്ളി, മൂതൂർ അബൂബക്കർ മൗലവി, സെയ്തലവി അൻസാരി, മുഹമ്മദാലി മാസ്റ്റർ, മജീദ് സുല്ലമി, ഷാഹുൽ ഹമീദ് മൗലവി കോട്ടക്കൽ, എം.പി. മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി, സി.പി. അബ്ദുൽ അസീസ് മൗലവി എന്നിവരുടെ ആദ്യകാല പ്രഭാഷണങ്ങളുടെ സമാഹാരം (1990 -2000)
* ഖുർആൻ ഗീതങ്ങൾ - മുസ്ലീം ഭക്തി ഗാനങ്ങൾ.

**www.khur-aansunnathsociety.com**



## പ്രസാധകക്കുറിപ്പ്

പ്രശസ്ത ഖുർആൻ ഗവേഷകനും എഴുത്തുകാരനും സംഘാടകനുമായ ഡോ. എം. അബ്ദുൽ ജലീൽ പുറ്റേക്കാട് രചിച്ച ഈ പുസ്തകം വിശുദ്ധ ഖുർആന്റെ ആധുനിക വായനയിൽ വളരെ ശ്രദ്ധേയമായ ഒന്നാണെന്ന് ഞങ്ങൾ കരുതുന്നു. വേദദർശനങ്ങളെ ആശയതലത്തിൽ ഗ്രഹിക്കുന്നവർക്ക് മുമ്പിലാണ് ഇതിന്റെ പ്രസക്തി.

കാലഹരണപ്പെട്ട കെട്ടുകഥകൾക്കനുസരിച്ച് ഖുർആനെ സമീപിക്കുന്ന യാഥാസ്ഥിതികർക്ക് മുമ്പിൽ ഖുർആന്റെ മഹത്വം വിളിച്ചോതുന്ന ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. പോരായ്മകളുണ്ടെങ്കിൽ മാന്യവായനക്കാർ അവ ചൂണ്ടിക്കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

– പ്രസാധകർ



**...ചിലർ എന്നെന്നും ജീവിക്കുന്നു...**



## അവതാരിക

بسم الله الرحمن الرحيم

(അളവറ്റ ദയാപരനും കരുണാനിധിയുമായ പ്രപഞ്ചനാഥന്റെ നാമത്തിൽ)

വിശുദ്ധ ഖുർആനിലെ ഇദാ ഖുംതും - ഇലസ്സ്വലാത്തി - ഫഗ്സിലൂ വുജൂഹക്കും - വഅയ്ദിയക്കും - ഇലൽ മറാഫിഖി - വംസഹൂ - ബി -റുഊസിക്കും - വ - അർജുലക്കും - ഇലൽ കഅബൈനി എന്ന സൂക്തം തെറ്റായി (5:6) വ്യാഖ്യാനിച്ചതുവഴി ഉണ്ടായ സാമൂഹ്യ അധഃപതനത്തിന്റെ ആഴം വിശദീകരിക്കുന്നതാണ് ഡോ. എം അബ്ദുൽ ജലീൽ പുറ്റെക്കാട് രചിച്ച ഈ പുസ്തകം. പ്രസ്തുത സൂക്തത്തിന്റെ ദുർവ്യാഖ്യാനങ്ങൾ അനാവരണം ചെയ്യപ്പെടുന്നതോടൊപ്പം തന്നെ യഥാർത്ഥ സാരം യുക്തിപൂർവ്വം ഗ്രന്ഥകാരൻ ഈ പുസ്തകത്തിൽ വരച്ചുകാട്ടുകയും ചെയ്യുന്നു എന്നത് ഖുർആൻ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവഗണിക്കാൻ പറ്റുന്ന ഒന്നല്ല.

മനുഷ്യശരീരത്തിലെ ചില അവയവങ്ങൾ കഴുകാനോ തടവാനോ അല്ല ഈ സൂക്തങ്ങളിൽ പറയുന്നതെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. വെള്ളം ലഭിക്കാത്ത സന്ദർഭത്തിൽ ശൗച്യം ചെയ്യാൻ ശുദ്ധമണ്ണ് തേടി അലഞ്ഞുനടന്നു കണ്ടുപിടിച്ച് അത്കൊണ്ട് കൈയും മുഖവും തുടക്കാനുമല്ല കല്പന. മറിച്ച് ഈ സൂക്തങ്ങൾക്ക് വിശാലമായ അർത്ഥതലങ്ങളുണ്ട്. അതു ബോധ്യപ്പെടുമ്പോൾ മനസ്സിൽ അന്തർലീനമായ കുറെ കെട്ടുകഥകളാണ് പോയ്മറയുന്നത്.പകരം ഖുർആൻ ലക്ഷ്യംവെക്കുന്ന ഹൃദയ വിശാലതയും ഹൃദയവിശുദ്ധിയും കർമ്മോത്സുകതയും സുസാധ്യമായി തീരുകയും ചെയ്യുന്നു.

വ-അഖിമിസ്വലാത്ത -ലി ദുലൂഖിശംസി- ഇലാ- ഒസകില്ലൈൽ= ഇരുട്ടിൽ വെളിച്ചമേകുന്നതിന് നിങ്ങൾ ഈ വേദ ഗ്രന്ഥം നിലനിർത്തുക (സ്വലാത്ത് ചെയ്യുക) (കാലാ കാലങ്ങളിലായി സമൂഹത്തിൽ വരാൻ സാധ്യതയുള്ള അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടേയും) കൂരിരുട്ടിലേക്ക് (അവയെ നിർമ്മാർജ്ജനം ചെയ്യാൻവേണ്ടി വിജ്ഞാനമാകുന്ന) സൂര്യനെ ചലിപ്പിക്കുന്നതിന് നിങ്ങൾ ഈ വേദ ഗ്രന്ഥം നിലനിർത്തുക എന്ന് ഖുർആൻ പറയുന്നു. തമസോമാ:

ജ്യോതിർഗമയ എന്ന വേദ ദർശനം തന്നെയാണത്. മാത്രമല്ല ഇന്ന- സ്വലാത- തൻഹാ -അനിൽ ഫഹ്ശാഉ- വൽ മുൻകർ- തീർച്ചയായും വേദ സംസ്ഥാപനം- അഥവാ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യ നിർമ്മിതി -എല്ലാവിധ നീചപ്രവൃത്തികളിൽ നിന്നും മനുഷ്യരെ തടയുന്നു എന്ന് ഖുർആൻ പറയുന്നു. അത്തരമൊരു സമൂഹ നിർമ്മിതിയുടെ മുന്നൊരുക്കങ്ങളെ വിശദീകരിക്കുന്നതാണ് യഥാർത്ഥ ത്തിൽ ഇവിടെ ചർച്ചചെയ്യപ്പെടുന്ന സൂക്തങ്ങളെന്ന് ഏത് സഹൃദയനും എളുപ്പത്തിൽ ബോധ്യപ്പെടുന്നതാണ്.

സാധാരണക്കാരായ വായനക്കാർക്ക് എളുപ്പത്തിൽ കാര്യങ്ങൾ ബോധ്യപ്പെടുന്ന വിധം ലളിതമായ ഭാഷയിലാണ് ഡോ. ജലീൽ ഇതിൽ വസ്തുതകൾ പ്രതിപാദിച്ചിട്ടുള്ളത്. പ്രമേയം കൊണ്ടും പ്രതിപാദന രീതികൊണ്ടും സവിശേഷമായ ഈ പുസ്തകം ഖുർആനെ അടുത്തറി യാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും വളരെ ഉപകാരപ്രദമാകുമെന്ന കാര്യത്തിൽ തർക്കമില്ല.

ഡോ. ജലീൽ ഇതിനകം നിരവധി ഗ്രന്ഥങ്ങൾ കൈരളിക്കു സമർപ്പി ച്ചിട്ടുണ്ട്. മലയാളത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ട **ചേലാകർമ്മം അനി സ്ലാമികം** എന്ന ഗ്രന്ഥവും ഇദ്ദേഹത്തിന്റെതാണ്. കെട്ടിലും മട്ടിലും ഉള്ളടക്കത്തിന്റെ ഗൗരവംകൊണ്ടും ശ്രദ്ധേയമായ ഈ പുസ്തകം സാമൂഹ്യ നവോത്ഥാനത്തിന്റെ അനിവാര്യതയാണ് അനുവാചകരെ ആവർത്തിച്ചു ഓർമ്മപ്പെടുത്തുന്നത്.

**മുതൂർ അബൂബക്കർ മൗലവി**

(ജന. സെക്രട്ടറി, ഖുർആൻ സുന്നത്ത്
സൊസൈറ്റി- സംസ്ഥാന കമ്മിറ്റി)

കെ.എസ്.എസ് ഓഫീസ്
ചേകനൂർ മൗലവി മെമ്മോറിയൽ ബിൽഡിംഗ്
മിനി ബൈപ്പാസ്,
ഗോവിന്ദപുരം, കോഴിക്കോട്

24-03-2013



# ഖുർആൻ സൂക്തങ്ങളുടെ ആത്മാവിലൂടെ..!

## 'വുളു' വിന്റെ സത്യം

'ആർ ഏകദൈവത്തിലും, അന്ത്യദിനത്തിലും വിശ്വസിച്ചു കൊണ്ടു സൽകർമ്മങ്ങൾ ചെയ്യുന്നുവോ - (അല്ലാഹുവിലും, അന്ത്യദിനത്തിലു മുള്ള വിശ്വാസം ഉപയോഗപ്പെടുത്തിക്കൊണ്ട് ലോകത്ത് ശാന്തിയും, സമാ ധാനവും, സൽകർമ്മങ്ങളും പ്രദാനം ചെയ്യുന്നുവോ), അവർ ജൂതരാവ ട്ടെ, ക്രിസ്ത്യാനിയാവട്ടെ, സാബ1 മതക്കാരാവട്ടെ, അവർ മുഹമ്മദ് നബി യിലും, വിശുദ്ധ ഖുർആനിലുംവിശ്വസിച്ചവരാവട്ടെ , ആരായാലും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമു ണ്ട്, അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദു:ഖിക്കേണ്ടി വരി കയുമില്ല'. (2:62,5:68)

എന്നാൽ നബിയുടെയും, നാലു ഖലീഫമാരുടെയും, മദീന ആസ്ഥാനമാക്കിയുള്ള ഇസ്ലാമിക ഭരണം അവസാനിപ്പിച്ചു (എ.ഡി. 622 - 661) അമവികൾ (മുആവിയ) സിറിയയിലെ ഡമാസ്ക്കസ് ആസ്ഥാനമാക്കി അമവി ഭരണം(സുന്നി ഭരണം-അഹ്ലുസ്സുന്നത്ത്) സ്ഥാപിച്ചപ്പോൾ, (AD 662 - 750) പ്രസ്തുത ഖുർആൻ വചനം ദുർബലപ്പെടുത്തുകയും, (നസ്ഖ്? ചെയ്തുകൊണ്ട്- അസാധുവാക്കികൊണ്ട്) മുആവിയക്കു വേണ്ടി അബു ഹുറൈറയും, അദ്ദേഹത്തിന്റെ പിൻഗാമികളായ സുന്നി പുരോഹിതന്മാരും നിയമമാക്കിയത് 'അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നി

കൾ മാത്രമാണ് യഥാർത്ഥ മുസ്ലീംകൾ, അവർക്കു മാത്രമേ സ്വർഗ്ഗമുള്ളു – ബാക്കിയുള്ള മതക്കാരെല്ലാം നരകത്തിലെ വിറകാണ് 'എന്നാണ്. അങ്ങനെ നബി കൊണ്ടുവന്ന ഇസ്ലാം എന്ന ആഗോള ശാന്തി മാർഗ്ഗം ഒരു അറേബ്യൻ വർഗ്ഗീയ പ്രസ്ഥാനമായി തന്ത്രപൂർവ്വം അമവി രാജാക്കന്മാർ തരം താഴ്ത്തി. നബികൊണ്ടുവന്ന ഇസ്ലാം(ഖുർആൻ) എന്ന സാമൂഹ്യ-സാംസ്ക്കാരിക-വിപ്ലവ പ്രസ്ഥാനം, ഒരു അറേബ്യൻ നമസ്ക്കാര സംഘടനയായി, (തബ്ലീഗ് പ്രസ്ഥാനമായി – ഹദീസ് പ്രസ്ഥാനമായി) – ഒരു പ്രാർത്ഥനാ പ്രസ്ഥാനമായി- തരം താണു.

അർത്ഥശൂന്യമായ ആരാധനകളോടെ – ലാത്ത, ഉസ്സ, മനാത്ത തുടങ്ങിയ ഗോത്രദൈവങ്ങളുടെ പേരിൽ ഭിന്നിച്ചു, പരസ്പരം പോരടിക്കാതെ, പ്രപഞ്ചനാഥനായ അല്ലാഹുവിനോട് രഹസ്യമായി (7:55) പ്രാർത്ഥിച്ചുകൊണ്ട്, ഖുർആൻ എന്ന വേദഗ്രന്ഥത്തെ പൂർണ്ണമായും ജീവിതത്തിൽ പകർത്തിക്കൊണ്ട് – സംശുദ്ധമായ വ്യക്തിജീവിതവും, കുടുംബജീവിതവും, സാമൂഹ്യജീവിതവും വളർത്തിയെടുക്കാനാണ് ദൈവദൂതൻ തന്നിൽ വിശ്വസിച്ച മുഹാജിറുകളെയും (മക്കക്കാരേയും), അൻസാരികളേയും (മദീനക്കാരേയും) പഠിപ്പിച്ചത്. അങ്ങനെ ഗോത്രദൈവങ്ങളുടെ പേരിൽ എന്നും പരസ്പരം പോരടിച്ചിരുന്ന – പരസ്പരം യുദ്ധം ചെയ്തിരുന്ന – അറേബ്യൻ ഗോത്രങ്ങളെ ആ ദൈവദൂതൻ ഖുർആൻ കൊണ്ട് ഏകീകരിച്ചു. അതായിരുന്നു നബിയുടെ സ്വലാത്ത് (ദൗത്യം). ജാതിയും, മതവും, വർഗ്ഗവും, വർഗ്ഗവിദ്വേഷവും, ഗോത്രവും, ഗോത്രദൈവങ്ങളുമില്ലാതെ – പ്രപഞ്ചനാഥനെ ഖുർആനിലൂടെ നേരിട്ട് പരിചയപ്പെട്ടുകൊണ്ട് – ഒന്നിച്ചു നിൽക്കുക – അതുവഴി, അറേബ്യയിലെ പട്ടിണിയും, പട്ടിണി മരണങ്ങളും, സാമ്പത്തിക ചൂഷണങ്ങളും, നരഹത്യയും, മനുഷ്യാവകാശ ലംഘനങ്ങളും അവസാനിപ്പിക്കുക. അങ്ങനെ തന്നിൽ വിശ്വസിച്ച മക്കയിലേയും, മദീനയിലേയും അറേബ്യൻ ഗോത്രങ്ങളെ ഖുർആൻ എന്ന പൊൻചരടുകൊണ്ട് ആ ദൈവദൂതൻ ഏകീകരിച്ചു. ഖുർആൻ മുറുകെ പിടിച്ചുകൊണ്ട് ആ ഗോത്രങ്ങൾ ഒരൊറ്റ ശരീരം പോലെ ഉറച്ചു നിന്നപ്പോൾ, അതൊരു രാഷ്ട്രമായി. അങ്ങനെ ഖുർആൻ എന്ന സൂര്യനെ ഉപയോഗിച്ച്– ഖുർആൻ സൂക്തങ്ങളാകുന്ന സൂര്യകിരണങ്ങൾ ഉപയോഗിച്ച് – ആ ദൈവദൂതൻ അറേബ്യയിലെ ഇരുട്ട് – (ജാഹിലിയ കാലഘട്ടം – അന്ധകാരയുഗം) അവസാനിപ്പിച്ചു. ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ സംസ്ഥാപനമായിരുന്നു – ആ വേദഗ്രന്ഥത്തിന്റെ നടപ്പിൽ വരുത്തൽ ആയിരുന്നു നബിയുടെ സ്വലാത്ത്. അറേബ്യയിലെ അന്ധകാരം മാത്രമല്ല – ലോകം മുഴുവനുമുള്ള അന്ധകാരം – ഈ ഖുർആൻ കൊണ്ട് അകറ്റാമെന്ന് ആ ദൈവദൂതൻ തന്റെ ആത്മാർത്ഥതയും, ധീരതയുമുള്ള കൂട്ടുകാരെ പഠിപ്പിച്ചിരുന്നു.



# അട്ടിമറി ആരാധനകളിലൂടെ...!!

യാതൊരു വിധത്തിലുമുള്ള ആരാധനകളോ, ചടങ്ങുപ്രാർത്ഥനകളോ ഇല്ലാത്ത ഇസ്ലാമിൽ – നബിയുടെ സമൂഹത്തിൽ – ആരാധനകളുടെ ഒരു മഹാ പ്രളയം ('വുളു' (അംഗസ്നാനം), ബാങ്ക്, നമസ്ക്കാരം, നോമ്പ്, ഹജ്ജ്, സുന്നത്ത് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ, തറാവീഹ്, എന്നിങ്ങനെ) തന്നെ സൃഷ്ടിച്ചുകൊണ്ടാണ്, അമവി – അബ്ബാസി രാജാക്കന്മാർ നബിയുടെ പ്രത്യയ ശാസ്ത്രത്തെ അലങ്കോലപ്പെടുത്തിയത്.

നബി വിരോധികളായിരുന്ന ആ ഖുറൈഷികളുടെ പിൻഗാമികളായ അമവി- അബ്ബാസി രാജാക്കൻമാർ വളർത്തിയെടുത്ത അറേബ്യൻ വർഗ്ഗീയ സംഘടനയായ 'അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തി'ന്റെ മുഖമുദ്രയായ ഈ 'മുക്കൂട്ടാരാധന'കളിൽ ഏററവും പ്രധാനമായത് അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്ന 'നമസ്കാരം' തന്നെയാണ്. അഞ്ചുനേരം (അല്ലെങ്കിൽ മൂന്നുനേരം) അറബിഭാഷയിൽ പ്രാർത്ഥിക്കണം എന്നു അടിയുറച്ചു വിശ്വസിക്കുന്നവരാണ് ഇന്നു ലോകത്തുള്ള തൊണ്ണൂറ്റിയൊമ്പത് ശതമാനം മുസ്ലീംകളും...!! ഖുർആനോ , മുഹമ്മദ് നബിയോ അങ്ങനെ പഠിപ്പിക്കുന്നില്ലെങ്കിലും സുന്നികൾക്കും, ശിയാക്കൾക്കും അതു പ്രശ്നമല്ല. അവരുടെ പുരോഹിതന്മാർ അങ്ങനെയാണ് അവരെ പഠിപ്പിച്ചത്. തങ്ങളുടെ പൗരോഹിത്യ മേൽക്കോയ്മ അംഗീകരിപ്പിക്കുന്നതിന് വേണ്ടി – നമസ്ക്കാരവും, നോമ്പും, ഹജ്ജും ഉണ്ടാക്കാൻ വേണ്ടി – വിശുദ്ധ ഖുർആൻ എന്ന ദിവ്യഗ്രന്ഥത്തെ ഒരു 'അറേബ്യൻ പാരമ്പര്യ മതം' മാത്രം പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമായി തരം താഴ്ത്താൻ, ഖുർആൻ എന്ന വേദഗ്രന്ഥത്തിലെ ഏതാണ്ടെല്ലാ വചനങ്ങളും പുതിയ രീതിയിൽ അർത്ഥം നൽകി വ്യാഖ്യാനിച്ചു അവർ അട്ടിമറിച്ചിട്ടുണ്ട്. ഇതിൽ അഞ്ചു നേരം 'വുളു' (അംഗസ്നാനം) നടപ്പിലാക്കാൻ അവർ ചെയ്ത കൃത്രിമം കൊണ്ട് തന്നെ നമുക്ക് തുടങ്ങാം. നമസ്ക്കരിക്കുന്നതിന് മുമ്പ് അംഗസ്നാനം (വുളു) നിർബന്ധമാണ് എന്നു വിശ്വസിക്കുന്നവരാണ് നൂറു ശതമാനം സുന്നികളും, ശിയാക്കളും. 'വുളു' ശരിയായില്ലെങ്കിൽ നമസ്ക്കാരം ശരിയാവുകയില്ല (നമസ്ക്കാരം ദൈവം സ്വീകരിക്കുകയില്ല) നമസ്ക്കാരം അല്ലാഹു സ്വീകരിച്ചിട്ടില്ലെങ്കിൽ നരകശിക്ഷ ഉറപ്പ്. അത്തരം ഒരു 'ഒസ്വാസ്' സുന്നിമുസ്ലീംകളിൽ വളർത്താൻ വേണ്ടിയാണ് വുളു വെടുക്കുമ്പോൾ മടമ്പുകാൽ ഉരച്ചു കഴുകിയില്ലെങ്കിൽ ആ കാലും അതിന്റെ ഉടമയും നരകത്തിലാണ് എന്ന കള്ള ഹദീസ് നബിയുടെ പേരിൽ അബൂഹുറൈറ പറഞ്ഞു പരത്തിയത്. അങ്ങനെ പോകുന്നു സുന്നി –

ശിയാ വിശ്വാസങ്ങൾ. അപ്പോൾ അംഗസ്നാനത്തെക്കുറിച്ച് ഖുർആനും, മുഹമ്മദ് നബിയും എന്തു പറയുന്നു; സുന്നികളും, ശിയാക്കളും അതിൽ നിന്ന് എന്തു പഠിച്ചു, അല്ലെങ്കിൽ സുന്നി - ശിയാപുരോഹിതന്മാർ അവരെ എന്തു പഠിപ്പിച്ചു എന്നു നാം പഠിക്കുമ്പോൾ ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികൾ പലതും നമുക്ക് എളുപ്പത്തിൽ മനസ്സിലാകും. അതുകൊണ്ട് ആ ഭാഗം ശ്രദ്ധിക്കുക.

## 'വുളു'വിന്റെ സത്യം അഥവാ അംഗസ്നാനത്തിന്റെ ആന്തരാർത്ഥം

ഖുർആനിലൂടെ അല്ലാഹുവും, മുഹമ്മദ് നബിതിരുമേനിയും പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക.

**അദ്ധ്യായം 5 അൽ മാഇദ 6-ാം വചനം (5:6) ശ്രദ്ധിക്കുക.** യാ - അയ്യുഹല്ലദീന - ആമനൂ - ഇദാ ഖുംതും - ഇലസ്സ്വലാത്തി - ഫഗ്സിലൂ വുജൂഹക്കും - വഅയ്ദിയക്കും - ഇലൽ മറാഫിഖി - വംസഹൂ - ബി -റുഊസിക്കും - വ - അർജുലക്കും - ഇലൽ കഅബൈനി - വ - ഇൻകുൻതും - ജുനുബൻ - ഫതഹ്ഹ്റൂ - വഇൻ കുൻതുൻ മർളാ - ഔ എലാ - സഫരിൻ - ഔ ജാഅ - അഹദുൻ - മിൻക്കും - മിനൽ ഗാഇഥി - ഔ ലാ മസ്തു മുന്നിസാഅ - ഫലം തജിദൂ മാഅൻ(8:11) - ഫ തയമ്മമൂ - സഈദൻ - ത്വയ്യിബൻ - ഫംസഹൂ - ബി വുജൂഹിക്കും - വ അയ്ദിയക്കും - മിൻഹു - മാ യുരീദുല്ലാഹു - ലിയജ്അല - അലൈക്കും - മിൻ - ഹറജിൻ - വലാക്കിൻ യുരീദു - ലിയുഥഹ്ഹിറക്കും - വ - ലിയുതിമ്മ നിഅ്മത്തഹു - അലൈക്കും ല - അല്ലക്കും - തശ്ക്കുറൂൻ.

ശരിയായ അർത്ഥം ശ്രദ്ധിക്കുക.

**(സമൂഹത്തിൽ) സുരക്ഷിതത്വം പ്രദാനംചെയ്യുന്നവരേ..**

**നിങ്ങൾ ഈ വേദഗ്രന്ഥത്തിന്റെ സംസ്ഥാപനത്തിനൊരുങ്ങിയാൽ (അഥവാ നിങ്ങൾ ഈ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ സത്യത്തിലും, നീതിയിലും, നന്മയിലും, അധിഷ്ടിതമായ ഒരു ഉൽകൃഷ്ട സമൂഹം കെട്ടിപ്പടുക്കുക എന്ന യജ്ഞത്തിനുവേണ്ടി നിങ്ങൾ ഒരുങ്ങിപ്പുറപ്പെട്ടാൽ) നിങ്ങൾക്കുചുറ്റുമുള്ള ജനവിഭാഗങ്ങളെ നിങ്ങളുടെ ആത്മമിത്രങ്ങളാക്കി മാറ്റുന്ന ഉപകരണങ്ങളായി മാറേണ്ടതിലേക്ക് നിങ്ങൾ നിങ്ങളുടെ വീക്ഷണങ്ങളും പ്രവർത്തനങ്ങളും സംശുദ്ധമാക്കിവെക്കുക. നിങ്ങളിലെ**



**മുതിർന്നവർക്കും നിങ്ങളെക്കാൾ താഴെയുള്ളവർക്കും (അർഹമായ) പരിഗണന പൂർണ്ണമായും നൽകുകയും ചെയ്യുക.**

**നിങ്ങൾ (ഈ വേദഗ്രന്ഥത്തിൽ നിന്ന്) അകന്നു നിൽക്കുന്നവരാണെങ്കിൽ (അങ്ങനെ അകന്നുനിൽക്കാതെ ഈ വേദം മുഖേന - അതിലുള്ള ആശയങ്ങൾ പഠിച്ചു മനസ്സിലാക്കി) നിങ്ങൾ പരിശുദ്ധരാവുകതന്നെ വേണം. നിങ്ങൾ 'രോഗി'കളാണെങ്കിൽ, അല്ലെങ്കിൽ 'യാത്ര'യിലാണെങ്കിൽ അല്ലെങ്കിൽ വളരെ 'മ്ലേഛമായ ഒരു അവസ്ഥ'യിൽനിന്നു കയറിവന്നവരാണെങ്കിൽ, അല്ലങ്കിൽ ഏതെങ്കിലും രീതിയിയുള്ള ദൗർബല്യം നിങ്ങളെ ബാധിച്ചിട്ടുണ്ടങ്കിൽ, നിങ്ങൾക്കാകട്ടെ ഈ 'വെള്ളം' (പുണ്യതീർത്ഥം) കിട്ടുന്നുമില്ല എങ്കിൽ, ഭൂമിയുടെ ശുദ്ധമായ ഉപരിതലം നിങ്ങൾ തേടികൊള്ളുക. (ഈ ഭൂമിയിൽ എവിടെവേണമെങ്കിലും സഞ്ചരിച്ചു നിങ്ങൾക്ക് ഉചിതമായിതോന്നുന്ന ഒരു പ്രത്യയശാസ്ത്രം കണ്ടെത്തി) അതുകൊണ്ട് നിങ്ങളുടെ ചിന്തകളും ചെയ്തികളും സംശുദ്ധമാക്കിവെക്കുക. (ഏതൊരു പ്രത്യയശാസ്ത്രമായാലും അത് നിങ്ങളുടെ ചിന്തകളെയും കർമ്മങ്ങളെയും സംശുദ്ധമാക്കുന്നതായിരിക്കണം). നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അള്ളാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ (പരസ്പരം ശത്രുക്കളെപ്പോലെ കഴിഞ്ഞിരുന്ന) നിങ്ങളെ ശുദ്ധീകരിക്കണമെന്നും അള്ളാഹുവിന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കി തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം (5:6)**

ഇത് വളരെ ഗൗരവമുള്ള വിഷയമായതിനാൽ അതിന്റെ ഒരോവാക്യങ്ങളുടെയും അർത്ഥം വിശദമായി  ഒന്നുകൂടി ശ്രദ്ധിച്ചുപഠിക്കുക.

**സമൂഹത്തിൽ സുരക്ഷിതത്വം പ്രദാനംചെയ്യുന്നവരേ..** (ഒന്നു കൂടി വിശദമായി പറഞ്ഞാൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുകൊണ്ട് - പ്രപഞ്ചനാഥനിൽ വിശ്വസിച്ചുകൊണ്ട് നാം ചെയ്യുന്ന ചെറുതും വലുതുമായ ഓരോ കർമ്മങ്ങളും - അതു നല്ലതാവട്ടെ, മോശമാവട്ടെ, അതൊക്കെ ഈ പ്രപഞ്ചമാകുന്ന ഗ്രന്ഥത്തിൽ അണുമണിത്തൂക്കം വിടാതെ ദൈവം (അല്ലാഹുവിന്റെ മലക്കുകൾ) രേഖപ്പെടുത്തുന്നുണ്ടെന്നും - അതിനൊക്കെ അർഹമായ പ്രതിഫലം നിങ്ങൾക്കു സ്വർഗ്ഗമായും, നരകമായും ഈ ലോകത്തും, പരലോകത്തും ലഭിക്കും എന്ന വിശ്വാസത്തോടെ ജീവിച്ചുകൊണ്ട്, (6:38) (10:61) (17:13,14,71) (18:49) (36:12) (43:80) (45:29) (50:23) (54:52) (69:19,25)(74:52,38) (84:7,10) ഭൂമിയിൽ ശാന്തിയും, സുരക്ഷിതത്വവും പ്രദാനം ചെയ്യുമെന്ന് ദൈവദൂതൻ മുമ്പാകെ (ഖുർആൻ മുന്നിൽ വെച്ചുകൊണ്ട്) പ്രതിജ്ഞയെടുക്കുകയും ചെയ്തി

ട്ടുള്ള (60:12) (48:10) (48:18) (2:62) (5:68) സത്യവിശ്വാസികളേ...)

**നിങ്ങൾ ഈ വേദഗ്രന്ഥത്തിന്റെ സംസ്ഥാപനത്തിനൊരുങ്ങിയാൽ** ('സലാത്തി'ന്നൊരുങ്ങിയാൽ) - അഥവാ ദൈവീക നിയമങ്ങളുടെ സംസ്ഥാപനത്തിന്നൊരുങ്ങിയാൽ (ഈ ഖുർആനിന്റെ അടിസ്ഥാനത്തിൽ ജീവിക്കാൻ തയ്യാറുള്ള - പരസ്പരം ശത്രുക്കളാവാതെ - മതവും, ജാതിയും, ഗോത്രവും, ദേശവും, ഭാഷയും നോക്കാതെ - സത്യത്തിലും, നീതിയിലും, നന്മയിലും, അധിഷ്ടിതമായ ഒരു ഉൽകൃഷ്ട സമൂഹം കെട്ടിപ്പടുക്കുക എന്ന യജ്ഞത്തിനുവേണ്ടി നിങ്ങൾ ഒരുങ്ങിപ്പുറപ്പെട്ടാൽ) **നിങ്ങൾക്കുചുറ്റുമുള്ള ജനവിഭാഗങ്ങളെ നിങ്ങളുടെ ആത്മമിത്രങ്ങളാക്കി മാറ്റുന്ന ഉപകരണങ്ങളായി നിങ്ങൾ മാറേണ്ടതിലേക്ക്, നിങ്ങൾ നിങ്ങളുടെ വീക്ഷണങ്ങളും പ്രവർത്തനങ്ങളും** (അതിനനുസരിച്ച് ) **സംശുദ്ധമാക്കിവെക്കുക.** നിങ്ങളുടെ വാക്കുകളും, പ്രവൃത്തികളും, (നിങ്ങളുടെ ചിന്തകളും, ചെയ്തികളും) മറ്റുള്ളവരിൽ ഒരു വിധത്തിലുള്ള വെറുപ്പും , വിദ്വേഷവും, അസൂയയും ഉണ്ടാക്കുന്നതാവരുത്. മറ്റുള്ളവർക്ക് മനസാ, വാചാ, കർമ്മണാ യാതൊരു ബുദ്ധിമുട്ടും, വെറുപ്പും, വിദ്വേഷവും നിങ്ങൾ ഉണ്ടാക്കരുത് എന്ന് സാരം. ഏറ്റവും ചുരുങ്ങിയത് ഉപകാരം ചെയ്യാൻ പറ്റിയില്ലെങ്കിലും, ഉപദ്രവം ചെയ്യാതെ നോക്കാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക!

**നിങ്ങളിലെ മുതിർന്നവർക്കും നിങ്ങളെക്കാൾ താഴെയുള്ളവർക്കും (അർഹമായ) പരിഗണന പൂർണ്ണമായും നൽകുകയും ചെയ്യുക.** നിങ്ങൾ നിങ്ങൾക്കു ചുറ്റുമുള്ള മുതിർന്നവർക്കും, നിങ്ങളേക്കാൾ താഴെയുള്ളവർക്കും അർഹമായ അംഗീകാരം - പൂർണ്ണമായും നൽകുകയും ചെയ്യുക. (അഥവാ നിങ്ങളേക്കാൾ പ്രായം കൊണ്ടും, പദവികൊണ്ടും, സ്ഥാനമാനങ്ങൾകൊണ്ടും, ഉന്നതപദവിയിലുള്ളവർക്ക് നിങ്ങൾ അർഹമായ ബഹുമാനവും, ആദരവും, നൽകുക. നിങ്ങളേക്കാൾ താഴ്ന്ന നിലവാരത്തിലുള്ളവരോട്- അവർ കുട്ടികളാവാം, ദരിദ്രരാവാം, അനാഥകളാവാം, വിധവകളാവാം, അടിമകളാവാം, എന്തെങ്കിലും വൈകല്യങ്ങളുള്ളവരാകാം, - അവർക്കുവേണ്ട സ്നേഹവാത്സല്യങ്ങളും, പരിചരണവും, നിങ്ങൾ നൽകുക. ചുരുക്കിപ്പറഞ്ഞാൽ Love your youngers, Respect your elders, എന്ന മഹത്തായ ആംഗലേയ ആപ്തവാക്യം തന്നെയാണത്.).

**നിങ്ങൾ (ഈ വേദഗ്രന്ഥത്തിൽ നിന്ന്) അകന്നു നിൽക്കുന്നവരാണെങ്കിൽ** (ഈ വേദഗ്രന്ഥത്തിൽ പറഞ്ഞ കാര്യങ്ങൾ ചിലതു നിങ്ങൾക്കു മനസ്സിലായില്ല - അല്ലെങ്കിൽ ചില ആശയങ്ങൾ



നിങ്ങൾക്കു മനസ്സിലാകുന്നില്ല, അപ്പോൾ 'ഇതു പഠിക്കാതെ ഞാനെങ്ങനെ പറയും, എനിക്ക് മനസ്സിലാവാതെ ഞാൻ എങ്ങനെ പ്രചരിപ്പിക്കും' എന്നൊക്കെയുള്ള ചിന്തയാൽ ശങ്കിച്ചുകൊണ്ട് നിങ്ങൾ ഈ വേദഗ്രന്ഥത്തിൽ നിന്ന് ഓരം ചേർന്ന് നിൽക്കുന്നവരാണെങ്കിൽ - (അകന്നു നിൽക്കുന്നവരാണെങ്കിൽ) നിങ്ങൾ അങ്ങനെ നിഷ്ക്രിയരായി നിൽക്കരുത്.) കാരണം ഇതു നിങ്ങൾക്കു ജീവൻ നൽകിയ (അന്ധകാരയുഗം, അജ്ഞാനകാലഘട്ടം (ജാഹിലീയ്യ കാലഘട്ടം -Period of ignorance(AD.450-570) എന്നൊക്കെ ചരിത്രത്തിൽ അറിയപ്പെട്ടിരുന്ന ആ കുപ്രസിദ്ധമായ കാലഘട്ടത്തിൽ നിങ്ങൾക്കു ജീവൻ നൽകിയ (3:103).... (9:74) - ഇപ്പോഴും നിങ്ങൾക്കു ജീവൻ നൽകുന്ന (8:24) (6:122) - മഹത്തായ ഒരു പ്രത്യയശാസ്ത്രമാണ്. അതുകൊണ്ട് നിങ്ങൾ ഈ വേദം പഠിക്കുക തന്നെ വേണം., അതിന്നായ് നിങ്ങൾ മുന്നോട്ട് വരണം.) എന്നിട്ട് **നിങ്ങൾ ആ വേദം മുഖേന (അതിലുള്ള ആശയങ്ങൾ പഠിച്ചു മനസ്സിലാക്കിക്കൊണ്ട്) നിങ്ങൾ ശുദ്ധരാവുക തന്നെ വേണം.**

**നിങ്ങൾ രോഗികളാകുകയോ, യാത്രയിലാവുകയോ ചെയ്താൽ,** (രോഗം ശാരീരികമാവാം, മാനസികമാവാം - ഈ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യനിർമ്മിതി (Establishment of divine system or society based on Holy Khur'aan) ഒരു ചില്ലറക്കാര്യമല്ല. അതിന്ന് ധാരാളം, സമ്പത്തും, സമയവും, ഊർജ്ജവും ആവശ്യമാണ്. ഒരു പ്രത്യേക ലക്ഷ്യത്തിന് വേണ്ടി - അല്ലെങ്കിൽ സ്വന്തമായ ജീവിതാഭിലാഷങ്ങൾ സഫലീകരിക്കാനുള്ള ദീർഘമായ യാത്രക്കൊരുങ്ങിയവരും, കാര്യമായ അസുഖം ബാധിച്ചവരും, തൽക്കാലം ഈ സ്വലാത്തിൽ നിന്ന് (ഈ ദൗത്യത്തിൽ നിന്ന്) വിട്ടു നിൽക്കുന്നതിൽ കുറ്റമൊന്നുമില്ല. എന്നാൽ ഖുർആൻ പരാമർശിക്കുന്ന രോഗവും, യാത്രയും, 95 ശതമാനവും, ആശയപരമായ(മാനസികമായ) രോഗവും, ആശയതലത്തിലുള്ള യാത്രയുമാണ്. അതു ഖുർആനിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്. (2:10) (10:57) (5:52)(8:49) (9:125) (22:53) (24:50) (33:12,32,60) (47:20,29) (74:31) ..... (2:184) (5:6) (4:43) (4:102) (26:80). ഈ വേദഗ്രന്ഥം ദൈവത്തിൽ നിന്നുള്ളതല്ല, അത് മുഹമ്മദ് സ്വയം ഭാവനക്കനുസരിച്ച് കെട്ടിയുണ്ടാക്കിയതാണ്, അല്ലെങ്കിൽ ഖുർആൻ മുഹമ്മദ് എന്ന ഒരു കാട്ടറബിക്ക്, ഒരു നീഗ്രോ അടിമ പഠിപ്പിച്ചതാണ് പേർഷ്യക്കാരനായ സൽമാനുൽ ഫാർസിയെപ്പോലുള്ളവർ ഖുർആൻ കെട്ടിയുണ്ടാക്കാൻ നബിയെ സഹായിച്ചിട്ടുണ്ട്, ഇത് ഒരു കവിയുടെ വാക്കാണ്, ഇത് ഒരു ജോത്സ്യന്റെ സൃഷ്ടിയാണ് (2:8,10) (69:42) (10:38) (16:103) (8:31) എന്നൊക്കെയുള്ള കള്ളക്കഥകളിൽ വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം ഖുറൈശികളും ചില ജൂതന്മാരും, ചില ക്രിസ്ത്യാനിക

ളുമൊക്കെ അന്നും ഇന്നും ഉണ്ട്. എന്നും ഉണ്ടായിരിക്കുകയും ചെയ്യും. അത്തരം വിശ്വാസങ്ങളുടെ സ്വാധീന വലയത്തിൽപ്പെട്ട് ഈ ഖുർആനിൽ നിങ്ങൾക്കു വല്ല സംശയവുമുണ്ടെങ്കിൽ നാമിതാ ആവർത്തിക്കുന്നു. ഈ ഖുർആനിൽ നിങ്ങൾ വിശ്വസിക്കണമെന്നില്ല – മതത്തിൽ യാതൊരു നിർബന്ധവുമില്ല. ഇഷ്ടമുള്ളവർക്ക് വിശ്വസിക്കാം. ഇഷ്ടമില്ലാത്തവർക്ക് അവിശ്വസിക്കാം (2:256) (18:29) (10:99) (11:28) (18:29).... (41:46) (6:104) പക്ഷെ നിങ്ങൾ നിങ്ങളുടെ അന്വേഷണം ഇവിടെ നിർത്തരുത്. നിങ്ങൾ ഭൂമിയിൽ എവിടെ വേണമെങ്കിലും അന്വേഷിക്കുക. (കാരണം അല്ലാഹുവിന്റെ ഭൂമി വിശാലമാണ്. അതിലൂടെ സഞ്ചരിച്ച് നിങ്ങൾ, നിങ്ങൾക്ക് സംതൃപ്തി നൽകുന്ന ഉന്നതവും, മഹത്തരവുമായ ഒരു പ്രത്യയശാസ്ത്രം കണ്ടെത്തുക. ആ പ്രത്യയശാസ്ത്രം മുഖേന നിങ്ങൾ നിങ്ങളുടെ വീക്ഷണങ്ങളും, പ്രവർത്തനങ്ങളും (ജനങ്ങളെയും, സമൂഹത്തെയും ഉറ്റ സുഹൃത്തുക്കളാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ) ശുദ്ധമാക്കിവെക്കുക. എതൊരു പ്രത്യയശാസ്ത്രമായാലും തനിക്ക് ചുറ്റുമുള്ള ജനങ്ങളെ സുഹൃത്തുക്കളാക്കി മാറ്റുന്ന ഉപകരണങ്ങളായി നിങ്ങളെ മാറ്റുന്നതായിരിക്കണമത്. മനുഷ്യരെ മറാഫിഖ് (കൂട്ടുകാരെ ഉണ്ടാക്കുന്ന യന്ത്രങ്ങൾ Friend - making machines) ആക്കി മാറ്റുന്ന പ്രത്യയശാസ്ത്രമായിരിക്കണമത്.

**നിങ്ങൾ – രോഗികളാവുകയോ, യാത്രയിലാവുകയോ ചെയ്താൽ, അല്ലെങ്കിൽ വളരെ മ്ലേച്ഛമായ ഒരവസ്ഥയിൽ നിന്നു (വളരെ താഴ്ന്ന ഒരവസ്ഥയിൽ നിന്ന്) കയറി വന്നവരാണെങ്കിൽ** (ഒരു പക്ഷേ നിങ്ങൾ നിരീശ്വര – നിഗ്രഹ – തീവ്രവാദ പ്രസ്ഥാനത്തിൽ അംഗമാവാം – അല്ലെങ്കിൽ ഏതെങ്കിലും വർഗ്ഗീയ സംഘടനയിൽ പ്രവർത്തിച്ചവരാകാം. അല്ലെങ്കിൽ നിങ്ങൾ അറിയപ്പെടുന്ന ഒരു കൊള്ളപ്പലിശക്കാരനോ, അധോലോക പ്രവർത്തകനോ, (ക്വട്ടേഷൻ സംഘത്തിൽപ്പെട്ടവനോ), കൊലപാതകിയോ, ബലാൽസംഗക്കേസിലെ പ്രതിയോ ആവാം) **അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള ദൗർബല്യം നിങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിൽ** (അതു സ്ത്രീവിഷയത്തിലാവാം, ലഹരിപദാർത്ഥങ്ങൾക്കടിമപ്പെട്ടിട്ടാകാം. അല്ലെങ്കിൽ പ്രകൃതി വിരുദ്ധമായ ഏതെങ്കിലും രതി വൈകൃതങ്ങളിൽ നിങ്ങൾ അറിയപ്പെട്ടവരാകാം, അല്ലെങ്കിൽ പ്രസ്ഥാന പ്രവർത്തനത്തിലൂടെയുള്ള സാമ്പത്തിക ചൂഷണമാവാം; അല്ലെങ്കിൽ ഈ മതത്തെ ഒരു കച്ചവടച്ചരക്കാക്കാമെന്ന വ്യാമോഹമാവാം. അല്ലെങ്കിൽ നിങ്ങൾ എതെങ്കിലും 'തലതിരിഞ്ഞ' പ്രത്യയശാസ്ത്രത്തിൽപെട്ട് നട്ടംതിരിയുന്നവരാകാം. സുന്ദരിയും, കുലീനയും സംസ്കാരസമ്പന്നയുമായ ഒരു സ്ത്രി ഏതൊരു ആണിന്റെയും ദൗർബല്യമാണ്. നമ്മെ ദുർബലപ്പെടുത്തുന്ന, നമ്മെ



അടിമയാക്കുന്നതെന്തും 'സ്ത്രി' (അൽ-നിസാഅ്) ആകുന്നു. അത്തരം ഒരവസ്ഥയിൽ നിങ്ങൾ ഈ ഖുർആനിക പ്രസ്ഥാനത്തിന്റെ മുൻനിരയിൽ പ്രബോധനത്തിനായി നിൽക്കരുത്. കാരണം അതു ജനങ്ങൾക്കിടയിൽ സംശയം ഉളവാക്കുകയും പ്രസ്ഥാനത്തിന്റെ വളർച്ചയെ ബാധിക്കുകയും ചെയ്യും. നിങ്ങൾ അത്തരം മ്ലേച്ഛമായ ഒരവസ്ഥയിൽ നിന്നു കയറി വന്നവരാണെങ്കിൽ ഈ ഖുർആനാകുന്ന പുണ്യതീർത്ഥംകൊണ്ട് നിങ്ങൾ ആദ്യം സ്വയം ശുദ്ധരാവണം. (8:11) **എന്നാൽ നിങ്ങൾക്കു ആ പുണ്യതീർത്ഥം കിട്ടുന്നില്ലെങ്കിൽ – ദൈവികമായ ആ ജലം (ഖുർആൻ) നിങ്ങൾക്കു കിട്ടുന്നില്ലെങ്കിൽ** (അതിലെ ആശയങ്ങളും, സിദ്ധാന്തങ്ങളും, നിങ്ങൾക്കു മനസ്സിലാക്കാനും, ഉൾക്കൊള്ളാനും പ്രയാസമുണ്ടെങ്കിൽ, നാം നേരത്തെ സൂചിപ്പിച്ചുവല്ലോ. മതത്തിൽ യാതൊരു നിർബന്ധവും ഇല്ല). **ഈ ഭൂമിയുടെ ശുദ്ധമായ ഉപരിതലം നിങ്ങൾ തേടിക്കൊള്ളുക. (ഈ ഭൂമിയിൽ എവിടെ വേണമെങ്കിലും സഞ്ചരിച്ചു, നിങ്ങൾ നിങ്ങൾക്കു മന:സ്സംതൃപ്തി നൽകുന്ന ഒരു നല്ല പ്രത്യയശാസ്ത്രം കണ്ടെത്തുക. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ചിന്തകളും, പ്രവർത്തനങ്ങളും, സംശുദ്ധമാക്കിവെക്കുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ (പരസ്പരം ശത്രുക്കളെപ്പോലെ കഴിഞ്ഞിരുന്ന) നിങ്ങളെ ശുദ്ധീകരിക്കണമെന്നും തന്റെ അനുഗ്രഹം നിങ്ങൾക്കു പൂർത്തിയാക്കിത്തരണമെന്നും അവനുദ്ദേശിക്കുന്നു. നിങ്ങൾ (അറബികൾ) (ഭൂമിയിലുള്ള സംസ്ക്കാര സമ്പന്നരായ മറ്റു ജനതയെപ്പോലെ സുഖസമ്പൂർണ്ണമായും, സംതൃപ്തിയോടെയും ജീവിച്ചുകൊണ്ട്) നന്ദിയുള്ളവരായേക്കാം.** (അല്ലാഹു നമുക്ക് വരദാനമായി നൽകിയ ഈ ജീവിതം സന്തോഷത്തോടെയും, സംതൃപ്തിയോടെയും ജീവിച്ചുകാണിച്ചുകൊണ്ടാണ് നാം ദൈവത്തോട് നന്ദി കാണിക്കേണ്ടത്).

**അംഗസ്നാനം നടപ്പിലാക്കാൻവേണ്ടി സുന്നി പുരോഹിതൻമാർ ദുർവ്യാഖ്യാനം ചെയ്ത രണ്ടാമത്തെ സൂക്തം ശ്രദ്ധിക്കുക(4:42)**

യാ- അയ്യുഹല്ലദീന – ആമനൂ – ലാ – തഖ്റബൂസ്സലാത്ത – വഅൻതും – സുക്കാറാ – ഹെത്താതഅ്ലമൂ – മാ തഖൂലൂന – വലാജൂനുബൻ – ഇല്ലാ – ആബിരി സബീലിൻ – ഹെത്താ – തഅ്തസീലു – ഔ ഇൻകുൻതും മർളാ – ഔ അലാസഫരിൻ – ഔ ജാഅ – അഹദുൻ – മിൻകും – മിനൽ ഗാഇതി – ഔലാമസ്തുമുന്നിസാഅ – ഫലം തജിദൂ മാ അൻ – ഫതയമ്മമൂ – സഈദൻ ത്വയ്യിബൻ – ഫംസഹൂബി – വജൂഹിക്കും – വഅയ്ദീക്കും – ഇന്നല്ലാഹകാന – അഫൂവൻ – ഗഫൂറാ.(4:43). **(സമൂഹത്തിൽ) സുരക്ഷിതത്വം പ്രദാനംചെയ്യുന്നവരേ.. നിങ്ങൾ പറയുന്നത് എന്താണ്**

**എന്ന് നിങ്ങൾക്ക് തന്നെ നല്ലൊരു ധാരണയില്ലാത്ത അവസ്ഥയിൽ (ഒരു വിഭ്രാന്തിപൂണ്ട അവസ്ഥയിൽ) നിങ്ങൾ ഈ വേദഗ്രന്ഥത്തോടടുക്കരുത്.(അഥവാ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഒരാദർശസമൂഹത്തെ കെട്ടിപ്പടുക്കുക എന്ന യജ്ഞത്തോടു നിങ്ങൾ അടുക്കരുത്). നിങ്ങൾ തന്നെ ഈ വേദഗ്രന്ഥത്തിൽനിന്ന് അകന്നുനിൽക്കുന്ന അവസ്ഥയിലും (വേദത്തിന്റെ അടിസ്ഥാനത്തിലുള്ള സമൂഹനിർമ്മിതിയിൽ നിങ്ങൾത്തന്നെ സജീവമല്ലാത്ത ഒരവസ്ഥയിലും) നിങ്ങളിത് മറ്റുള്ളവരോട് പറയാനും പ്രചരിപ്പിക്കാനും (പ്രബോധനത്തിനായി) നിൽക്കരുത്. എന്നാൽ ദൈവേതര മാർഗ്ഗങ്ങളിൽനിന്നും പാഠമുൾക്കൊള്ളാൻ കഴിവുള്ള ബുദ്ധിജീവികൾക്കൊഴികെ. നിങ്ങൾ 'രോഗി'കളാണങ്കിൽ, അല്ലെങ്കിൽ 'യാത്ര'യിലാണെങ്കിൽ അല്ലെങ്കിൽ വളരെ 'മ്ലേഛമായ ഒരു അവസ്ഥ'യിൽനിന്നു കയറിവന്നവരാണെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും രീതിയിയുള്ള 'ദൗർബല്യം' നിങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്കാകട്ടെ ഈ 'വെള്ളം' (പുണ്യതീർത്ഥം) കിട്ടുന്നുമില്ല എങ്കിൽ, ഭൂമിയുടെ ശുദ്ധമായ ഉപരിതലം നിങ്ങൾ തേടികൊള്ളുക. (ഈ ഭൂമിയിൽ എവിടെവേണമെങ്കിലും സഞ്ചരിച്ചു നിങ്ങൾക്ക് ഉചിതമായിതോന്നുന്ന ഒരു പ്രത്യയശാസ്ത്രം കണ്ടത്തി) അതുകൊണ്ട് നിങ്ങൾ, നിങ്ങളുടെ ചിന്തകളും ചെയ്തികളും സംശുദ്ധമാക്കിവെക്കുക. (ഏതൊരു പ്രത്യയശാസ്ത്രമായാലും അത് നിങ്ങളുടെ ചിന്തകളെയും കർമ്മങ്ങളെയും സംശുദ്ധമാക്കുന്നതായിരിക്കണം). തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും മാപ്പുനൽകുന്നവനുമാകുന്നു. (4:43)**

പ്രസ്തുത സൂക്തങ്ങളുടെ അർത്ഥം വളരെ വിശദമായി ഒന്നുകൂടി ശ്രദ്ധിക്കുക.

(അല്ലാഹുവിലും, അന്ത്യദിനത്തിലുമുള്ള വിശ്വാസം ഉൾക്കൊണ്ടുകൊണ്ട്, സ്വന്തം സമൂഹത്തിൽ ശാന്തിയും, സുരക്ഷിതത്വവും പ്രദാനം ചെയ്യുന്നവരായി ജീവിക്കാമെന്ന് ദൈവദൂതൻ മുമ്പാകെ (ഖുർആൻ മുന്നിൽ വെച്ചുകൊണ്ട്) പ്രതിജ്ഞ ചെയ്തിട്ടുള്ള) സത്യവിശ്വാസികളേ...

**നിങ്ങൾ പറയുന്നത് എന്താണ് എന്ന് നിങ്ങൾക്കു തന്നെ നല്ലൊരു ബോധമില്ലാത്ത അവസ്ഥയിൽ (ഒരു വിഭ്രാന്തിപൂണ്ട അവസ്ഥയിൽ) – ലഹരിബാധിച്ചതുപോലെയുള്ള ഒരവസ്ഥയിൽ – നിങ്ങൾ ഈ വേദഗ്രന്ഥത്തോടടുക്കരുത്.** (അഥവാ ഈ വേദഗ്രന്ഥത്തിന്റെ പ്രചരണത്തിനും സംസ്ഥാപനത്തിന്നുംവേണ്ടി നിങ്ങൾ ഇറങ്ങിപുറപ്പെടരുത്. നിങ്ങൾ പറയുന്നതും, ഉപദേശിക്കുന്നതും, കൽപ്പിക്കുന്നതുമൊക്കെ എന്താണ്, എന്തിനുവേണ്ടിയാണ് എന്നൊക്കെ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ –



ഖുർആനിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാടില്ലാതെ, ഖുർആനിന്റെ അടിസ്ഥാനത്തിൽ ഒരുത്തമ സമൂഹത്തെ(Divine society or divine system) വാർത്തെടുക്കുക എന്ന ദൗത്യത്തിന്നു വേണ്ടി (സ്വലാത്തിനുവേണ്ടി) നിങ്ങൾ ഇറങ്ങിത്തിരിക്കരുത്.)

**നിങ്ങൾ തന്നെ അകന്നു നിൽക്കുന്നവരാണെങ്കിൽ** (അതായത്, നിങ്ങൾ ഈ വേദഗ്രന്ഥത്തിൽ നിന്ന് അകന്നു നിൽക്കുന്നവരാണെങ്കിൽ (നിങ്ങൾ പ്രബോധനം ചെയ്യാൻ പോകുന്ന ഈ വേദവും അതിലെ ആശയങ്ങളും നിങ്ങൾതന്നെ ശരിക്ക് പഠിക്കാത്ത ഒരു അവസ്ഥയിൽ നിങ്ങളിത് മറ്റുള്ളവരോട് പറയാൻ നിൽക്കരുത്). (ഈ വേദഗ്രന്ഥത്തിൽ പറഞ്ഞ ചില കാര്യങ്ങൾ നിങ്ങൾക്കു മനസ്സിലാകുന്നില്ല, അല്ലെങ്കിൽ ഇതിൽ പറഞ്ഞ ചില ആശയങ്ങൾ നിങ്ങൾക്കു മനസ്സിലാകുന്നില്ല, എങ്കിൽ, അപ്പോൾ അതു പഠിക്കാതെ ഞാൻ എങ്ങനെ പറയും. അതു മനസ്സിലാക്കാതെ ഞാനെങ്ങനെ പ്രചരിപ്പിക്കും. എന്നൊക്കെയുള്ള ചിന്തയാൽ ശങ്കിച്ചുകൊണ്ട് നിങ്ങൾ പാർശ്വം ചേർന്ന് നിൽക്കുന്നവരാണെങ്കിൽ – നിങ്ങൾ അങ്ങനെ നിഷ്ക്രിയരായി നിൽക്കുകയുമരുത്. കാരണം ഇതു നിങ്ങൾക്കു ജീവൻ നൽകിയ (അന്ധകാരയുഗത്തിൽനിന്ന് നിങ്ങളെ രക്ഷിച്ചു നിങ്ങൾക്ക് ജീവൻനൽകിയ (എ.ഡി. 450–570)) – നിങ്ങൾക്കു ജീവൻ നൽകിക്കൊണ്ടിരിക്കുന്ന – മഹത്തായ ഒരു പ്രത്യയശാസ്ത്രമാണ് (8:24) (6:122) (3:103).... (9:74). അതുകൊണ്ട് നിങ്ങൾ അങ്ങനെ നിഷ്ക്രിയരായി നിൽക്കാതെ, സജീവമായി മുന്നോട്ട് വന്ന് ഈ വേദം പഠിക്കുക തന്നെ വേണം. അതിലുള്ള ആശയങ്ങൾ പഠിച്ചു മനസ്സിലാക്കിക്കൊണ്ട് – **ഖുർആൻ എന്ന പുണ്യ തീർത്ഥം (8:11) മുഖേന നിങ്ങൾ ശുദ്ധരാവുക തന്നെ വേണം.**

**എന്നാൽ ദൈവേതര മാർഗ്ഗങ്ങളിൽനിന്നും പാഠം ഉൾക്കൊണ്ടവരൊഴികെ.** അപാരമായ ബുദ്ധിശക്തിയും, സാമർത്ഥ്യവും കൊണ്ടും, അന്വേഷണങ്ങൾകൊണ്ടും, അനിതരസാധാരണമായ യുക്തിജ്ഞാനം കൊണ്ടും വേദത്തിന്റെ അന്തസ്സത്ത സ്വയം മനസ്സിലാക്കിയ ചിലരൊഴികെ. (അത്തരം ഒറ്റപ്പെട്ട പ്രതിഭാശാലികൾക്ക് ഖുർആൻ എന്ന വേദത്തിന്റെ സഹായം കൂടാതെ തന്നെ വേദപഠനത്തിന്റെ പൊരുളും, ലക്ഷ്യവും മനസ്സിലായിരിക്കും. അവർ, അവരുടെ ചിന്തകളും, വീക്ഷണങ്ങളും പണ്ടേ ജനനന്മക്ക് ഉപയുക്തമാകുമാറ് സംശുദ്ധമാക്കിവെച്ചവരാണ്. (അങ്ങനെയുള്ളവർ വീണ്ടും ഈ ഖുർആൻ എന്ന വേദഗ്രന്ഥവും കൂടി ശരിക്കും പഠിച്ച് ഈ ദൗത്യത്തിനുവേണ്ട പ്രത്യേക പരിശീലനം നേടേണ്ടതില്ല. കാരണം മുൻവേദങ്ങളിലുള്ളതിന്റെ ആവർത്തനം തന്നെ

യാണ് ഖുർആൻ. (87:19) (26:196) (39:65) (4:26) ഭൂമിയിലുള്ള എല്ലാ സമൂഹത്തിലും, അവരുടെ മാതൃഭാഷയിൽ ഈ ഖുർആനിലുള്ള ആശയങ്ങൾ പ്രബോധനം ചെയ്തുകൊണ്ട് ദൈവദൂതന്മാർ വന്നിട്ടുണ്ട്(14:4) (2:213) (2:251) (10:47) (35:25) (13:7) (16:36) (16:84) അപ്പോൾ അവരിലൂടെ വേദത്തിന്റെ പൊരുൾ മനസ്സിലാക്കിയവരും, സ്വന്തമായ പ്രയത്നത്തിലൂടെ നീതിയും, ന്യായവും, സമൂഹനന്മയും മനസ്സിലാക്കാൻ കഴിവുള്ള വ്യക്തിത്വങ്ങളും ഈ ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള ഒരുത്തമ സമൂഹത്തിന്റെ നിർമ്മിതിക്കുവേണ്ടി ഒരു പ്രത്യേക പരിശീലനത്തിനുവേണ്ടി തയ്യാറാവേണ്ടതില്ല. അവർക്ക് ആ കഴിവ് അവരിൽ തന്നെയുണ്ട് എന്ന് സാരം. അവരാണ് 'ആബിരീസബിൽ' എന്നു ഖുർആൻ പറഞ്ഞത്.

ഖുർആനിന്റെയോ, അല്ലെങ്കിൽ മറ്റു വേദങ്ങളുടെയോ വഴിയിലൂടെ സഞ്ചരിക്കാതെ - ഖുർആൻ പണ്ഡിതന്മാരുടെയോ, അല്ലെങ്കിൽ മറ്റു വേദപണ്ഡിതന്മാരുടെയോ (ഇബ്ൻ - അൽസബീൽ) സഹായം കൂടാതെ സ്വന്തമായ ബുദ്ധികൊണ്ടും, ചിന്തകൊണ്ടും, നിരീക്ഷണപാടവംകൊണ്ടും, അന്വേഷണ തൃഷ്ണകൊണ്ടും സത്യവും, ന്യായവും അതുവഴി ധർമ്മവും, (ലോകനന്മയും) കണ്ടെത്താൻ കഴിയുന്ന ഒറ്റപ്പെട്ട വ്യക്തിത്വങ്ങൾ (വേദപാഠം - ഇബ്റത്ത് ഉൾക്കൊണ്ട വ്യക്തികൾ) എല്ലാ സമൂഹത്തിലും, സംഘടനയിലും കാണാം. അവരാണ് 'ആബീരീസബീൽ' (അങ്ങനെയുള്ളവരും ഈ ദൗത്യത്തിൽ പങ്കാളികളാകുന്നതിൽ തെറ്റില്ല. എന്നു മാത്രമല്ല അവരെ സമീപിച്ച് നിങ്ങൾ ഈ ദൗത്യത്തിന്റെ(സ്വലാത്തിന്റെ) ഭാഗമാവാൻ പറയണം. അവരുടെ ഉപദേശ നിർദ്ദേശങ്ങൾ നിങ്ങൾ ആരായുകയും വേണം).

**നിങ്ങൾ 'രോഗി'കളാകുകയോ, 'യാത്ര'യിലാവുകയോ, ചെയ്താൽ**(രോഗം ശാരീരികമാവാം, മാനസികമാവാം, അതുപോലെ യാത്രയും ശാരീരികമാവാം. അല്ലെങ്കിൽ ആശയതലത്തിലുള്ളതാവാം (ഒരു നല്ല പ്രത്യയശാസ്ത്രം തേടിയുള്ള ബൗദ്ധികമായ അന്വേഷണം). ഈ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യനിർമ്മിതി (Establishment of divine system or society based on Holy Khur'aan) ഒരു ചില്ലറ ക്കാര്യമല്ല. അതിന്ന് ധാരാളം, സമ്പത്തും, സമയവും, ഊർജ്ജവും ആവശ്യമാണ്. ഒരു പ്രത്യേക ലക്ഷ്യത്തിന് വേണ്ടി - അല്ലെങ്കിൽ സ്വന്തമായ ജീവിതാഭിലാഷങ്ങൾ സഫലീകരിക്കാനുള്ള ദീർഘമായ യാത്രക്കൊരുങ്ങിയവരും, കാര്യമായ അസുഖം ബാധിച്ചവരും, തൽക്കാലം ഈ സ്വലാത്തിൽ നിന്ന് (ഈ ദൗത്യത്തിൽ നിന്ന്) വിട്ടു നിൽക്കുന്നതിൽ കുറ്റമൊന്നുമില്ല. എന്നാൽ ഖുർആൻ പരാമർശിക്കുന്ന രോഗവും, യാത്രയും, 95 ശതമാനവും, ആശയപരമായ(മാനസികമായ) രോഗവും, ആശയതലത്തിലുള്ള യാത്രയുമാണ്. അതു ഖുർആനിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്. ഈ വേദഗ്രന്ഥം ദൈവത്തിൽ നിന്നുള്ളതല്ല. അതു അറേബ്യയിലെ അതിസമർത്ഥനും, അതിബുദ്ധിശാലിയുമായ ഒരു കച്ചവടക്കാരനായ മുഹമ്മദ് എന്ന ഒരു 'കാട്ടറബിക്ക്' റോമക്കാരനായ ഒരു നീഗ്രോ അടിമ പഠിപ്പിച്ചതാണ് (2:8,10) (69:42) (10:38) (16:103) (8:31) പേർഷ്യക്കാരനായ സൽമാനുൽ ഫാരിസിയെപ്പോലുള്ളവർ ഖുർആൻ കെട്ടിയുണ്ടാക്കുന്നതിൽ നബിയെ സഹായിക്കുന്നുണ്ട്; എന്നൊക്കെയുള്ള കള്ളക്കഥകളിൽ വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം ഖുറൈശികളും, ചില ജൂതന്മാരും, ചില കൃസ്ത്യാനികളുമൊക്കെ അന്നും, ഇന്നും ഉണ്ട്. അത്തരം വിമർശകർ എന്നും ഉണ്ടായിരിക്കുകയും ചെയ്യും. അത്തരം വിശ്വാസങ്ങളുടെ സ്വാധീന വലയത്തിൽ പെട്ട്, ഈ ഖുർആനിൽ നിങ്ങൾക്കു വല്ല സംശയവുമുണ്ടെങ്കിൽ, നാമിതാ അവർത്തിക്കുന്നു; ഈ ഖുർആനിൽ നിങ്ങൾ വിശ്വസിക്കണമെന്ന യാതൊരു നിർബന്ധവും നമുക്കില്ല. മതത്തിൽ യാതൊരു നിർബന്ധവുമില്ല. ഇഷ്ടമുള്ളവർക്ക് വിശ്വസിക്കാം. ഇഷ്ടമില്ലാത്തവർക്ക് അവിശ്വസിക്കാം. (2:256) (18:29) (10:99) (11:28) (18:29).... (41:46) (6:104) പക്ഷെ നിങ്ങൾ നിങ്ങളുടെ അന്വേഷണവും പഠനവും ഇവിടെ നിർത്തരുത്. നിങ്ങൾ ഭൂമിയിൽ എവിടെ വേണമെങ്കിലും അന്വേഷിക്കുക. കാരണം അല്ലാഹുവിന്റെ ഭൂമി വിശാലമാണ്. അതിലൂടെ സഞ്ചരിച്ചു നിങ്ങൾ, നിങ്ങൾക്കു സംതൃപ്തിയും, സന്തോഷവും നൽകുന്ന, ഉന്നതവും, ഉദാത്തവുമായ ഒരു പ്രത്യയശാസ്ത്രം കണ്ടെത്തുക. അങ്ങനെ, അറേബ്യയിലെ അന്ധകാരയുഗത്തിൽ ഉണ്ടായിരുന്നതുപോലെ (ജാഹിലിയ്യ കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെയുള്ള) - പരസ്പര വെറുപ്പും, വിദ്വേഷവും, അസൂയയും, ഉളവാക്കിക്കൊണ്ട് - പരസ്പരം ശത്രുക്കളായി നിന്നിരുന്ന അറേബ്യയിലെ മുന്നൂറോളം കുടുംബങ്ങളും, ഗോത്രങ്ങളും പോലെ - പരസ്പരം ശത്രുക്കളായി നിൽക്കുന്നതിനു പകരം, മനുഷ്യരെ പരസ്പരം കൂട്ടിയിണക്കി ആത്മമിത്രങ്ങളും, സുഹൃത്തുക്കളുമാക്കുന്ന - മാനവരെല്ലാം ഒന്നാണെന്ന് ഉൽഘോഷിക്കുന്ന - ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രം നിങ്ങൾ കണ്ടെത്തുക. അങ്ങനെ ആ പ്രത്യയശാസ്ത്രം മുഖേന നിങ്ങൾ നിങ്ങളുടെ ചിന്തകളും, പ്രവൃത്തികളും, സംശുദ്ധമാക്കിവെക്കുക. (ഏതൊരവസ്ഥയിലും നിങ്ങളുടെ വീക്ഷണങ്ങളും, ചെയ്തികളും, - നിങ്ങളുടെ വാക്കുകളും, പ്രവർത്തനങ്ങളും - സമൂഹത്തിൽ - സംഘടനയിൽ - ദൈവീക വ്യവസ്ഥയിൽ- അരക്ഷിതാവസ്ഥയും, അന്ത:ഛിദ്രവും ഉണ്ടാക്കുന്നതാവരുത്. പ്രത്യുത, അതു മനുഷ്യരെ ഏകോദര സഹോദരങ്ങളെപ്പോലെ കൂട്ടിയിണക്കുന്നതായിരിക്കണം.

സുഹൃത്തുക്കളെയുണ്ടാക്കുന്ന - ശത്രുവിനെപ്പോലും മിത്രമാക്കുന്ന ഒരു യന്ത്രമായി മാറണം ഒരോ മനുഷ്യനും. (മിർഫക്ക്-മറാഫിക്ക് (ബഹുവചനം) (41:34) (23:96)).

**നിങ്ങൾ, വളരെ മ്ലേച്ഛമായ ഒരവസ്ഥയിൽ നിന്നു (വളരെ താഴ്ന്ന ഒരവസ്ഥയിൽ നിന്ന്) കയറി വന്നവരാണെങ്കിൽ** (ഒരു പക്ഷേ നിങ്ങൾ നിരീശ്വര - നിഗ്രഹ - തീവ്രവാദ പ്രസ്ഥാനത്തിൽ അംഗമാവാം - അല്ലെങ്കിൽ ഏതെങ്കിലും വർഗ്ഗീയ സംഘടനയിൽ പ്രവർത്തിച്ചവരാകാം അല്ലെങ്കിൽ നിങ്ങൾ അറിയപ്പെടുന്ന ഒരു കൊള്ളപ്പലിശക്കാരനോ, അധോലോക പ്രവർത്തകനോ, (ക്വട്ടേഷൻ സംഘത്തിൽപ്പെട്ടവനോ), കൊലപാതകിയോ, ബലാൽസംഗക്കേസിലെ പ്രതിയോ ആവാം) **അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള ദൗർബല്യം നിങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിൽ** (അതു സ്ത്രീവിഷയത്തിലാവാം, ലഹരിപദാർത്ഥങ്ങൾക്കടിമപ്പെട്ടിട്ടാകാം. അല്ലെങ്കിൽ പ്രകൃതി വിരുദ്ധമായ ഏതെങ്കിലും രതി വൈകൃതങ്ങളിൽ നിങ്ങൾ അറിയപ്പെട്ടവരോ, ശിക്ഷിക്കപ്പെട്ടവരോ ആവാം, അല്ലെങ്കിൽ പ്രസ്ഥാന പ്രവർത്തനത്തിലൂടെയുള്ള സാമ്പത്തിക ചൂഷണമാവാം; അല്ലെങ്കിൽ ഈ മതത്തെ ഒരു കച്ചവടച്ചരക്കാക്കാമെന്ന വ്യാമോഹമാവാം. അത്തരം ഒരു മ്ലേച്ഛമായ അവസ്ഥയിൽ ഈ ഖുർആനിക പ്രസ്ഥാനത്തിന്റെ മുൻനിരയിൽ പ്രബോധനത്തിനായി നിങ്ങൾ നിൽക്കരുത്. കാരണം അതു ജനങ്ങൾക്കിടയിൽ സംശയം ഉളവാക്കുകയും പ്രസ്ഥാനത്തിന്റെ വളർച്ചയെ ബാധിക്കുകയും ചെയ്യും. നിങ്ങൾ അത്തരം മ്ലേച്ഛമായ ഒരവസ്ഥയിൽ നിന്നു കയറി വന്നവരാണെങ്കിൽ ഈ ഖുർആനാകുന്ന പുണ്യതീർത്ഥം കൊണ്ട് നിങ്ങൾ ആദ്യം സ്വയം ശുദ്ധരാവണം. (8:11) **എന്നാൽ നിങ്ങൾക്കു ആ പുണ്യതീർത്ഥം കിട്ടുന്നില്ലെങ്കിൽ - ദൈവികമായ ജലം (ഖുർആൻ) നിങ്ങൾക്കു കിട്ടുന്നില്ലെങ്കിൽ** (അതിലെ ആശയങ്ങളും, സിദ്ധാന്തങ്ങളും, നിങ്ങൾക്കു മനസ്സിലാക്കാനും, ഉൾക്കൊള്ളാനും പ്രയാസമുണ്ടെങ്കിൽ, നാം നേരത്തെ സൂചിപ്പിച്ചുവല്ലോ. മതത്തിൽ യാതൊരു നിർബന്ധവും ഇല്ല). **ഈ ഭൂമിയുടെ ശുദ്ധമായ ഉപരിതലം നിങ്ങൾ തേടിക്കൊള്ളുക. (ഈ ഭൂമിയിൽ എവിടെ വേണമെങ്കിലും സഞ്ചരിച്ചു, നിങ്ങൾ നിങ്ങൾക്കു മന:സ്സംതൃപ്തി നൽകുന്ന ഏതൊരു നല്ല പ്രത്യയശാസ്ത്രവും കണ്ടത്തികൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ചിന്തകളും, പ്രവർത്തനങ്ങളും, സംശുദ്ധമാക്കിവെക്കുക.** (മാനവരാശിയെ റഫീക്കുകളാകുന്ന - മാനവരാശിയെ ഏകോദര സഹോദരന്മാരാക്കി മാറ്റുന്ന -നിങ്ങളെ 'മിർഫഖ്'(Friend making machine) ആക്കുന്ന - ഒരു പ്രത്യയശാസ്ത്രമായിരിക്കണം അത്). പരസ്പരം ശത്രുക്കളാവാതെ - ഏകോദര സഹോദരൻമാരെപ്പോലെ ഒരമ്മപെറ്റ മക്കളെപ്പോലെ - (2:62), (5:68), (2:213), (21:92), (39:6), (7:159) (23:52), (49:13), (7:157), (23:96), (16:90).... (11:116).... (5:2) സന്തോഷത്തോടെയും, സംതൃപ്തിയോടെയും, അല്ലാഹു നൽകിയ വരദാനമായ ഈ ജീവിതം, നിങ്ങൾ ആസ്വദിക്കുന്നത് കാണുക എന്നതാണ് അല്ലാഹുവിന്റെ ലക്ഷ്യം. ഈ വേദഗ്രന്ഥത്തിലൂടെ നാം പരാമർശിക്കാത്ത ആരാധനകളെക്കുറിച്ചോ, ചടങ്ങുപ്രാർത്ഥനകളെക്കുറിച്ചോ, പുരോഹിതന്മാരുണ്ടാക്കിയ നൂലാമാലകളെക്കുറിച്ചോ, ചിന്തിക്കാതെ, അല്ലാഹുവിനെക്കുറിച്ചു പുരോഹിതന്മാരുണ്ടാക്കിയ അനാവശ്യമായ ഭീതിയും, ആശങ്കയും, അകറ്റിനിർത്തിക്കൊണ്ട്, ഈ ഭൂമിയിലും ആകാശത്തുമായി അല്ലാഹു നിങ്ങൾക്കുവേണ്ടി ഒരുക്കിയ എല്ലാ അനുഗ്രഹങ്ങളും ആസ്വദിച്ചുകൊണ്ട്, അല്ലാഹുവിന്റെ കൽപ്പനപ്രകാരം ഈ വേദഗ്രന്ഥം അനുസരിച്ചു, സന്തോഷത്തോടെയും, സംതൃപ്തിയോടെയും ജീവിക്കുന്ന ഭൂമിയിലെ ഒരുത്തമ സമൂഹമായി - ഒരു മാതൃകാ സമൂഹമായി നിങ്ങൾ മാറുക. (23:51) (23:52) (16:114) (16:116) (22:65) (20:116,124) (26:132,133) (2:185) (6:141) (6:145) (7:131) (6:95,97,99) (2:22) (17:70). **തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും, മാപ്പുനൽകുന്നവനുമാകുന്നു...!!**(4:43)

## അംഗസ്നാനം (വുളു) നടപ്പിലാക്കാൻ ഖുർആൻ സൂക്തങ്ങളുടെ അർത്ഥവും ആശയവും അട്ടിമറിക്കുന്നു.

ഓരോ മനുഷ്യനേയും തനിക്കു ചുറ്റുമുള്ള സമൂഹത്തിന്റെ ഒരു നല്ല സുഹൃത്തായി സ്വയം മാറ്റുകയും, സമൂഹത്തിലെ ഓരോ മനുഷ്യനേയും തന്റെ ഉറ്റസുഹൃത്താക്കി മാറ്റി തന്നോടടുപ്പിക്കുകയും ചെയ്യുന്ന - അങ്ങനെ ഓരോ മനുഷ്യനേയും, ഉറ്റ സുഹൃത്തുക്കളെ ഉണ്ടാക്കുന്ന - ഒരുപകരണമാക്കി മാറ്റുക എന്നതാണ് ഖുർആനിന്റേയും, മുഹമ്മദ് നബിയുടേയും ലക്ഷ്യമെന്ന് നാം കണ്ടുവല്ലോ. പരസ്പരം സ്നേഹിക്കുകയും, സഹായിക്കുകയും, സഹകരിക്കുകയും ചെയ്യുന്ന ഒരു ദൈവീക സമൂഹത്തെ (Divine Society) വാർത്തെടുത്ത്, ആ സമൂഹത്തിലൂടെ ലോകജനതയെ മുഴുവൻ ഏകോദരസഹോദരന്മാരാക്കി മാറ്റുക എന്നതാണ് - ലോകം മുഴുവൻ ഒരൊറ്റ സമൂഹമാക്കി മാറ്റുക - എന്നതാണ് മുഹമ്മദ്നബിയുടെ - ഖുർആനിന്റെ - അവതരണ ലക്ഷ്യമെന്ന് നാം മനസ്സിലാക്കിയല്ലോ. (2:62), (5:68), (2:213), (21:92), (39:6), (7:159) (23:52), (49:13), (7:157), (23:96), (16:90).... (11:116).... (5:2) നമ്മുടെ ചിന്തകളും പ്രവർത്തനങ്ങളും മറ്റുള്ളവരോടുള്ള സമീപനവും സംശുദ്ധമാവുമ്പോൾ നാം ഒരു നല്ല

വ്യക്തിയായി മാറുന്നു. നല്ല വ്യക്തിത്വങ്ങൾ ഒന്നിച്ചുകൂടുമ്പോൾ ഒരു നല്ല സമൂഹമായി മാറുന്നു. കുറെ നല്ല സമൂഹങ്ങൾ കൂടിചേരുമ്പോൾ അത് ഒരു നല്ല രാഷ്ട്രമായി മാറുന്നു. കുറേ നല്ല രാഷ്ട്രങ്ങൾ ഒന്നിച്ച് ചേരുമ്പോൾ ഒത് ഒരു നല്ല അന്താരാഷ്ട്രസമൂഹമായി മാറുന്നു. അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ്, ഇന്ത്യ, ചൈന, റഷ്യ തുടങ്ങിയ വൻ രാഷ്ട്രങ്ങൾ ഉൾപ്പെട്ട – ലോക രാഷ്ട്രങ്ങളുടെ സംഘടനയായ, ഐക്യരാഷ്ട്ര സഭയുടെ (United Nations Organisations -UNO) പ്രഖ്യാപിത നയവും, ലക്ഷ്യവും ഇതുതന്നെയാണ്. ലോകം മുഴുവൻ ഒരൊറ്റ ജനതയായി നിന്നുകൊണ്ട്, ഭുമുഖത്തുള്ള എല്ലാ അവശ ജനവിഭാഗങ്ങളുടെയും, സാമ്പത്തികവും, സാമൂഹ്യവും, സാംസ്ക്കാരികവുമായ ദാരിദ്ര്യം അവസാനിപ്പിക്കുക. എത്ര മഹത്തരവും, ഉന്നതവുമായ ഒരാശയം! ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് അറേബ്യയിൽ വെച്ച് മുഹമ്മദ് എന്ന ദൈവദൂതൻ ഖുർആനിലൂടെ അത് വിളംബരം ചെയ്തിട്ടും, മുസ്ലീംകളായ നാം അത റിഞ്ഞതേയില്ല എന്നു വരുമ്പോൾ, ഖുർആൻ മറച്ചു വെച്ചു വെറും 'നിക്കാരവും, നോമ്പും, ഹജ്ജും അറേബ്യൻ ജാഹിലിയ്യത്തും' മാത്രം പഠിപ്പിച്ച ആ സുന്നി -ശിയാ പുരോഹിതന്മാരെ, എത്ര വിമർശിച്ചാലും അധികമാവുമോ...? ഇല്ല. ഒരിക്കലുമില്ല. യേശുദേവനും, ശ്രീരാമനും, ശ്രീബുദ്ധനും, അബ്രഹാമും (ഇബ്രാഹിം നബിയുമൊക്കെ) പ്രബോധനം ചെയ്തതു മാത്രമാണ് ഖുർആനിലുള്ളത് എന്നു ഖുർആൻ ആവർത്തിച്ച് പറയുമ്പോൾ വിശേഷിച്ചും....!! (87:19) (26:196) (39:65) (4:26)

എന്നാൽ മഹത്തായ ആ ആശയത്തെ കേവലം കൈയും, മുഖവും, കാലും കഴുകാനുള്ള ഒരു ആഹ്വാനമായി തരം താഴ്ത്തുന്ന ഒരത്ഭുത വിദ്യയാണ് നാം തുടർന്ന് കാണാൻ പോകുന്നത്. മാത്രമല്ല മലവിസർജ്ജനം കഴിഞ്ഞ് വന്നാൽ വെള്ളം കിട്ടിയിട്ടില്ലെങ്കിൽ, ശുദ്ധമായ മണ്ണിൽ കൈപ്പത്തിയമർത്തി, ആ കൈപ്പത്തികൊണ്ട് കൈയും, മുഖവും തുടച്ചാൽ മതിയെന്ന (തയമ്മും ചെയ്യുക) എന്ന മഹാ വഷളത്തരവും കൂടി അവർ ഖുർആനിന്റെ വരികൾക്കിടയിൽ, 'നബി പഠിപ്പിച്ചത്' എന്നു പറഞ്ഞ് തുന്നിച്ചേർത്ത ഒരത്ഭുത കാഴ്ചകൂടിയാണ് നിങ്ങൾ തുടർന്ന് കാണാൻ പോകുന്നത്. ഇന്നു നിലവിലുള്ള സുന്നി – മുജാഹിദ് – ജമാഅത്ത് – പരിഭാഷകളിലെ ആ വഷളത്തരവും 'കഴുതമസാലയും' ശ്രദ്ധിക്കുക.!!

**(5:6)**

'സത്യവിശ്വാസികളേ, നിങ്ങൾ നമസ്ക്കാരത്തിനൊരുങ്ങിയാൽ (അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്ന ചടങ്ങുപ്രാർത്ഥനക്കു വേണ്ടി നിങ്ങൾ ഒരുങ്ങിയാൽ) നിങ്ങളുടെ മുഖങ്ങളും മുട്ടുവരെ



രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും, നെരിയാണിവരെ രണ്ടുകാലുകൾ(കഴുകുകയും) ചെയ്യുക, നിങ്ങൾ ജനാബത്ത് ബാധിച്ചവരായാൽ (സ്ത്രീകളുമായി സഹവസിച്ചു വലിയ അശുദ്ധിയുള്ളവരായാൽ) നിങ്ങൾ (കുളിച്ചു) ശുദ്ധിയാവുക. നിങ്ങൾ രോഗികളാകുകയോ, യാത്രയിലാവുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്കു വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം, (ഭൂമിയുടെ ഉപരിതലം) തേടിക്കൊള്ളുക, (അഥവാ തയമ്മും ചെയ്യുക) (വുളു ചെയ്യാനോ, കുളിക്കാനോ സൗകര്യപ്പെടാത്ത പക്ഷം, പകരം ചെയ്യേണ്ട 'മഹത്തായ ശുദ്ധികർമ്മമാണ്' തയമ്മും. ശുദ്ധിയുള്ള നിലത്ത് ഇരു കൈപ്പത്തികൾ അടിച്ചു അതുകൊണ്ട്, മുഖവും, കൈകളും തടവുക. അതാണ് തയമ്മും). നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്കു പൂർത്തിയാക്കിത്തരണമെന്നും അവനുദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം.'

നോക്കുക. വിശുദ്ധഖുർആനിലെ മഹത്തായ ഒരു സന്ദേശം എത്ര വികലമായാണ് സുന്നികളേയും, ശിയാക്കളേയും, അബൂഹുറൈറ പഠിപ്പിച്ചത് എന്ന് നോക്കൂ. ആ സുന്നി പരിഭാഷയിലെ ചെറുതും, വലുതുമായ നാൽപതോളം വരുന്ന അപകടങ്ങളും, അബദ്ധങ്ങളും,(ആവർത്തനങ്ങൾ കൂടി പരിഗണിച്ചാൽ നാൽപ്പതോളം അബദ്ധങ്ങൾ) ഖുർആൻ വിരുദ്ധ സ്വഭാവങ്ങളും, എണ്ണിയെണ്ണിപ്പറഞ്ഞാലേ നിങ്ങൾക്കത് മനസ്സിലാകുകയുള്ളു. അതിനാൽ ആ ഭാഗം പ്രത്യേകം ശ്രദ്ധിക്കുക..!!

**യാ അയ്യുഹല്ലദീന ആമനൂ**.. എന്നതിന് സത്യവിശ്വാസികളേ എന്നാണ് എല്ലാ സുന്നി – ശിയാ തഫ്സീറുകാരും പരിഭാഷപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ആമനൂ എന്ന് പറഞ്ഞാൽ സമൂഹത്തിൽ അംന് (സുരക്ഷിതത്വം) നൽകുന്നവരേ എന്നാണ് അർത്ഥം പറയേണ്ടത്. **പ്രവൃത്തി കൂടാതെയുള്ള വിശ്വാസം കൊണ്ടും , വിശ്വാസമില്ലാതെ പ്രവൃത്തി കൊണ്ടും കാര്യമില്ലെന്നാണ് ഖുർആനും, മുഹമ്മദ് നബിയും പഠിപ്പിക്കുന്നത്**. സമൂഹത്തിന്, സമൂഹപുരോഗതിക്ക് യാതൊരു വിധത്തിലുള്ള സംഭാവനയും നൽകാൻ കഴിയാത്തവർക്ക് കേവലം വിശ്വാസം കൊണ്ടു തൃപ്തിപ്പെടാം. പക്ഷെ എന്തെങ്കിലും കഴിവുള്ളവർ(സ്വന്തം ശരീരം കൊണ്ടും,സമ്പത്തുകൊണ്ടും, സ്വാധീനം കൊണ്ടും, സമൂഹത്തിൽ എന്തെങ്കിലും നന്മ സംഭാവന നൽകാൻ കഴിയുന്നവർ) അതു ചെയ്യുക തന്നെ വേണം. മറ്റുള്ളവരെ മനസാ – വാചാ – കർമ്മണാ ഉപദ്രവിക്കാതെ ഇരു

ന്നാൽ തന്നെ(ജാഹിലിയ കാലഘട്ടത്തിലെ ചില അറബ് ഗോത്ര ങ്ങളെപ്പോലെ) അവർ മിനിമം മുസ്ലീം ആയി മാറും. മുസ്ലീം എന്നു പറ ഞ്ഞാൽ സമൂഹത്തിന് സമാധാനം പ്രദാനം ചെയ്യുന്നവൻ( ശാന്തി നൽകു ന്നവൻ) എന്നാണർത്ഥം. എന്നാൽ തന്നിൽ വിശ്വസിച്ച തന്റെ അനു യായികളോട് നബി പറഞ്ഞത് നിങ്ങൾ മുസ്ലീംകൾ ആയാൽ പോരാ മുഅ്മിനുകൾ കൂടിയാവണം(സമൂഹത്തിന് സുരക്ഷ നൽകുന്ന ഒരു കാവൽ ഭടൻ) കൂടിയാവണം എന്നാണ്. അപ്പോൾ വിശ്വാസികളേ എന്നർത്ഥം നൽകുന്നതിന് പകരം സമൂഹത്തിന് സുരക്ഷ നൽകുന്നവരേ എന്നതാണ് ഏറ്റവും അനുയോജ്യമായ അർത്ഥം. ഇതൊരു ഗുരുതരമായ തെറ്റല്ലെങ്കിലും ഖുർആനിന്റെയും മുഹമ്മദ് നബിയുടെയും അവതരണ ലക്ഷ്യം മറച്ച് പിടിച്ചുകൊണ്ട് - കർമ്മത്തിനു പ്രാധാന്യം നൽകുന്ന ഒരു മതത്തെ (ഇസ്ലാമിനെ - ഖുർആനിനെ) വിശ്വാസത്തിന്നും, അനാചാരങ്ങ ളിലും, അന്ധവിശ്വാസങ്ങളിലും മാത്രം വിശ്വസിക്കുന്ന വിശ്വാസികൾക്കു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് (അഹ്ലുസ്സുന്നത്ത് ആക്കി മാറ്റി) അട്ടിമറിച്ചു എന്നു വ്യക്തമാവുമ്പോൾ ഗുരുതരം തന്നെയാണ്.

**രണ്ടാമത്തെ അബദ്ധം**:- സലാത്തിനൊരുങ്ങിയാൽ- നമസ്ക്കാരത്തിനൊ രുങ്ങിയാൽ എന്നർത്ഥം നൽകിയതു ഏറ്റവും വലിയ അട്ടിമറി തന്നെയാ ണ്. കാരണം സലാത്തിന് 'അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുക' എന്ന് അർഥം കൊടുത്തതും ഗുരുതരമായ പാപം (ശിർക്കു) തന്നെയാണ്. 'കല്ല്, കരട്, കാഞ്ഞിരക്കുറ്റിമുതൽ, മുള്ളു, മുരട്, മൂർഖൻ പാമ്പ് വരെ'യുള്ളതിനെ ആരാധിക്കുന്നതും, ബിംബങ്ങളെയും, വ്യക്തികളേയും, ദൈവമാക്കുന്നതും ഖുർആനിക ദൃഷ്ട്യാ പാപമാണെങ്കിലും(ശിർക്കാണെ ങ്കിലും), ഖുർആൻ പറഞ്ഞ - നബി പഠിപ്പിച്ച - ഏറ്റവും വലിയ ശിർക്ക് മത നിയമങ്ങളിൽ (വിശുദ്ധ ഖുർആനിന്റെ നിയമങ്ങളിൽ) മാറ്റം വരു ത്തുക എന്നതാണ്.

മുസ്ലിംകളുടെ ഏറ്റവും പ്രധാനപ്പെട്ട-മർമ്മ പ്രധാനമായ-ഒരു ബാധ്യതയാണല്ലോ വെള്ളിയാഴ്ച ദിവസം ഖുർആൻ പാരായണം ചെയ്യലും, പ്രസംഗവും കേൾക്കാനായി പള്ളിയിൽ ഒത്തുകൂടുക എന്നത് - ഖുർആനിന്റെ ഭാഷയിൽ സ്വലാത്ത് എന്നു പറഞ്ഞാൽ '**ഖുർആൻ എന്ന വേദഗ്രന്ഥം നിലനിർത്തുക**' എന്നതാണ്. എന്നു വെച്ചാൽ ഖുർ ആൻ എന്ന വേദ ഗ്രന്ഥം പാരായണം ചെയ്യുകയും പഠിക്കുകയും അത നുസരിച്ചുള്ള ഒരു വ്യക്തി ജീവിതവും, കുടുംബജീവിതവും, സാമൂഹ്യ ജീവിതവും വളർത്തിയെടുക്കുക എന്നുള്ളതാണ്. ഇത് (ഖുർആൻ പഠനം) ഒരു വ്യക്തിക്ക് സ്വയം നടത്താം, (നടപ്പിലാക്കാം). ഒരു കുടുംബത്തിൽ



നടപ്പിലാക്കാം, ഒരു സമൂഹത്തിൽ നടപ്പിലാക്കാം. സ്വലാത്ത് എന്ന പദം വേദം, വേദപഠനം, വേദത്തിന്റെ അടിസ്ഥാനത്തിലുള്ള സനാതന മൂല്യ ങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ വാർത്തെടുക്കൽ, ദൈവിക നിയമങ്ങളെ നിരന്തരം പിന്തുടരൽ, ബാധ്യത(ദൗത്യം), പ്രാർത്ഥന എന്നീ അർത്ഥത്തിൽ ഖുർആൻ പ്രയോഗിച്ചതായി കാണാം.('സ്വലാത്തിന്റെ സത്യം' എന്ന പുസ്തകം വായിക്കുക.) 'വഅഖീമുസ്സലാത്ത വ ആത്തുസ്സക്കാത്ത' - '**നിങ്ങൾ വേദഗ്രന്ഥം നിലനിർത്തുകയും (ആത്മ ശുദ്ധി കൈവരിക്കാനുതകുന്ന രീതിയിലുള്ള ദാനധർമ്മങ്ങളാകുന്ന) സാംസ്ക്കാരിക പ്രവർത്തനങ്ങളോട് സഹകരിക്കുകയും ചെയ്യുക**' എന്ന താണ് അതിന്റെ ശരിയായ അർത്ഥം.

പഴയകാലത്തെ വേദക്കാരിലെ ചില പണ്ഡിതന്മാർ (ചില ജൂത - കൃസ്ത്യൻ - ഹിന്ദുപുരോഹിതന്മാർ) സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി തങ്ങൾക്കു കിട്ടിയ വേദം ജനങ്ങൾക്കു നേരാം വണ്ണം പറഞ്ഞു കൊടു ക്കാതെ, വേദത്തിലെ പല തത്വങ്ങളും പാഠങ്ങളും മറച്ചുവെച്ചു എന്നും, അത്തരം ഒരു വ്യതിയാനം നിങ്ങളിൽ നിന്ന് ഒരിക്കലും ഉണ്ടാവരുതെ ന്നും, ഈ ഖുർആനിലുള്ള സത്യങ്ങൾ പൂഴ്ത്തി വെക്കാതെ സാധാരണ ക്കാർക്ക് പറഞ്ഞു കൊടുക്കണമെന്നും, ഖുർആനും, മുഹമ്മദ് നബിയും ആവർത്തിച്ച് പഠിപ്പിച്ചിട്ടും ഖുർആനിനെ പൂർണ്ണമായും മറച്ചുവെച്ചുകൊണ്ട് - ഖുർആനിന് നൂറു ശതമാനം കടകവിരുദ്ധമായ ആശയങ്ങളുള്ള ഹദീസു ഗ്രന്ഥങ്ങൾ കെട്ടിയുണ്ടാക്കുകയും, ആ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നബിയുമായോ, ഖുർആനുമായോ, യാതൊരു ബന്ധവുമില്ലാത്ത അഹ്ലുസ്സുന്നത്ത്വൽ ജമാഅത്ത് എന്ന ഒരനാചാര മതം സിറിയയിൽവെ ച്ച് (ഡമാസ്ക്കസിൽവെച്ച്) വളരെ ആസൂത്രിതമായി നെയ്തുണ്ടാക്കുക യും, പിന്നീടത് തങ്ങളുടെ രാഷ്ട്രീയവും, സാമ്പത്തികവും, സൈനിക വുമായ സ്വാധീനമുപയോഗിച്ച് ഇസ്ലാമിന്റെ (ഖുർആനിന്റെ) ഈറ്റില്ലമായ മക്കാ - മദീനയിൽ പോലും അതിഗംഭീരമായി നടപ്പിലാക്കാനും നില നിർത്താനും മുആവിയക്കും മറ്റു അമവിരാജാക്കന്മാർക്കും കഴിഞ്ഞു എന്നു വരുമ്പോൾ, മുഹമ്മദ് നബിയേയും, വിശുദ്ധ ഖുർആനേയും ധിക്ക രിച്ച സുന്നികളേക്കാളും - ശിയാക്കളേക്കാളും ശപിക്കപ്പെട്ട മറ്റൊരു സമൂഹം ലോകത്തുവേറെയുണ്ടോ എന്നാണ് നമുക്ക് ചോദിക്കുവാനു ള്ളത്. സലാത്തിന് നമസ്ക്കാരം എന്നർത്ഥം കൊടുക്കാൻ (അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്നർത്ഥം കൊടുക്കാൻ) അറബിഭാഷ പഠിച്ചവർക്കോ, ഖുർആൻ പണ്ഡിതന്മാർക്കോ ഒരു കാലത്തും സാധ്യമ ല്ല. ഖുർആനിനേയും, മുഹമ്മദ് നബിയേയും പൂർണ്ണമായും ധിക്കരിച്ച സുന്നി-ശിയാ പണ്ഡിതന്മാർക്കല്ലാതെ. അതിന്റെ ധാരാളം തെളിവുകൾ

നാം മുമ്പേ പഠിച്ചതാണല്ലോ. (സലാത്ത് എന്നതിനെ വേദം, വേദപഠനം, വേദത്തിന്റെ അടിസ്ഥാനത്തിലുള്ള സനാതനമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ വാർത്തെടുക്കുക, (Establishment of a divine society based on Holy Khur'aan) ബാദ്ധ്യത, രഹസ്യമായതും ആത്മാർത്ഥതയുമുള്ള പ്രാർഥന, ദൈവീക നിയമങ്ങളെ കണിശമായും പിൻതുടരൽ, എന്നൊക്കെയുള്ള അർത്ഥത്തിലാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്.

മാത്രമല്ല, സുന്നികളുടേയും, ശിയാക്കളുടേയും അഞ്ചുനേര നമസ്ക്കാരത്തിലും, ബാങ്കിലും മറ്റും അമ്പതോളം ഖുർആൻ വിരുദ്ധമായ അബദ്ധങ്ങളുണ്ടെന്ന് ചേകന്നൂർ മൗലവി ഗ്രന്ഥമെഴുതി സമർത്ഥിച്ചിട്ടു വർഷങ്ങൾ അമ്പതു കഴിഞ്ഞു. ഇന്നുവരെ സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാർ ആരും തന്നെ അതിനെ ഖണ്ഡിക്കുകയോ, തിരുത്തുകയോ ചെയ്തിട്ടില്ല. അത്രക്കും, അബദ്ധജടിലവും, ശിർക്കു കലർന്നതുമായ ഒരു ഇസ്ലാം വിരുദ്ധ പ്രാർത്ഥനയാണ് നമസ്ക്കാരവും, ബാങ്കും, നോമ്പും, ഹജ്ജുമൊക്കെ.അതൊക്കെ ഞങ്ങൾ ഇന്നും ഞങ്ങൾക്കു കഴിയുന്നതരത്തിൽ ആവർത്തിച്ച് പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്നു..!!ബുദ്ധിയുള്ള മുസ്ലീംകളൊക്കെ ഖുർആനിലേക്കു മടങ്ങുന്നുമുണ്ട്.

**മൂന്നാമത്തെ അബദ്ധം**:- ഫഗ്സിലൂ - വുജൂഹക്കും - വഅയ്ദിയക്കും ഇലൽ മറാഫിക്കി എന്നതിൽ ഗുരുതരമായ മൂന്ന് അബദ്ധങ്ങളുണ്ട്. ജനങ്ങളെ ആത്മമിത്രങ്ങളാക്കി മാറ്റുന്ന ഒരുപകരണമാവേണ്ടതിലേക്ക്, നിങ്ങൾ നിങ്ങളുടെ ചിന്തകളും, പ്രവർത്തികളും ശുദ്ധമാക്കിവെക്കുക എന്നതാണ് ശരിയായ അർത്ഥം. അതിന്ന് പകരം മുഖവും, കൈമുട്ടുവരെ രണ്ട് കൈകളും കഴുകണം എന്നാണ് സുന്നി-ശിയാ പരിഭാഷകളിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. മുഖങ്ങളും, കരങ്ങളും എന്നു പറഞ്ഞാൽ ഭാഷയിൽ അതിന്ന് സ്ഥൂലമായ ശരീരത്തിന്റെ ഭാഗമായ 'മുഖവും, കൈയ്യും' എന്ന് അർത്ഥം പറയാമെങ്കിലും, ഖുർആൻ വജ്ഹ്, വുജൂഹ് എന്ന പദം ഉപയോഗിച്ചിട്ടുള്ളതിൽ അധികവും (95 ശതമാനവും), വീക്ഷണങ്ങൾ, ആശയങ്ങൾ ചിന്താഗതികൾ എന്നൊക്കെയുള്ള അർത്ഥത്തിലാണ്. (2:112) (3:20) (4:43,47) (5:6) (4:125) (6:79) (7:29)..... (10:26) (10:105) (17:7) (20:111) ....... (22:11) (30:30) (30:43) (31:22) (47:27) (48:29) (55:27) ... (2:177) (2:144,149,150) (3:106,107) (75:22,24) (16:58) (43:17) (80:38-40) (83:24) (88:2 -8)

അതുപോലെ കരങ്ങൾ, കരം (യദ്) എന്നൊക്കെ ഖുർആൻ പ്രയോഗിച്ചത് 90 ശതമാനവും കഴിവുകൾ, പ്രവർത്തനങ്ങൾ എന്ന അർത്ഥത്തിലാണ്. (3:26) (3:73) (2:79) (2:249) (5:64) (5:6) (5:38) (5:28) (23:88) (24:24)



(36:35) (36:65,71,83) (4:43) (38:45) (38:75) (48:10) (57:29) (111:1) (67:1) (80:15) (11:70) (38:44) (60:12) (13:14) (7:124) (7:195) (12:31) (12:50) (18:42) (20:71) (20:22) (26:49) (26:33) (27:12) (28:32)

മാത്രമല്ല ഈ ഖുർആനിൽ എല്ലാവിധ ഉപമകളും, അലങ്കാരങ്ങളും, മറ്റു സാഹിത്യ പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ടെന്ന് ഖുർആൻ തന്നെ വ്യക്തമാക്കുന്നു. (2:26) (17:89) (62:5) (63:2-4) (2:7) (3:103) (2:88) (2:67-74) (13:4) (27:80) .... (16:102) (17:89) (3:21) (2:17-20) (5:32) ആ നിലക്ക് നോക്കിയാലും ഖുർആനിന്റെ ആ ആലങ്കാരിക പ്രയോഗം ഏതൊരു സഹൃദയനും എളുപ്പം മനസ്സിലാകും. മാത്രമല്ല സുന്നി പരിഭാഷയിലെ മൂന്നാമത്തെ വരിയിലെ മൂന്നാമത്തെ അബദ്ധം ശരിക്ക് പഠിക്കുമ്പോൾ ആദ്യത്തെ രണ്ടു അബദ്ധങ്ങൾ ശരിക്കും ഒരു സഹൃദയനായ വിശ്വാസിക്ക് എളുപ്പം ബോധ്യപ്പെടും. അതുകൂടി ശ്രദ്ധിച്ചു പഠിക്കുക. ഇലൽ മറാഫിഖി എന്നാണ് ഖുർആനിലുള്ളത്. അതിന്റെ ഒരേയൊരർത്ഥം, റഫീഖുകളെ (ആത്മമിത്രങ്ങളെ) ഉണ്ടാക്കുന്ന ഉപകരണമാകുക എന്നതിലേക്ക് എന്ന് മാത്രമാണ്. ഒരാൾ തന്റെ കൈയും, മുഖവും കഴുകിയാൽ ആത്മമിത്രങ്ങളെ ഉണ്ടാക്കിയെടുക്കാൻ പറ്റുമോ....? ഒരു സുന്നീ മുസ്ല്യാർ ദിവസം അഞ്ചുനേരം, തന്റെ അയൽക്കാരനും, കഠിനമുസ്ലീം വിരോധിയുമായ ഒരാളുടെ മുമ്പിൽവെച്ച് കൈയും, മുഖവും, കാലും കഴുകിക്കൊണ്ടിരുന്നാൽ അയാൾ ഈ സുന്നീ മുസ്ല്യാരുടെ ഇഷ്ടതോഴനായി മാറുമോ...? അതും മുട്ടുവരെ (രണ്ടു കൈമുട്ടുകൾവരെ) എന്നർത്ഥം കിട്ടണമെങ്കിൽ **ഹെത്തൽ മിർഫഖൈൻ** എന്നു തന്നെ പറയണം. എന്നാൽ വിശുദ്ധ ഖുർആനിലുള്ളത് ഇലൽ മറാഫിക്കി എന്നു മാത്രമാണ്. എങ്ങനെ നോക്കിയാലും 'രണ്ട് കൈമുട്ടുകൾവരെ' എന്നു അർത്ഥം കൊടുക്കാൻ പ്രസ്തുത സൂക്തത്തിൽ യാതൊരു പഴുതുമില്ലെന്ന് ഏതു അറബി ഭാഷാ പണ്ഡിതനും മനസ്സിലാകും.

വിഷയം വളരെ ഗുരുതരമായതിനാൽ, നമ്മുടെ ആദർശ ബന്ധുക്കളുടെ ശ്രദ്ധയിലേക്കായി മറ്റൊരു ഉദാഹരണവും കൂടി പഠിക്കാം. അറബി ഭാഷയിൽ ഫതഹ എന്നു പറഞ്ഞാൽ തുറന്നു എന്നാണല്ലോ അർത്ഥം. അതിന്റെ ഉപകരണനാമമാണ് താക്കോൽ (തുറക്കാനുപയോഗിക്കുന്ന ഉപകരണം) - അഥവാ മിഫ്ത്താഹ്. താക്കോലിന്റെ - മിഫ്ത്താഹിന്റെ - ബഹുവചന രൂപമാണ് മഫാത്തീഹ്. (താക്കോലുകൾ). ഇതിനു സമാനമായ ഒരു പദമാണ് റഫിഖ. റഫിഖയുടെ അർത്ഥം ആത്മമിത്രമായി എന്നാണ്. അതായത് രണ്ടു ശരീരമാണെങ്കിലും ഒരൊറ്റ മനസ്സായി കഴിയുന്ന കൂട്ടുകാർക്കാണ് റഫീക്ക് (ആത്മമിത്രം) എന്നു പറയുന്നത്. റഫിഖ (ആ

ത്മമിത്രമായി) എന്ന പദത്തിന്റെ ഉപകരണനാമമാണ് (Instrumental noun) മിർഫഖ്. ആത്മമിത്രമാക്കുന്ന ഉപകരണം. ജനങ്ങളെ തന്നിലേക്കടുപ്പിച്ച് തന്റെ ആത്മമിത്രമാക്കുന്ന ഒരു മഹത്തായ ഉപകരണം. അതാണ് മിർഫഖ് (18:16). അതിന്റെ ബഹുവചനരൂപമാണ് മറാഫിഖ് (ഉറ്റ ചങ്ങാതിമാരെ ഉണ്ടാക്കുന്ന ഉപകരണങ്ങൾ). ചുരുക്കത്തിൽ വിശുദ്ധ ഖുർആനിന്റെ അനുയായികളായ നാം ഓരോരുത്തരും ജാതി - മത - വർഗ്ഗ - ഗോത്ര ചിന്തകൾ മറന്നുകൊണ്ട് എല്ലാ മനുഷ്യരേയും തന്നിലേക്കടുപ്പിച്ച്, അങ്ങനെ ഉറ്റ ചങ്ങാതിമാരെ ഉണ്ടാക്കുന്ന ഉപകരണങ്ങളായി മാറണം എന്നാണ് ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുന്നത്. എത്ര മഹത്തായ ഒരാശയം...എത്ര സുന്ദരമായ ഒരു വീക്ഷണം...!!എന്നാൽ നമ്മളെ പഠിപ്പിച്ചതോ...?നമ്മൾ പഠിച്ചതോ...? അഞ്ചുനേരം, കൈയും, മുഖവും, കാലും, കഴുകി കുരങ്ങന്മാരെപ്പോലെ അറബിഭാഷയിൽ മാത്രം പ്രാർത്ഥിച്ച് (ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ഒരു പ്രാർത്ഥന പരസ്യമായി നടപ്പിലാക്കി ) ലോകസമുദായങ്ങളെ മുഴുവൻ നമ്മിൽ നിന്നകറ്റാൻ....!! സ്വന്തമായ ഒരു ഭാഷയിലും, സംസ്ക്കാരത്തിലും, സ്വന്തം മാതൃഭൂമിയിലും ജീവിച്ചു വളർന്ന നാം ഒരു പ്രത്യേക ഭാഷയിൽ മാത്രം പരസ്യമായി, സംഘടിച്ചു പ്രാർത്ഥിക്കണമെന്ന് ശഠിക്കുമ്പോൾ (അതു മാത്രമാണ് ശരി എന്നു ഉറച്ചു വിശ്വസിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുമ്പോൾ മറ്റു സമൂഹങ്ങളിൽ നിന്ന് നാം സ്വയം അകലുകയാണ് -അല്ല നമ്മെ അകറ്റുകയാണ്!!)

സൗദി അറേബ്യയിലെ മദീനാപട്ടണത്തിൽവെച്ച് നിങ്ങൾ 'കലയെയും സാഹിത്യത്തെയും സ്നേഹിക്കൂ' എന്ന് ഖർആനും മുഹമ്മദ് നബിയും നിരക്ഷരരായ അറബികളെ പഠിപ്പിച്ചപ്പോൾ അതിന്റെ അർത്ഥവും ആശയവും അട്ടിമറിച്ചുകൊണ്ട് നിങ്ങൾ 'കഞ്ഞിയും കറിയും വെക്കുന്ന കലം തേച്ചുകഴുകൂ' എന്നാണ് അതിന്റെ അർത്ഥമെന്ന് അനറബികളായ നവമുസ്ലീംകളെ പഠിപ്പിച്ചുകൊണ്ട് അങ്ങ് അകലെ സിറിയയിലെ ഡമാസ്കസ്സിൽ വെച്ച് അബൂഹുറയ്റയും മുആവിയയും 'സുന്നത്ത് ജമാഅത്ത്' എന്ന ഒരു അനാചാര മതം കെട്ടിയുണ്ടാക്കിയെങ്കിൽ അവരെക്കാളും വലിയ നബി വിരോധികളും ഖുർആൻ ധിക്കാരികളും ലോകത്ത് മറ്റാരെങ്കിലുമുണ്ടോ എന്നാണ് നമുക്ക് ചൊദിക്കുവാനുള്ളത്.

സുന്നികളുടെയും, ശിയാക്കളുടെയും നമസ്ക്കാരത്തിലും, ബാങ്കിലും, നോമ്പിലും, ഹജ്ജിലും ഇത്തരത്തിലുള്ള നൂറിലധികം അബദ്ധങ്ങളുണ്ടെന്ന് ചേകന്നൂർ മൗലവി തന്റെ ചരിത്ര പ്രസിദ്ധമായ ഗ്രന്ഥങ്ങളിലൂടെ സമർത്ഥിച്ചത് നാം നന്ദിപൂർവ്വം ഇവിടെ സ്മരിക്കുക. (ഇൻഡെക്സ്-2) കാണുക.



**സുന്നി - ശിയാ പരിഭാഷകളിലെ**

**ഏഴാമത്തെ അബദ്ധം ശ്രദ്ധിക്കുക.**

വംസഹൂബി റുഊസിക്കും വഅർജുലക്കും എന്നതിന് നിങ്ങൾ, നിങ്ങൾക്കു ചുറ്റുമുള്ള മുതിർന്നവർക്കും നിങ്ങളെക്കാൾ താഴെയുള്ളവർക്കും അർഹമായ പരിഗണന നൽകുക എന്നാണ് ശരിയായ അർത്ഥവും, വ്യാഖ്യാനവും. ഖുർആനിന്റെ ഭാഷാ - സാഹിത്യ- അലങ്കാര പ്രയോഗങ്ങൾ പരിഗണിക്കുമ്പോൾ അങ്ങനെ മാത്രം അർത്ഥം നൽകാനേ നമുക്ക് സാധിക്കുകയുള്ളു. അതിന്ന് സുന്നി - ശിയാ പണ്ഡിതന്മാർ ഇന്നു വരെ അർത്ഥം പറഞ്ഞു പോന്നത് നിങ്ങൾ നിങ്ങളുടെ തലകൾ തടവുകയും, കാലുകൾ ഞെരിയാണി വരെ കഴുകുകയും ചെയ്യുക എന്നാണ്. വളരെ ശ്രദ്ധിച്ചു പഠിച്ചാൽ ഇവിടെയും മൂന്നു(അല്ല നാല്) അബദ്ധങ്ങൾ ഒളിഞ്ഞു കിടക്കുന്നത് കാണാം. റഅ്സിന്ന് തല എന്ന് (റുഊസ് = തലകൾ) ഭാഷയിൽ അർത്ഥമുണ്ടെങ്കിലും തലവന്മാർ, മേധാവികൾ, നായകർ (Head of the department) എന്നൊക്കെയുള്ള അർത്ഥത്തിലാണ് ഖുർആനും, അറബിഭാഷാ സാഹിത്യഗ്രന്ഥങ്ങളിലും അധികവും കാണുന്നത്. സുന്നികളുടെ ഖുർആൻ പരിഭാഷക്കാരിൽ - സുന്നി തഫ്സീറുകളുടെ നിർമ്മാതാക്കളിൽ - അഗ്രഗണ്യനായ ഇബ്നു അബ്ബാസിനെ അവർ തന്നെ വിളിക്കുന്നത് 'റഈസുൽമുഫസ്സിരിൻ - (പരിഭാഷക്കാരുടെ നേതാവ് (തലവൻ) എന്നാണ്. ഇതൊക്കെ സുന്നി-ശിയാ പുരോഹിതന്മാർക്ക് നല്ലവണ്ണം അറിയുന്ന കാര്യങ്ങൾ തന്നെയാണ്. എന്നിട്ടും ഖുർആനിന്റെ സാഹിത്യ - അലങ്കാര പ്രയോഗങ്ങൾ മറച്ചുവെച്ചു, കേവലം തലതടവുക എന്ന അർത്ഥം മാത്രം പഠിപ്പിച്ച് അംഗസ്നാനത്തിന് (വുളുവിന്ന്) തെളിവുണ്ടാക്കിയത് കുറെ 'കടുത്ത കൈയായിപ്പോയി' എന്നു പറയാതെ വയ്യ..!!

ലോകസമാധാനത്തിനും, മനുഷ്യപുരോഗതിക്കും, അടിസ്ഥാനമായ ഒരു മഹത്തായ മനശ്ശാസ്ത്ര സിദ്ധാന്തമാണ് പ്രസ്തുത ഖുർആൻ സൂക്തത്തിലൂടെ അല്ലാഹുവും, നബിയും പഠിപ്പിക്കുന്നത്. അതെന്തെന്ന് ശ്രദ്ധിക്കുക.

**നാം നല്ല കേൾവിക്കാരാകണമെന്നു വിശുദ്ധ ഖുർആൻ....!!:-**

ഏതൊരു വ്യക്തിയും, അവൻ നേതാവാകട്ടെ, സാധാരണക്കാരനാവട്ടെ അയാൾ ആദരിക്കപ്പെടുന്നതും, സ്നേഹിക്കപ്പെടുന്നതും, അദ്ദേഹം മറ്റുള്ളവരുടെ വാക്കുകൾ - മറ്റുള്ളവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും, ശ്രദ്ധയോടെ - കേൾക്കുകയും, അതു മനസ്സിലാക്കുകയും, അവർക്കു

അർഹമായ പരിഗണന നൽകുകയും ചെയ്യുമ്പോഴാണ്. ഒരു നല്ല പിതാവ് തന്റെ മക്കളുടെ പ്രശ്നങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുന്നവനായിരിക്കും. ഒരു നല്ല അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ മുഴുവൻ കേൾക്കുന്നവനായിരിക്കും. ഒരു നല്ല മുതലാളി തന്റെ കിഴിലുള്ള തൊഴിലാളികളുടെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുന്നവനായിരിക്കും. ഒരു നല്ല വ്യക്തി എപ്പോഴും ഒരു നല്ല കേൾവിക്കാരനായിരിക്കും എന്നു സാരം. ഒരു നല്ല പിതാവ് മക്കൾ പറയുന്നത് (അതു അബദ്ധമായാലും) ശ്രദ്ധ കൊടുത്തു കേൾക്കാൻ തയ്യാറാവണം. അവനെ - അവന്റെ വാക്കുകളെ, പരിഗണിക്കണം. അതു അബദ്ധമായാലും, അല്ലെങ്കിലും, ആദ്യം നാം അതൊന്നു കേൾക്കാൻ തയ്യാറാവണം. പിന്നീട് അതിന്റെ ദോഷവശങ്ങൾ - അപ്രായോഗികത - അവനെ പറഞ്ഞു മനസ്സിലാക്കി, പിന്നീട് ആ പിതാവിന്ന് ആ മകനെ അല്ലെങ്കിൽ ആ മകളെ തിരുത്താം. ഇന്നു ലോകത്തുള്ള എല്ലാ പ്രശ്നങ്ങൾക്കും, ശത്രുതക്കും, യുദ്ധങ്ങൾക്കും കാരണം ഈ പരസ്പര പരിഗണന നൽകാൻ നാം ധൃതികാരണം മറന്നു പോവുന്നു എന്നതാണ്.

ഒരു നല്ല നേതാവ് എപ്പോഴും ഒരു നല്ല കേൾവിക്കാരനായിരിക്കും. അയാൾ തന്റെ അണികളിൽ ഏറ്റവും അപ്രസക്തനായ വ്യക്തി പറയുന്നതുപോലും ശ്രദ്ധിച്ചു കേൾക്കും. അതിന്നു സമയം കണ്ടെത്തും. ഒരു പക്ഷേ ആ വ്യക്തി പറയുന്നത് പരമാബദ്ധമായിരിക്കും. എന്നാലും ആദ്യം ആ വ്യക്തിയെ ശ്രദ്ധിച്ചു കേൾക്കുക എന്നതാണ് ഒരു നല്ല നേതാവിന്റെ രീതിയും ശൈലിയും. ദൈവദൂതന്മാരായിരുന്ന അബ്രഹാമും, രാമനും, കൃഷ്ണനും, യേശുക്രിസ്തുവും, മുഹമ്മദ് നബിയുമൊക്കെ അത്തരത്തിലുള്ള നല്ല കേൾവിക്കാരായിരുന്നു. മുഹമ്മദ് നബിയെക്കുറിച്ചുള്ള ചില അനുയായികളുടെ ആരോപണം തന്നെ അതായിരുന്നു. നബി എല്ലാവരുടെയും വാക്കുകൾ കേൾക്കുന്നു, കേട്ടു സമയം പാഴാക്കുന്നു. (9:61) (39:17)...(5:6)എന്നായിരുന്നു നബിയെപ്പോലെ മനശ്ശാസ്ത്രമറിയാത്ത അവരുടെ ആരോപണം. എന്നാൽ ഖുർആൻ അതിന്ന് അവിടെ അപ്പോൾ തന്നെ മറുപടി നൽകി. നബി എല്ലാവരുടെയും വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്. എന്നാൽ അതിൽ നിങ്ങൾക്കും, സമൂഹത്തിനും - ഉപകാരമുള്ളതു മാത്രം അദ്ദേഹം കൊള്ളുന്നു. ബാക്കിയെല്ലാം കാര്യകാരണ സഹിതം അദ്ദഹം തള്ളുന്നു. അതുകൊണ്ട് ഓരോ വ്യക്തിയും നല്ല ശ്രോതാക്കളാവണം...!! Love your youngers, Respect your elders എന്ന ഇംഗ്ലീഷിലുള്ള ആപ്തവാക്യത്തിന്റെ മറ്റൊരു ഭാഷ്യം മാത്രമാണത്. മുതിർന്നവർക്കു അർഹമായ പരിഗണന നൽകുക (മുതിർന്നവരെ 'മസഹു' ചെയ്യുക, മുതിർന്നവരെ 'തലോടുക') എന്നു പറഞ്ഞാൽ



മുതിർന്നവരെ ബഹുമാനിക്കുക എന്നർത്ഥം. നിങ്ങളേക്കാൾ ഉന്നതിയിൽ ഉള്ളവർ പ്രായം കൊണ്ടാവാം, പദവികൊണ്ടാവാം, പാണ്ഡിത്യം കൊണ്ടാവാം, പണം കൊണ്ടാവാം,സ്ഥാനമാനങ്ങൾ കൊണ്ടാവാം അങ്ങനെ നമ്മെക്കാൾ മുതിർന്നവർക്ക് നാം അർഹമായ ബഹുമാനവും, സ്നേഹവും(പരിഗണന) നൽകുമ്പോൾ അവർ നമ്മെയും, പരിഗണിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്നു. അതുപോലെ നിങ്ങളിലെ കുട്ടികളേയും 'മസഹു' ചെയ്യുക എന്നു പറഞ്ഞാൽ - (പാദങ്ങളെ തലോടുക എന്നു പറഞ്ഞാൽ - പാദങ്ങളെ തേച്ചു മിനുക്കുക, തലോടി വൃത്തിയാക്കുക എന്നൊക്കെ പറഞ്ഞാലും) അതു ഖുർആനിന്റെ ഒരലങ്കാര പ്രയോഗം മാത്രമാണ്. നിങ്ങളേക്കാൾ താഴെയുള്ളയുള്ളവരെ സ്നേഹിക്കുക എന്നുമാത്രമാണ് അതിന്റെ ആശയം (നിങ്ങളേക്കാൾ താഴെയുള്ളവർക്ക് അർഹമായ സ്നേഹവും, വാത്സല്യവും, സംരക്ഷണവും, പരിഗണനയും നൽകുക എന്നു മാത്രമാണ് അതിന്റെ സാരം.) അവർ നിങ്ങളേക്കാൾ പ്രായം കുറഞ്ഞവരാകാം. നിങ്ങളുടെ തന്നെ സന്താനങ്ങളും, കുടുംബങ്ങളുമാകാം, പണം കൊണ്ടും, പദവികൊണ്ടും, മറ്റു കാരണങ്ങൾകൊണ്ടും നിങ്ങളെക്കാൾ താഴെയാവാം. (ദരിദ്രർ, അടിമകൾ, വേലക്കാർ, അനാഥർ, അഗതികൾ എന്നിങ്ങനെ). അവർക്കും നാം അർഹമായ പരിഗണന നൽകുമ്പോൾ അവർക്കു നമ്മിലുള്ള സ്നേഹവും, വിശ്വാസവും വർദ്ധിക്കുന്നു. അവർ നമ്മുടെ ആത്മമിത്രങ്ങളായി മാറുന്നു. ഇങ്ങനെ ശത്രുക്കളെപ്പോലും നമ്മുടെ ആത്മമിത്രമായി മാറ്റാനുള്ള ആഹ്വാനമാണ് ഖുർആനിന്റെ ഒരു പ്രമേയം തന്നെ. (41:34) (23:96)

ചുരുക്കത്തിൽ നമ്മുടെ ചിന്തകളാണ്, നമ്മുടെ ചെയ്തികളും, വാക്കുകളുമായി മാറുന്നത്. നമ്മുടെ തന്നെ പ്രവർത്തനങ്ങളാണ് നമുക്ക് ശത്രുക്കളേയും, മിത്രങ്ങളേയും ഉണ്ടാക്കിത്തരുന്നത്. ശത്രുവിനേപ്പോലും മിത്രമാക്കാൻ പര്യാപ്തമായ മഹത്തായ ലോകമഹാസിദ്ധാന്തമാണ് ഖുർആൻ ആ നാലു വചനങ്ങളിലൂടെ പറഞ്ഞത്. നിങ്ങൾ നിങ്ങളുടെ വീക്ഷണങ്ങളും(ചിന്താഗതികളും,)(വുജൂഹ്-മുഖങ്ങൾ), കർമ്മങ്ങളും(അയ്ദ് - കരങ്ങൾ), നിങ്ങൾ ജീവിക്കുന്ന സമൂഹത്തിലെ മുതിർന്നവരുടേയും താഴെക്കിടയിലുള്ളവരുടേയും നേർക്കുള്ള നിങ്ങളുടെ സമീപനവും സംശുദ്ധമാക്കി വെക്കുക. (ഇത് മൂന്നും ഒന്നുതന്നെയാണെന്ന് (നമ്മുടെ കർമ്മങ്ങൾതന്നെയാണെന്ന്) ഒരു സൂക്ഷ്മനിരീക്ഷണത്തിൽ നമുക്ക് കാണാം). അങ്ങനെ നിങ്ങൾക്കു ചുറ്റുമുള്ള മാനവരാശിയെ മുഴുവൻ നിങ്ങൾ നിങ്ങളുടെ മിത്രങ്ങളാക്കുക എന്നതാണ് പ്രസ്തുത വേദവചനത്തിന്റെ താൽപ്പര്യം. അതിനെയാണ്, ആ വിശുദ്ധ വേദത്തിന്റേയും, മുഹമ്മദ് നബിയുടേയും അവതരണലക്ഷ്യമോ, ഖുർആനിന്റെ ഭാഷാ -

സാഹിത്യ - അലങ്കാരപ്രയോഗങ്ങളോ തീരെ പഠിക്കാതെ - അതെല്ലാം മനപ്പൂർവ്വം മറച്ചുവെച്ചുകൊണ്ട്, 'കേവലം, കൈയും, മുഖവും, കാലും കഴുകുക; തല തടവുകയും ചെയ്യുക' എന്ന 'വുളു' (അംഗസ്നാനം) ആക്കി അബുഹുറൈറയും, മുആവിയയും, അവരെ തുടർന്നു വന്ന മറ്റു അമവികളും - അബ്ബാസിരാജാക്കന്മാരും മാറ്റിമറിച്ചത്. അതിന്നായി അവർ നബിയുടെ ഭരണകേന്ദ്രം പള്ളിയാക്കുകയും ലോകത്തുള്ള പള്ളികളായ പള്ളികളിലെല്ലാം അവർ 'കുളം കുഴിക്കുക'യും, ഇസ്ലാമിനെ 'കുളം തോണ്ടുക'യും ചെയ്തു.

ജാഹിലിയ്യാ കാലഘട്ടത്തിൽ(അന്ധകാര യുഗത്തിൽ - എ.ഡി. 450-570) അറബികൾ (സൗദി അറേബ്യൻ മരുഭൂമിയിലെ അറബികൾ) പരസ്പരം കടിച്ചു കീറുന്ന കുറെ ഗോത്രങ്ങളും, കുടുംബങ്ങളും മാത്രമായിരുന്നു. ഗ്രന്ഥമെന്തെന്നോ, വിദ്യാഭ്യാസമെന്തെന്നോ അവർക്കറിയില്ലായിരുന്നു. ജീവിക്കാനുള്ള വിഭവങ്ങളുടെ ദൗർലഭ്യമായിരുന്നു എല്ലാ ഗോത്രവഴക്കുകളുടെയും, മാത്സര്യങ്ങളുടേയും, ഗോത്രയുദ്ധങ്ങളുടേയും അടിസ്ഥാന കാരണം. കാര്യമായ മഴയോ, ഒരു നദിയോ, ഒരു നദീതടമോ ഇല്ലാത്ത ആ സൗദി അറേബ്യൻ മരുഭൂമിയിൽ യാതൊരു വിധത്തിലുള്ള കൃഷിയോ, വ്യവസായമോ പ്രായോഗികമായിരുന്നില്ല. മരുഭൂമിയിൽ, അവിടവിടെയായുള്ള ഒറ്റപ്പെട്ട മരുപ്പച്ചകൾക്കും, ജലസ്രോതസ്സുകൾക്കും, ചെങ്കടൽ തീരത്തിനടുത്തായി ഒറ്റപ്പെട്ടു വളർന്നു കിടന്നിരുന്ന മേച്ചിൽ സ്ഥലങ്ങൾക്കരികിൽ തമ്പടിച്ച്കൊണ്ട്, കാലികളെ മേയ്ച്ചും, സിറിയ, ഈജിപ്ത്, ഇറാഖ് എന്നീ നാടുകളിലേക്ക് കച്ചവടയാത്രകൾ നടത്തിയുമൊക്കെ, വളരെ ദുരിത പൂർണ്ണമായ ജീവിതമായിരുന്നു തൊണ്ണൂറ് ശതമാനം അറബികളും നയിച്ചിരുന്നത്. മൊത്തം ജനസംഖ്യയിൽ 80ശതമാനം നാടോടികളായ ഗ്രാമീണരും, 20 ശതമാനം കച്ചവടയാത്രകൾ നടത്തുന്ന പട്ടണവാസികളുമായിരുന്നു. ഭക്ഷണവും, ജലവും, പുതിയ മേച്ചിൽ സ്ഥലങ്ങളും തേടിയുള്ള നിരന്തരമായ യാത്രകളായിരുന്നു അറബികളുടേത്. ഈ അലച്ചിലിന്നിടയിൽ തന്റെ ഗോത്രത്തിന്ന് ആവശ്യമായ ഭക്ഷണപദാർത്ഥങ്ങളോ, ജലമോ, മേച്ചിൽ സ്ഥലങ്ങളോ കിട്ടിയില്ലെങ്കിൽ തങ്ങളെക്കാൾ ദുർബ്ബലരായ ഗോത്രങ്ങളേയും, കുടുംബങ്ങളേയും, ആക്രമിക്കുക എന്നത് ചില കാട്ടറബി ഗോത്രങ്ങളുടെ പതിവായിരുന്നു. ഓരോ ഗോത്രത്തലവനും, തന്റെ ഗോത്രത്തിന്റെ ആവശ്യം നേടിയെടുക്കുക എന്നതിൽ കവിഞ്ഞ് ആത്യന്തികമായ നീതിയോ, ന്യായമോ, നന്മയോ, നോക്കിയിരുന്നില്ല. ഏതെങ്കിലും ഗോത്രങ്ങൾ തമ്മിൽ എപ്പോഴെങ്കിലും ഒരു സഖ്യത്തിൽ ഏർപ്പെടുന്നുവെങ്കിൽ, അത് മറ്റൊരു ഗോത്രത്തെ - തങ്ങളേക്കാൾ ശക്തമായ മറ്റൊരു പൊതു ശത്രു ഗോത്രത്തെ - ആക്രമിക്കാൻ വേണ്ടി മാത്രമായി



രുന്നു. അറബി ഗോത്രങ്ങൾക്കിടയിലെ ഈ ശത്രുതയും, മാത്സര്യവും, കലഹങ്ങളും കാരണം ഓരോ അറബിയുവാവിന്റെ ദിവസവും യുദ്ധങ്ങളുടെ ദിവസമായിരുന്നു. ഓരോ അറബിയുവാവും ആക്രമിക്കാൻ അല്ലെങ്കിൽ ഒരു ആക്രമം പ്രതിരോധിക്കാൻ സദാ സന്നദ്ധനായിരുന്നു. അതുകൊണ്ടു തന്നെ ഓരോ അറബിയുവാവും ഒരു നല്ല യോദ്ധാവും, കുതിരസവാരിക്കാരനുമായിരുന്നു.

ജീവിത വിഭവങ്ങളുടെ കുറവും, പരസ്പരമുള്ള ഈ ശത്രുതയും, യുദ്ധവും കാരണം ഓരോ അറബി ഗോത്രങ്ങളുടേയും ജീവിതം എന്നും ആശങ്കയിലും, അനിശ്ചിതത്വത്തിലുമായിരുന്നു. അറേബ്യയിലെ ജാഹിലിയ്യ കാലഘട്ടത്തിലെ (അന്ധകാര യുഗത്തിലെ). ദാരിദ്ര്യവും, പട്ടിണിയും, പെൺശിശുഹത്യയും, സ്ത്രീപീഢനങ്ങളും, മറ്റു ലൈംഗിക അരാജകത്വവും, അടിമവ്യവസ്ഥിതിയും, ഖുറൈശികളുടേയും ചില ജൂത ഗോത്രങ്ങളുടെയും കൊള്ളപ്പലിശസ്ഥാപനങ്ങളുടെ (Blade banks)യുമൊക്കെ ആവിർഭാവത്തിന്റെയും, വളർച്ചയുടെയും മറ്റു മനുഷ്യാവകാശ ധ്വംസനങ്ങളുടെയുമൊക്കെ അടിസ്ഥാനകാരണങ്ങൾ അറബികളുടെ ഈ ശത്രുതയും, മാത്സര്യവും, ഗോത്രയുദ്ധങ്ങളുമായിരുന്നു. അറബികളുടെ ഈ ശത്രുതയും, ഗോത്രയുദ്ധങ്ങളുമാണ് ദൈവദൂതൻ അറേബ്യയിൽ നിന്ന് ഖുർആൻ കൊണ്ട് ഉന്മൂലനം ചെയ്തത്. (എ.ഡി. 622-661 -ഇസ്ലാമിക ഭരണം)

ശത്രുത മനുഷ്യരുടെ മനസ്സിലാണല്ലോ, ആദ്യം ഉണ്ടാകുന്നത്. ലോക ചരിത്രത്തിലെ എല്ലാ യുദ്ധങ്ങളും അതു ചെറുതാകട്ടെ, വലുതാവട്ടെ അതാദ്യം ആരംഭിക്കുന്നത് - ആരംഭിച്ചത് -ഒരു വ്യക്തിയുടെമനസ്സിലാണ്. നമ്മുടെ ചിന്തകളും, വീക്ഷണങ്ങളും, നമ്മുടെ കർമ്മങ്ങളായി മാറുമ്പോൾ - ആ കർമ്മങ്ങൾ മറ്റുള്ളവരുടെ മനസ്സിൽ വെറുപ്പോ, വിദ്വേഷമോ, അസൂയയോ ഉളവാക്കുമ്പോൾ അവന്റെ മനസ്സിൽ യുദ്ധം ആരംഭിച്ചു കഴിഞ്ഞു. ആ ശത്രുത ഉണ്ടാകുന്നതോടെ യുദ്ധവും ആരംഭിച്ചു കഴിഞ്ഞു. പിന്നീടതു വ്യക്തികൾ തമ്മിലാവാം, കുടുംബങ്ങൾ തമ്മിലാവാം, സമൂഹങ്ങൾ തമ്മിലാവാം, രാഷ്ട്രങ്ങൾ തമ്മിലാവാം.

പരസ്പരം ശത്രുക്കളെപ്പോലെ കഴിഞ്ഞിരുന്ന ഈ അറബിഗോത്രങ്ങളെയാണ് മുഹമ്മദ് എന്ന ദൈവദൂതൻ ഖുർആൻ കൊണ്ട് ഒന്നിപ്പിച്ചത്. ഗോത്രചിന്തകൾ വെടിഞ്ഞ് തന്നിൽ സ്നേഹവും, വിശ്വാസവും അർപ്പിച്ച ഒരു അറേബ്യൻ സമൂഹത്തെ വാർത്തെടുത്ത്, ആകാശത്തു നിന്ന് അല്ലാഹു ഇറക്കിയ ഖുർആൻ എന്ന 'പുണ്യതീർത്ഥംകൊണ്ട്' ആ യുവാക്കളുടെ മനസ്സിലുള്ള പൈശാചിക ചിന്തകളെ കഴുകിക്കളഞ്ഞുകൊണ്ട് അവരുടെ ശത്രുതയും മാത്സര്യവും, ഗോത്രയുദ്ധങ്ങളും ഇല്ലാതാക്കി

അറേബ്യയെ ഒരു മാതൃകാ രാഷ്ട്രമാക്കി നബി മാറ്റി. അങ്ങനെ അറബികളെ ആ ദൈവദൂതൻ ഒന്നിപ്പിച്ചതായും, 'അഗ്നികുണ്ഠത്തിന്റെ' വക്കിൽ നിന്ന് അവരെ രക്ഷിച്ചതായും അങ്ങനെ അറബികൾക്ക് നേട്ടമുണ്ടാക്കിയതായും ഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു. (3:103) (9:74)

അറേബ്യയിലെ മദീന ആസ്ഥാനമാക്കി ആ ദൈവദൂതൻ ആദ്യമായി ഒരു ഇസ്ലാമിക സമൂഹവും പിന്നീട് ഇസ്ലാമികരാഷ്ട്രവും സ്ഥാപിച്ചു. (എ.ഡി. 622 - 661) നബിയുടെ പാഠശാലയിൽ നിന്നു ഖുർആൻ പഠിച്ചുകൊണ്ട്, ഖുർആനിൽ നിന്ന് കിട്ടിയ ഊർജ്ജമുൾക്കൊണ്ടു കൊണ്ട് ആ അറേബ്യൻ പടക്കുതിരകൾ അറേബ്യയിലെ ഓരോ ഗോത്രങ്ങളേയും സമീപിച്ച്, ഖുർആൻ അനുസരിച്ചു- നബിയുടെ നിർദ്ദേശമനുസരിച്ച് - ജീവിച്ചാലുണ്ടാകുന്ന ഐശ്വര്യങ്ങളെക്കുറിച്ചും, നേട്ടങ്ങളെക്കുറിച്ചും ഈ ലോകത്തെ സ്വർഗ്ഗീയമായ ജീവിതത്തെക്കുറിച്ചും, യാതൊരു മന:സ്സാക്ഷിക്കുത്തുമില്ലാതെ സംതൃപ്തിയോടെ ഈ ഭൂമിയിൽ ജീവിച്ചാൽ നമ്മുടെ ജീവിത സായാഹ്നത്തിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലും നമുക്കു ലഭിക്കാൻ പോകുന്ന സ്വർഗ്ഗീയമായ ജീവിതത്തെക്കുറിച്ചും സംസാരിച്ചു.

സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം ആക്രമിക്കാനും, ആക്രമണം പ്രതിരോധിക്കാനും സദാ സന്നദ്ധനായ ഒരു യോദ്ധാവായിരുന്നു ഓരോ അറബിയും. അവരുടെ മനസ്സിലേക്കാണ് ഖുർആൻ എന്ന പുണ്യതീർത്ഥം മുഹമ്മദ് എന്ന ദൈവദൂതൻ പകർന്നുകൊടുത്തത്. അവരുടെ മനസ്സിലേക്കാണ് ഖർആൻ എന്ന പുണ്യതീർത്ഥം ഒരു കുളിർമഴയായി പെയ്തിറങ്ങിയത്. നമ്മുടെ ജീവിതവും, ഈ പ്രകൃതിയും ദൈവം നമുക്ക് നൽകിയ വരദാനമാണ്. ആകാശവും, ഭൂമിയും - ഈ പ്രകൃതി മുഴുവൻ ദൈവം മനുഷ്യന് വേണ്ടി പടച്ചതാണ്. ഓരോ പ്രദേശത്തുള്ള ജനങ്ങൾക്കും ജീവിക്കാൻ പര്യാപ്തമായ പ്രകൃതി വിഭവങ്ങളും, മറ്റു ചുറ്റുപാടുകളും അവിടെത്തന്നെയുണ്ട്. സഹകരിച്ചുകൊണ്ട് ആ പ്രകൃതി വിഭവങ്ങൾ നാം പങ്കുവെക്കണം. സംഘട്ടനമല്ല, സഹകരണമാണ് വേണ്ടത്.. ലോകത്തിലെ ചുട്ടുപൊള്ളുന്ന ഏറ്റവും വലിയ ഒരു മരുഭൂമിയായിട്ടു പോലും അവിടെയുള്ള അറബികൾക്കു ജീവിക്കാൻ പര്യാപ്തമായ പ്രകൃതി വിഭവങ്ങൾ ദൈവം അവിടെ ഒരുക്കിയിട്ടുണ്ട്. മാത്സര്യവും, ശത്രുതയും കാരണം നിങ്ങൾ പരസ്പരം ആക്രമിക്കുകയും, പാരവെക്കുകയും, ചൂഷണം ചെയ്യുകയും, പടവെട്ടുകയും ചെയ്യുമ്പോൾ ആ പ്രകൃതി വിഭവങ്ങളും, പ്രകൃതിയും ഒപ്പം നിങ്ങളും നശിക്കുന്നു. അതുകൊണ്ട് പരസ്പരം മത്സരിക്കരുത് - ചൂഷണം ചെയ്യരുത് - കൊല്ലരുത്. പകരം സസ്നേഹം ആ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനും അതു നീതിപൂർവ്വം പങ്കുവെക്കാനും, അങ്ങനെ അല്ലാഹുവിന്റെ ആ കാണുന്ന ഭാഗമായ, ദൈവിക വ്യവസ്ഥിതി താറുമാറാകാതെ നോക്കാനും നാം ഓരോരുത്തരും പ്രതിജ്ഞയെടുക്കുക. അതിന്നായി നാം സഹകരിക്കുക. അതാകുന്നു ഏറ്റവും വലിയ ആരാധന. മറ്റുള്ളവർക്ക് മനസാ - വാചാ - കർമ്മണാ യാതൊരു ഉപദ്രവവും ചെയ്യാതെ ജീവിക്കുമെന്ന് പ്രതിജ്ഞയെടുത്താൽ, ഈ ജീവിതം സംതൃപ്തിയും, സന്തോഷവും നിറഞ്ഞതായി മാറുന്നു. യാതൊരു മന:സാക്ഷിക്കുത്തുമില്ലാതെ നാം ഈ ജീവിതം മുന്നോട്ട് കൊണ്ടുപോവുമ്പോൾ നമ്മുടെ ജീവിതം സന്തോഷവും, സംതൃപ്തിയും നിറഞ്ഞതാകുന്നു. അങ്ങനെ ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ അവസാന ഭാഗവും, സന്തോഷവും, സംതൃപ്തിയും നിറഞ്ഞതാകുന്നു. അപ്പോൾ നമ്മുടെ പരലോക ജീവിതവും സ്വർഗ്ഗീയമായി മാറുന്നു.

മാത്സര്യവും, ആക്രമവും, യുദ്ധവും ഇഷ്ടപ്പെടാത്ത ധാരാളം യുവാക്കളും, ഗോത്രങ്ങളും, അറേബ്യയിലുണ്ടായിരുന്നു. ജീവിക്കാൻവേണ്ടി യോദ്ധാക്കളായവരായിരുന്നു അവർ. അവർക്ക് മുഹമ്മദ് എന്ന ദൈവദൂതന്റെ 'നന്മക്കുവേണ്ടി സംഘടിക്കുക - എന്തു വില കൊടുക്കേണ്ടിവന്നാലും നീതിയുടെയും, നന്മയുടെയും പക്ഷത്തു നിൽക്കുക' എന്ന ആശയം പെട്ടെന്നു ഉൾക്കൊള്ളാൻ കഴിഞ്ഞു.

ഗോത്രദൈവങ്ങളെയും, ഗോത്രചിന്തകളെയും കൈവെടിഞ്ഞ് പ്രപഞ്ചത്തിന്റെ നാഥനിൽ - ഏകദൈവത്തിൽ - മാത്രം വിശ്വാസവും, പ്രതീക്ഷയും അർപ്പിച്ചുകൊണ്ട് യാതൊരു മനുഷ്യാവകാശ ലംഘനങ്ങളും, പ്രകൃതി വിഭവങ്ങളുടെ നശീകരണവും നടത്താതെ, രക്തബന്ധവും കുടുംബബന്ധവും, സാമൂഹിക ബന്ധങ്ങളും താറുമാറാക്കുന്ന യാതൊരു പൈശാചിക പ്രവർത്തികളൊടും സഹകരിക്കുകയില്ലന്നും പ്രതിജ്ഞ ചെയ്തുകൊണ്ട് ഓരോ അറബി ഗോത്രങ്ങളും മുഹമ്മദ് എന്ന ദൈവദൂതന്റെ ദൈവീക ഗോത്രസഭയിൽ അംഗങ്ങളായി. 'ദൈവത്തിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക' (തസ്ബീഹ് ചൊല്ലുക) എന്നുപറഞ്ഞാൽ ഈ പ്രകൃതിയുടെ പരിശുദ്ധിയെ അത് അർഹിക്കുന്ന ഗൗരവത്തോടെ നിലനിർത്തുക എന്ന ഖുർആനിക പാഠം അവർക്ക് എളുപ്പം മനസ്സിലായി. അറേബ്യയിലെ ഇസ്ലാമിക വിപ്ലവത്തിന്റെ ആരംഭമായിരുന്നു അത്. ഈ രീതിയിൽ അറേബ്യയിലെ ഗോത്രങ്ങൾക്കിടയിലെ ശത്രുത ഇല്ലാതാക്കിക്കൊണ്ടാണ് 'ഖുർആൻ' എന്ന പൊൻ ചരട്കൊണ്ട് അറേബ്യൻ ഗോത്രങ്ങളെ ഒരു മാലയിൽ കോർത്ത മുത്തുമണികൾ പോലെ ആ ദൈവദൂതൻ ഏകീകരിച്ചത്. ഈ കൂട്ടായ്മയും, (തൗഹീദ്) അറേബ്യയിലെ നവോത്ഥാന പ്രസ്ഥാനവുമാണ് മദീനയിൽ ഒരു ഇസ്ലാമിക ഭരണകൂടമായി പിന്നീട്

മാറിയത്.(എ.ഡി. 622 - 661)

ഈ ഇസ്ലാമിക ഭരണകൂടമാണ് തങ്ങളെ ആക്രമിച്ച - മദീനയിലെ ഇസ്ലാമിക രാഷ്ട്രത്തെ - (നബി മദീന ആസ്ഥാനമായി ഉണ്ടാക്കിയ ദൈവിക - ജനാധിപത്യ - സോഷ്യലിസ്റ്റ് ഭരണത്തെ) ആക്രമിച്ച റോമാ - പേർഷ്യൻ സാമ്രാജ്യങ്ങളെ കീഴടക്കിയത്. അപ്പോഴേക്കും നബി തിരുമേനി ദിവംഗതനായിരുന്നു. നബിയുടെ ഏറ്റവും അടുത്ത അനുചരന്മാരിൽ ഒരാളായ ഖലീഫ ഉമറാണ് തങ്ങളെ ആക്രമിച്ച റോമാ - പേർഷ്യൻ രാജാക്കൻമാരുടെ തട്ടകത്തിലേക്ക് കാലെടുത്തു വെച്ചത്. അന്നത്തെ ലോകമഹാ വൻശക്തികളായ റോമാ - പേർഷ്യൻ സാമ്രാജ്യങ്ങൾ (ഇറാഖ് - സിറിയ - ഈജിപ്ത് ഉൾപ്പെട്ട സാമ്രാജ്യങ്ങൾ ) അവർ ഹരിജനങ്ങളായും,ഗിരിജനങ്ങളായും കരുതിയിരുന്ന അറബികളാൽ കീഴടക്കപ്പെട്ടപ്പോൾ, അക്ഷരാർത്ഥത്തിൽ തന്നെ ലോകം ഞെട്ടി!. (ഉമ്മിയ്യുകൾ = വിവരം കെട്ടവർ എന്നായിരുന്നു അറബികൾക്ക് റോമാ - പേർഷ്യൻ സാമ്രാജ്യങ്ങളിലെ ചില നാട്ടുരാജാക്കന്മാരും, ചില കൃസ്ത്യൻ പുരോഹിതന്മാരും നൽകിയിരുന്ന പരിഹാസപ്പേര് - (Nickname)). അതോടുകൂടി ഇസ്ലാം ഒരു ലോകമഹാ വൻ ശക്തിയായി മാറി. അറബികൾ ലോകരാജ്യങ്ങൾക്കിടയിൽ ഒരു വൻശക്തിയായി അറിയപ്പെടാൻ തുടങ്ങി. അറേബ്യൻ മണലാരണ്യത്തിൽ ഏതാനും ഗോത്രങ്ങൾക്കു മാത്രം സുപരിചിതമായിരുന്ന അറബിഭാഷയും, ഖുർആനും ലോകത്ത് അറിയപ്പെടാൻ തുടങ്ങി. പ്രകൃതി അല്ലാഹുവിന്റെതാണെന്നും, ആ പ്രകൃതിയിൽ നിന്നുണ്ടാകുന്ന പ്രകൃതി വിഭവങ്ങളും, സമ്പത്തുമെല്ലാം അടിസ്ഥാനപരമായി അല്ലാഹുവിന്റേതാണെന്നും, അതുകൊണ്ട് ആ സമ്പത്തുകൾ ഒരാളിൽ മാത്രം കേന്ദ്രീകരിക്കപ്പെടരുതെന്നും, നാട്ടിലെ പട്ടിണിപ്പാവങ്ങളുടെയും അഗതികളുടെയും, അനാഥരുടെയും അടിസ്ഥാന ആവശ്യങ്ങളും, പ്രശ്നങ്ങളും പരിഹരിക്കപ്പെടാൻ ആ സമ്പത്തുകൾ നീതിപൂർവ്വം ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുക തന്നെ വേണമെന്ന ഖുർആനിക പാഠമനുസരിച്ച്, ഖലീഫാ ഉമർ റോമാ - പേർഷ്യൻ സാമ്രാജ്യങ്ങളിൽ നിന്ന് - അവരുടെ കൊട്ടാരങ്ങളിലെ - നിധി ശേഖരങ്ങളിൽ നിന്ന് പിടിച്ചെടുത്ത ലക്ഷക്കണക്കിന് കോടി ദിനാറുകൾ മൂല്യം വരുന്ന പവിഴങ്ങളും, രത്നങ്ങളും, സ്വർണ്ണാഭരണങ്ങളുമെല്ലാം അതാത് രാഷ്ട്രങ്ങളിലെ കർഷകരുടെയും, സാധാരണക്കാരുടെയും, സ്ത്രീകളുടെയും, കുട്ടികളുടെയും, ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി ചെലവഴിച്ചു. ആ നാട്ടിലെ പാവപ്പെട്ട കർഷകരെയും, സാധാരണക്കാരെയും ചൂഷണം ചെയ്തുണ്ടാക്കിയതായിരുന്നു ആ രാജാക്കന്മാരുടെ സമ്പത്തുകൾ..!! അക്ഷരാർത്ഥത്തിൽ റോമാ - പേർഷ്യൻ സാമ്രാജ്യങ്ങളിലേയും, അറേബ്യയിലേയും, സാധാരണ ജനങ്ങൾ സംതൃപ്തരും, സന്തോഷവാന്മാരുമായി മാറി. ലോക ചരിത്രത്തിലെ ഏറ്റവും മഹത്തായതും, മാതൃകാപരവുമായ ഒരു ഭരണമായിരുന്നു ഖലീഫാ ഉമറിന്റെ ഖുർആനിക ഭരണം.

എന്നാൽ ഇസ്ലാമിന്റെ ആ നല്ല നാളുകൾ അധിക കാലം നീണ്ടു നിന്നില്ല. ഖലീഫാ ഉമറിന്റെ സൈന്യത്തോടൊപ്പം സിറിയ കീഴടക്കാൻ സിറിയയിലേക്കുപോയ മുആവിയ പിന്നീട് അവിടുത്തെ ഗവർണ്ണരും, രാജാവുമൊക്കെയായി മാറി. ഇസ്ലാമിൽ ആദ്യമായി രാജഭരണം നിലവിൽ വന്നു. ക്രമേണ മദീനയിലെ ഇസ്ലാമിക ഭരണം അവസാനിപ്പിക്കുകയും, മദീനാ പട്ടണത്തെ അക്ഷരാർത്ഥത്തിൽ നാമാവശേഷമാക്കുകയും, സിറിയയിലെ ഡമസ്ക്കസ് ആസ്ഥാനമായി മുആവിയ തന്റെ അമവി - ഭരണം(രാജഭരണം) ആരംഭിക്കുകയും ചെയ്തു. (AD 662 - 750)മുആവിയ തുടങ്ങിവെച്ച അമവി ഭരണം സുമാർ 92 വർഷം നിലനിന്നു. ഈ രാജഭരണകാലഘട്ടത്തിലാണ് മുആവിയ അബുഹുറൈറ എന്ന ജൂതപണ്ഡിതന്റെ സഹായത്തോടെ **അഹ്ലുസ്സുന്നത്തുവൽജമാഅത്ത്** എന്ന അറേബ്യൻ സുന്നി പ്രസ്ഥാനത്തിന്ന് തുടക്കമിട്ടത്. ഖുർആനിന്നു പകരം, നബിയുടെ വചനങ്ങൾ എന്ന പേരിൽ (ഹദീസുകൾ എന്ന പേരിൽ) ഖുർആനിന്നു കടകവിരുദ്ധമായ ആശയങ്ങളുള്ള വചനങ്ങൾ കെട്ടിയുണ്ടാക്കി, അതിലൂടെ ഖുർആനിലുള്ള ഏതാണ്ടെല്ലാ നിയമങ്ങളും മുആവിയ ദുർബലപ്പെടുത്തി. നബി അറേബ്യയിൽ പ്രബോധനം ചെയ്യുന്ന കാലത്ത് - ആ ഇരുപത്തിമൂന്നു വർഷത്തിൽ - 21 വർഷവും നബിയെ എതിർത്ത നബിയുടെ കഠിന ശത്രുക്കളായിരുന്നു അബു സൂഫിയാനും മകൻ മുആവിയയും. നബി മക്ക കീഴടക്കിയപ്പോൾ ഗത്യന്തരമില്ലാതെ അവർ ഇസ്ലാമിൽ ചേക്കേറി എന്നു മാത്രം. അതേ മുആവിയയാണ് അറേബ്യയും, റോമാ - പേർഷ്യൻ സാമ്രാജ്യങ്ങളും ഉൾപ്പെട്ട മഹത്തായ ഇസ്ലാമിക രാഷ്ട്രത്തിന്റെ അധിപനായി മാറിയത്. നബിയെയും, ഖുർആനെയും(ഇസ്ലാമിനെ) വാളുകൊണ്ട് നശിപ്പിക്കാൻ പറ്റില്ല എന്നു അനുഭവത്തിലൂടെ പഠിച്ചറിഞ്ഞവനായിരുന്നു മുആവിയ. അതുകൊണ്ട് തനിക്കു കിട്ടിയ ഇസ്ലാമിന്റെ ഖലീഫ എന്ന പരമാധികാര സ്ഥാനം ഉപയോഗിച്ചുകൊണ്ട് ഇസ്ലാമിനെ പരമാവധി അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും കുത്തിനിറച്ചു ഒരു അറേബ്യൻ ആചാരമതമാക്കി ലോകത്തിന്റെ വിവിധഭാഗത്തേക്ക് കയറ്റിയയച്ച് **'ഇസ്ലാമിനെ തകർക്കുക ; അറബിസം വളർത്തുക'** എന്ന ഖുറൈശികളുടെ ഹിഡൻ അജണ്ടയുമായി ആ നബി വിരോധി ഉണ്ടാക്കിയ മതമാണ് 'അഹ്ലുസ്സുന്നത്തു വൽജമാഅത്ത്' ! അഹ്ലുസ്സുന്നത്തിന്റെ - ഇന്നത്തെ സുന്നി - ശിയാ പ്രസ്ഥാനക്കാരുടെ ഒരൊറ്റ ആചാരവും ഖുർആനിൽ കാണപ്പെടാതിരിക്കുവാൻ കാരണവുമതാണ്. (സംസ്കാരത്തിന്റെയും,

പരിഷ്കാരത്തിന്റെയും ബാലപാഠങ്ങൾ പഠിക്കാൻ തുടങ്ങുന്ന അറബികളുടെയും, അറേബ്യയെപ്പോലുള്ള ലോകത്തിലെ ഒരോ രാഷ്ട്രങ്ങളുടെയും – ലോകത്തിന്റെയും, നന്മക്ക് ദൈവം, ദൈവദൂതന്മാരിലൂടെ നൽകിയ ദിവ്യസൂക്തങ്ങളാണ് ഖുർആൻ). നബിയേയും, വിശുദ്ധഖുർആനേയും, നേർക്കുനേരെയും, പരോക്ഷമായും ധിക്കരിച്ചുകൊണ്ടാണ് മുആവിയ 'ഹദീസുകൾ' എന്ന പേരിൽ ഒരു രണ്ടാം പ്രമാണ ഗ്രന്ഥമുണ്ടാക്കിയതും അതിലൂടെ ലോകമുസ്ലീംകളെ മുഴുവൻ വഞ്ചിച്ചതും, കുരങ്ങ് കളിപ്പിച്ചതും , വിഡ്ഢികളാക്കിയതും..!!

ഗോത്രദൈവങ്ങളും, അർത്ഥശൂന്യമായ ഗോത്രാചാരങ്ങളും, വർഗ്ഗീയ ചിന്തകളും വെടിഞ്ഞുകൊണ്ട് പ്രകൃതിക്കും, പ്രകൃതി നിയമമായ രക്തബന്ധത്തിനും, കുടുംബബന്ധത്തിനും, സാമൂഹ്യബന്ധത്തിനും പവിത്രമായ സ്ഥാനം നൽകിക്കൊണ്ട്, നീതിയും, നന്മയും മാത്രം അടിസ്ഥാനമാക്കി ജീവിക്കുന്നഒരു സമൂഹത്തെ വാർത്തെടുക്കുക അതിലൂടെ അറേബ്യയെ ഒരു സ്വർഗ്ഗഭൂമിയാക്കുക എന്ന ഖുർആനിക സ്വലാത്തിനെയാണ്, കേവലം അഞ്ചുനേരം അറബിഭാഷയിൽ ഒരു പുരോഹിതന്റെ പിറകിൽ നിന്നുകൊണ്ട് കുരങ്ങന്മാരെപ്പോലെ പ്രാർത്ഥിക്കുക(Monkey paryer) എന്ന സുന്നീ – സ്വലാത്താക്കി മുആവിയയും, അബൂഹുറൈറയും മാറ്റിമറിച്ചത്...!! ആ ആചാരനമസ്ക്കാരം – അല്ല, ആ അനാചാര നമസ്ക്കാരം നടപ്പിലാക്കാൻ വേണ്ടിയാണ് അവർ ഖുർആനിലെ ആയിരത്തിലധികം സൂക്തങ്ങൾക്കു പുതിയ അർത്ഥവും, ആശയവും കണ്ടുപിടിച്ചു ദുർവ്യാഖ്യാനം ചെയ്തു 'സുന്നി തഫ്സീറു'കളുടെ രൂപത്തിൽ ലോകത്തു പരത്തിയത്. ഈ അനാചാര നമസ്ക്കാരം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ്, ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത 'വുളു' എന്ന അംഗസ്നാനം അവർ നടപ്പിലാക്കിയത്. വുളു എന്ന ഒരു പദം പോലും ഖുർആനിൽ ഇല്ല എന്നിരിക്കേ, അതു നടപ്പിലാക്കാൻ വേണ്ടിയാണ്, വിശുദ്ധഖുർആനിലെ രണ്ട് സൂക്തങ്ങൾ (5:6)(4:43) ക്കു കൃത്രിമമായ അർത്ഥം സങ്കൽപ്പിച്ചുണ്ടാക്കി അവർ വുളു എന്ന അഞ്ചുനേരം മടമ്പുരച്ചു കാൽകഴുകൽ പരിപാടി ലോകം മുഴുവൻ നടപ്പിലാക്കിയത്. അതിലെ അട്ടിമറികളാണ് നാം പഠിച്ചുകൊണ്ടിരിക്കുന്നത്. അട്ടിമറികൾ എളുപ്പം മനസ്സിലാവാൻ ഒരൽപ്പം ചരിത്രത്തിന്റെ മേമ്പൊടി കൂടി നല്ലതാണല്ലോ. അതുകൊണ്ടാണ് സാന്ദർഭികമായി ഒരൽപ്പം ചരിത്രവും കൂടി പറഞ്ഞത്. ഇനി നമുക്ക് വീണ്ടും വുളുവിന്റെ സത്യം തേടിയുള്ള യാത്ര തുടരാം.

പാദങ്ങളെ തടവണമെന്നു മാത്രമാണ് ഖുർആൻ പറഞ്ഞത്. എന്നാൽ തടവിയാൽ പോരാ കഴുകണം – അതും മടമ്പുരച്ചു കാൽ കഴുകണം, ഇല്ലെങ്കിൽ ആ കാലും അതിന്റെ ഉടമയും നരകത്തിലാണ് എന്നാണ് അബുഹുറൈറ കള്ള ഹദീസുകളിലൂടെ 'നബി പറഞ്ഞത്' എന്നു പറഞ്ഞ് പഠിപ്പിച്ചത്. അങ്ങനെ ഖുർആനിൽ ഇല്ലാത്ത ഒരു നിയമം, ഹദീസുകൾ എന്ന പേരിൽ സുന്നിലോകത്ത് – മുസ്ലീംകളുടെ ഹൃദയത്തിൽ – കടന്നുകൂടുകയും, ഇസ്ലാമിക ലോകത്ത് സ്ഥിര പ്രതിഷ്ഠ നേടുകയും ചെയ്തു. "ചെരുപ്പോ, ഷൂസോ ധരിച്ചവരാണെങ്കിൽ, കാലിൽ ചെളിയൊന്നുമില്ലെങ്കിലും, പാദം തുടച്ചാൽ മതി, വുളു ശരിയാകും, നമസ്ക്കാരവും ശരിയാകും.." എന്ന് പുരോഗമനവാദികളായ ചില മുജാഹിദു – ജമാഅത്തു മൗലവിമാരും പുരോഗമനാശയക്കാരായ ചില അറബികളും പഠിപ്പിച്ചിട്ടും, യാഥാസ്ഥിതികരായ സുന്നികൾ അതൊന്നും തീരെ ചെവിക്കൊള്ളാതെ, ചെരുപ്പും, ഷൂസും, അഴിച്ച് മാറ്റിവെച്ച്, മടമ്പുരച്ച് കാൽ കഴുകി, അഞ്ചുനേരവും നമസ്ക്കരിക്കാൻ തയ്യാറാവുന്നത് അവരിൽ അബൂഹുറൈറ ചെറുപ്പം മുതലേ കുത്തിവെച്ച ഈ മതഭ്രാന്തു മൂലമത്രെ !!

അഞ്ചുനേരം അറബിഭാഷയിൽ സംഘടിതമായി പ്രാർത്ഥിച്ചാലേ നമസ്ക്കാരം ദൈവം സ്വീകരിക്കുകയുള്ളു., നമസ്ക്കാരം ദൈവം സ്വീകരിക്കണമെങ്കിൽ വുളു(അംഗസ്നാനം) നിർബന്ധമാണ്. അപ്പോൾ മാത്രമെ നാം ഒരു യഥാർത്ഥ സുന്നിയാവുകയുള്ളു. ആ സുന്നികൾക്കു മാത്രമേ സ്വർഗ്ഗമുള്ളു. ബാക്കിയുള്ള മതക്കാരൊക്കെ നരകത്തിലെ വിറകാണ് എന്നൊക്കെയാണ് അബൂഹുറൈറ, കള്ളഹദീസുകളിലൂടെ സുന്നികളെ പഠിപ്പിച്ചത്. (**അബുഹുറൈറയുടെ തനിനിറം** എന്ന ചേകന്നൂർ മൗലവിയുടെ ഗ്രന്ഥം ഇതിനോടൊപ്പം ചേർത്തുവായിക്കുക.) നമസ്ക്കാരത്തിന് മുമ്പ് മടമ്പുരച്ച് കാൽകഴുകണം അല്ലെങ്കിൽ ആ കാലും അതിന്റെ ഉടമയും നരകത്തിലാണ് എന്ന ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ഒരു സിദ്ധാന്തം ഖുർആനിന്റെ വരികൾക്കിടയിൽ അവർ തുന്നിചേർത്തു എന്നത് എട്ടാമത്തെ അപകടമായി – അബദ്ധമായി നമുക്ക് ഗണിക്കാം. (കാൽ കഴുകണം) എന്ന കാര്യം ഒരു ബ്രാക്കറ്റ് പോലും ഇടാതെയാണ് ഒരു വിധം എല്ലാ പരിഭാഷക്കാരും എഴുതിയിട്ടുള്ളത്. അത്രക്കും ഖുർആനിനെ(സത്യത്തെ = ഹഖിനെ) അവർ അസത്യവുമായി – ബാത്വിലുമായി – (ഹദീസുമായി) കൂട്ടിക്കുഴച്ചു എന്നു സാരം!! ഇതുതന്നെയല്ലെ പഴയകാലത്തെ ചില വേദക്കാർ (ചില ജൂത – കൃസ്ത്യൻ – ഹിന്ദു പുരോഹിതന്മാർ) ചെയ്തതും...? അപ്പോൾ നമ്മുടെ സുന്നി – ശിയാ പണ്ഡിതന്മാരും, ജൂത – കൃസ്ത്യൻ പണ്ഡിതന്മാരും തമ്മിൽ ആ വിഷയത്തിലും യാതൊരു വ്യത്യാസവുമില്ല എന്നു സാരം.

ഇനി നമുക്ക് വുളുവുണ്ടാക്കാൻ വേണ്ടി അബുഹുറൈറകൾ കളിച്ച കളിയിലെ **ഒമ്പാതമത്തെയും പത്താമത്തെയും അബദ്ധങ്ങൾ** പഠിക്കാം.

**ഇലൽ കഅബൈനി** എന്നതിന് 'ഞെരിയാണിവരെ' എന്നർത്ഥം കൊടുത്തത് ശുദ്ധഭോഷ്ക്കാണ്! ഖുർആനും, അറബിഭാഷയും, സാഹിത്യവും പഠിച്ച ഒരു വ്യക്തിക്ക് അങ്ങനെ ഒരർത്ഥം പറയാനെ സാദ്ധ്യമല്ല. നാം ആദ്യമേ സൂചിപ്പിച്ചതുപോലെ 'ഇലാ'ക്ക് ('ലേക്ക്' (to) എന്നൊക്കെയാണ് – ഉദാ:- ഇലസ്സൂഖ് = അങ്ങാടിയിലേക്ക്. ഇലാ ദിക്‌രില്ലാഹി = ദൈവസ്മരണയിലേക്ക് – ഖുർആനിലേക്ക് എന്നൊക്കെയാണ് ശരിയായ അർത്ഥം. 'വരെ' എന്നർത്ഥം കിട്ടണമെങ്കിൽ ഹെത്താ എന്നു തന്നെ പറയണം. ഉദാ:- ഹെത്താ – മത്‌ലഉൽഫജ്ർ – പ്രഭാതോദയം വരെ.
(ഹെത്താ – സുർതുമുൽ – മഖാബിർ – നിങ്ങൾ ഖബർസ്ഥാനുകൾ – ശവകുടീരങ്ങൾ – സന്ദർശിക്കുന്നതുവരെ – മരിക്കുന്നതുവരെ = എത്രയോ മരണങ്ങൾ – എത്രയോ ശവകുടീരങ്ങൾ നിങ്ങൾ സന്ദർശിച്ചിരിക്കുന്നു. എന്നിട്ടും പെരുമനടിക്കലും (പൊങ്ങച്ചം കാട്ടലും, അഹങ്കരിക്കലും) നിങ്ങളെ പരസ്പരം അകറ്റിയിരിക്കുന്നു(102:1). മരിക്കുന്നതു വരെ പൊങ്ങച്ചം കാണിക്കൽ നിങ്ങൾ അവസാനിപ്പിക്കുകയില്ല ! എന്ന് ആശയം).

അതേപോലെ **ഇലൽ കഅബൈനി** എന്ന പദം മുമ്പേ പറഞ്ഞ റുഊസുകളെയും (കാരണവന്മാരെയും – മേലാളൻമാരെയും) അർജുലക്കും(നിങ്ങളുടെ കുട്ടികളെയും – കീഴാളൻമാരെയും) എന്നീ പദങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഭാഷാന്തരം ചെയ്യുമ്പോൾ സമ്പൂർണ്ണമായും – പൂർണ്ണമായും എന്നൊക്കെ മാത്രമെ ഒരു സഹൃദയനായ ഒരു അറബി ഭാഷാപണ്ഠിതന് അർത്ഥം നൽകാൻ പറ്റൂ. നിങ്ങളുടെ ചുറ്റുമുള്ള മുതിർന്നവർക്കും കുട്ടികൾക്കും അർഹമായ പരിഗണന സമ്പൂർണ്ണമായി (രണ്ട് കൂട്ടർക്കും) നൽകുക എന്നു മാത്രമാണ് അതിന്റെ ശരിയായ അർത്ഥം.

**അബദ്ധം – 11 – വ ഇൻ കുൻതും ജുനുബൻ** – എന്നതിലെ ജുനുബൻ എന്ന പദത്തിന് 'ജനാബത്തുകാരൻ' – (സ്ത്രീകളുമായി സഹവസിച്ച് വലിയ അശുദ്ധിയുണ്ടായവൻ) എന്നർത്ഥം നൽകിയത് ഏറ്റവും വലിയ ഒരു വഷളത്തരവും, ഖുർആൻ ധിക്കാരവുമാണ്. ഖുർആനിലോ, ഖുർആൻ ഇറങ്ങിയ ശുദ്ധമായ അറബിഭാഷയിലോ, ജനബ എന്ന പദത്തിന് 'വലിയ അശുദ്ധി' എന്നൊരർത്ഥം കാണുക സാദ്ധ്യമല്ല. ജനബ എന്ന പദത്തിന് 'അകന്നു നിന്നു', ഓരം ചേർന്നു നിന്നു, അരികിലേക്ക് മാറി നിന്നു എന്നൊക്കെയാണ് അർത്ഥം. ജനബയുടെ വിവിധ രൂപങ്ങൾ (–അകലുക, അകറ്റി നിർത്തുക,) (4:31) (5:90) (14:35) (39:17) (42:37) (53:32) (16:36) (22:30) (28:11) (49:12) (87:11) (92:17) ദശക്കണക്കിന് സ്ഥലങ്ങളിൽ ഖുർആൻ ഉപയോഗിച്ചിട്ടും, അതൊന്നും തീരെ പരിഗണിക്കാതെ, മറച്ചുവെച്ചുകൊണ്ട് അക്കാലത്ത് സൗദി അറേബ്യയിൽ എവിടെയും ഇല്ലാതിരുന്ന



ഒരർത്ഥം സിറിയയിലെ ഡമാസ്ക്കസിൽ നിന്ന് (അറബികൾ ലോകമഹാശക്തിയായപ്പോൾ – അറബികൾ പണക്കാരായപ്പോൾ) തന്റെ മിഷനറി പ്രവർത്തനം വഴി കള്ള ഹദീസുകളിലൂടെ പ്രചരിപ്പിച്ചു മുആവിയയും, അബുഹുറൈറയും(സുന്നികളും – ശിയാക്കളും) ഇസ്ലാമിനെ അട്ടിമറിച്ചു(നബിയെയും, ഖുർആനെയും അവഗണിച്ചു) എന്നു വരുമ്പോൾ, അവരെക്കാൾ വലിയ 'ക്രൂരന്മാരും', ഇസ്ലാമിന്റെ ശത്രുക്കളും മറ്റാരാണ് എന്നാണ് നമുക്ക് ചോദിക്കാനുള്ളത്...!!

ഇവിടെ ഒരു പ്രത്യേക കാര്യവും കൂടി നാം ഓർക്കേണ്ടതുണ്ട്. നബിയും, ഇമാം അലിയും, ഖലീഫാ അബൂബക്കറും, ഖലീഫാ ഉമറും, അബൂദർറുൽ ഗിഫാരിയുമൊക്കെ ചേർന്ന് മദീന ആസ്ഥാനമാക്കിയുണ്ടാക്കിയ ഇസ്ലാമിക ഭരണം തകർക്കുകയും, ശാന്തവും, ലളിതവും, പവിത്രവുമായ മദീനയിലെ മണ്ണിൽ നിന്ന്, ഇസ്ലാമിന്റെ ആസ്ഥാനം അക്കാലത്തെ ലോകമഹാവൻനഗരമായ – ലോകത്തിലെ ആദ്യത്തെയും, അക്കാലത്തെ ഏറ്റവും വലിയ, ആഢംബരങ്ങളുള്ള പട്ടണമായ സിറിയയിലെ ഡമാസ്ക്കസിലേക്ക് മാറ്റുകയും ചെയ്തപ്പോൾ – ഖുർആനിന്നു പകരമായി ഹദീസുകൾ ഉണ്ടാക്കിയപ്പോൾ – ഹദീസുകൾ കൊണ്ട് പൂർണ്ണമായും ഖുർആൻ ദുർബ്ബലപ്പെടുത്തിയപ്പോൾ – ഇസ്ലാമിന്നു പകരം 'അഹ്‌ലുസ്സുന്നത്ത്' എന്ന അറേബ്യൻ പാരമ്പര്യ മതം, കൃസ്തുമതം പോലെ സംഘടിച്ചു ലോകത്തുപരത്തിയപ്പോൾ – അത്ഭുതങ്ങളൊന്നും കാണിക്കാത്ത ഒരു സാധാരണ മനുഷ്യൻ എന്നു ഖുർആൻ മുഹമ്മദ് നബിയെ പരിചയപ്പെടുത്തിയത് മറച്ചുവെച്ചുകൊണ്ട്, മുഹമ്മദ് നബി ആകാശത്ത് കയറിയെന്നും, അല്ലാഹുവുമായി നേരിട്ടു സംസാരിച്ചു എന്നും അന്നാണ് **'അമ്പത് നേരം – അല്ല അഞ്ച് നേരം അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്ന നമസ്കാരം അല്ലാഹു നിർബന്ധമാക്കിയത് '** എന്നും, നബി മരിച്ചുപോയ കുട്ടികളെ തന്റെ ദിവ്യശക്തികൊണ്ട് വിളിച്ചു, 'ജീവൻ വെപ്പിച്ചു' എന്നൊക്കെയുള്ള കള്ളക്കഥകൾ (കള്ളഹദീസുകൾ) പ്രചരിപ്പിച്ചു, നബിയെ ഒരു മനുഷ്യദൈവമാക്കി ചിത്രീകരിക്കുകയും ചെയ്തപ്പോൾ – ഖുർആൻ അറബിഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കും ഭാഷാന്തരം ചെയ്യാൻ പാടില്ല എന്ന നിയമവും കൂടി – നിബന്ധനയും കൂടി – വെച്ചിരുന്നു. അതെന്തിനെന്നല്ലേ..? ഖുർആനിലെ ആശയങ്ങൾ പെട്ടെന്ന് താൻ പ്രബോധനം ചെയ്യാൻ ഉദ്ദേശിക്കുന്ന അനറബി ഗോത്രങ്ങൾക്കിടയിൽ പ്രചരിക്കാതിരിക്കാനും, ഖുർആനിലെ തിരഞ്ഞെടുത്ത കുറെ പദങ്ങൾക്കു പ്രത്യേകമായ അർത്ഥം നൽകി, തന്റെ അഹ്‌ലുസ്സുന്നത്ത് എന്ന സുന്നി മതത്തിൽ ഉണ്ടാക്കാൻ പോകുന്ന – അല്ലെങ്കിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന – നമസ്ക്കാരം, നോമ്പ്, ഹജ്ജ്, ബാങ്ക്, വുളു,

സുന്നത്ത് നമസ്ക്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ, താടി, തൊപ്പി, ചേലാകർമ്മം, തറാവീഹ് നമസ്ക്കാരം, വ്യഭിചാരിയെ എറിഞ്ഞുകൊല്ലൽ തുടങ്ങിയ അനാചാരങ്ങൾക്ക് ഖുർആനിൽ തന്നെ ചില തെളിവുകളും, സൂചനകളുമൊക്കെയുണ്ട് എന്നു വരുത്തിത്തീർക്കാനായിരുന്നു അത്..!അതിലവർ ഒരുപരിധി വരെ - അല്ല സമ്പൂർണ്ണമായി വിജയിക്കുകയും ചെയ്തു..!അർത്ഥമറിയാതെ ഖുർആൻ ഈണത്തിലോതുകയും, ഹദീസുകൾക്കനുസരിച്ച് 'ഫുൾടൈം കുരങ്ങൻ പ്രാർത്ഥനാ പ്രസ്ഥാനവു'മായി ജീവിക്കുകയുമാണല്ലോ, സുന്നികളും, ശിയാക്കളും ഇന്നും ചെയ്യുന്നത്. പ്രാർത്ഥനകളൊക്കെ രഹസ്യമായി ചെയ്യണമെന്ന് ഖുർആനും, മുഹമ്മദ് നബിയും ആവർത്തിച്ച് പഠിപ്പിക്കുമ്പോൾ വിശേഷിച്ചും (7:205) (7:55) അവരുടെ ഈ ഖുർആൻ വിരുദ്ധ ബാങ്കിലും, നമസ്ക്കാരത്തിലും അമ്പതോളം തെറ്റുകളുണ്ടെന്ന്, അമ്പതുവർഷങ്ങൾക്കുമുമ്പ് ചേകന്നൂർ മൗലവി, ഗ്രന്ഥമെഴുതി സമർത്ഥിച്ചിരിക്കേ വിശേഷിച്ചും...!!

ചേകന്നൂർ മൗലവിയുടെ **നമസ്ക്കാരം, എങ്ങനെ എപ്പോൾ എത്ര?** എന്ന ഗ്രന്ഥവും, **ഖുർആൻ വിരുദ്ധബാങ്കും, ജമാഅത്തും** എന്ന ഗ്രന്ഥവും ഇതൊടൊപ്പം കൂട്ടിവായിക്കുക. (Visit: Khur - aan Sunnath Society.com).

**പന്ത്രണ്ടാമത്തെ അബദ്ധം:-**

**ഫതഹ്ഹറൂ-** എന്ന പദത്തിനു 'നിങ്ങളെല്ലാവരും ശുദ്ധിയാകൂ' എന്നു മാത്രമേ ഭാഷയിൽ അർത്ഥമുള്ളൂ. നമ്മുടെ മനസ്സുകളിൽ നിന്നും പൈശാചിക ചിന്തകൾ നീക്കിക്കളയുന്നതും നമ്മുടെ മനസ്സുകൾക്ക് സ്ഥൈര്യവും ആത്മവിശ്വാസവും നൽകുന്ന - നാം വളരെ ആലോചിച്ച് എടുക്കുന്ന തീരുമാനങ്ങളിൽ നമ്മുടെ കാലടികളെ ഉറപ്പിച്ചു നിർത്താൻ പര്യാപ്തവുമായ, ഒരു ദൈവിക ജലമാണ് - *ഒരു പുണ്യ തീർത്ഥമാണ്* - ഖുർആൻ എന്ന് വിശുദ്ധ ഖുർആനിലൂടെ (8:11) അല്ലാഹു പഠിപ്പിച്ചിട്ടും ആ സൂക്തങ്ങളുടെ കാവ്യഭംഗിയോ പൂർവ്വാപരബന്ധമോ നോക്കാതെ, ആ പുണ്യതീർത്ഥത്തെ കേവലം ആകാശത്തു നിന്നിറക്കിയ ഒരു മഴവെള്ളമായി ഏതാണ്ടെല്ലാ സുന്നി - ശിയാ തഫ്സീറുകാരും, വ്യാഖ്യാനിച്ചതും, അങ്ങനെ സാധാരണ വെള്ളംകൊണ്ട് കൈയും, മുഖവും, കാലും കഴുകുക എന്ന ഒരു ചടങ്ങ് (വുളു) മുസ്ലീംലോകത്ത് നടപ്പിലാക്കിയതും അവരുടെ വക്രബുദ്ധിയും, ഈ വിഷയത്തിൽ പന്ത്രണ്ടാമത്തെ ഖുർആൻ ധിക്കാരവുമായി നമുക്കു കണക്കാക്കാം. 'കാൽതടവൂ' എന്നു ഖുർആൻ പറഞ്ഞപ്പോൾ മടമ്പുരച്ചു കാൽകഴുകൂ എന്നർത്ഥം വെച്ച ഈ അബൂഹുറൈറ പ്രഭൃതികൾക്ക്, മനസ്സിലെ പൈശാചിക ചിന്തകളെ നീക്കിക്കളയുന്നതും, നിങ്ങളുടെ കാലടികളെ ഉറപ്പിച്ചു നിർത്തുന്നതുമായ ഒരു ജലം നാം ആകാശത്തു നിന്ന് ഇറക്കി എന്നു ഖുർആൻ പറഞ്ഞപ്പോൾ, അതിലെ സാഹിത്യവും, അലങ്കാരവും കാണാതെ പോയത് അവരുടെ വക്രബുദ്ധി കൊണ്ടല്ലാതെ മറ്റൊന്നുംകൊണ്ടല്ല. കള്ളനും, കൊലപാതകിയും, വഞ്ചകനുമൊക്കെയായ ഒരു തെമ്മാടി മഴവെള്ളം കൊണ്ടു കുളിച്ചാൽ മനസ്സ് ശുദ്ധിയാകില്ലെന്ന് മനസ്സിലാകാത്ത ഏതെങ്കിലും പടുവിഡ്ഢികളുണ്ടാവുമോ. അപ്പോൾ അതു മുഹമ്മദ് നബിതിരുമേനിയുടെ ചിന്താമണ്ഡലമാകുന്ന വിഹായസ്സിൽ നിന്ന് - ചിന്തകളുടെ ആകാശത്തുനിന്ന് - പൂർവ്വപ്രവാചകൻമാരടക്കമുള്ള മഹാൻമാരുടെ ചിന്തകളുടെ ലോകത്ത് നിന്ന് - മുഹമ്മദ് നബിയുടെ മനസ്സിലേക്ക് അല്ലാഹു അവതരിപ്പിച്ച ദിവ്യസൂക്തങ്ങളാകുന്ന ഖുർആൻ എന്ന പുണ്യതീർത്ഥമാണ് എന്ന കാര്യത്തിൽ ചിന്തിക്കുന്നവർക്ക് - സഹൃദയരായ വിശ്വാസികൾക്ക് - രണ്ടുപക്ഷമുണ്ടാവാൻ തരമില്ല..!!

മാത്രമല്ല മുഹമ്മദ് നബിയെയും, മുസ്ലീകളെയും തനിവഷളൻമാരായി ലോകത്ത് ചിത്രീകരിക്കാൻ ഒരു മഹാവഷളത്തരവും കൂടി, സുന്നി തഫ്സീറുകാർ അവരുടെ ഖുർആൻ പരിഭാഷകൾക്കിടയിൽ എഴുതിച്ചേർത്തു. അതെന്തന്നല്ലെ നബിയോടൊപ്പം യുദ്ധത്തിനുപോയ നബിയുടെ അനുചരൻമാർക്കെല്ലാം യുദ്ധത്തിനു തമ്പടിച്ചുകൊണ്ടിരിക്കേ, ഒരു രാത്രിയിൽ പെട്ടെന്ന് എല്ലാവർക്കും സ്വപ്നസ്ഖലനമുണ്ടായെന്നും, അങ്ങനെ അവർക്ക് കുളിക്കാനും, അവരെ ശുദ്ധിയാക്കാനും, അവർക്ക് ധൈര്യം നൽകാനും, അല്ലാഹു ആകാശത്തുനിന്ന് മഴവർഷിച്ചു എന്നുമൊക്കെയാണ് ആ മഹാവഷളൻ കഥ!! അൽമാഅ് (ആ പുണ്യതീർത്ഥം - ഖുർആൻ) എന്നതുകൊണ്ടുള്ള വിവക്ഷ ആ മഴയാണത്രേ...!! ഹാ..കഷ്ടം...!

ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര,
ചോരതന്നേ കൊതുകിന്ന് കൗതുകം...!!

തുടർന്ന് നമുക്കു പ്രസ്തുത ഖുർആൻ വചനങ്ങളുടെ പരിഭാഷയിലെ - അടുത്ത വരിയിലെ - പതിമൂന്ന് മുതൽ പതിനേഴുവരെയുള്ള (മൊത്തം അഞ്ചു അബദ്ധങ്ങൾ) കൂടി പഠിക്കാം.

**പതിമൂന്നാമത്തെ അബദ്ധം:-**

**വ ഇൻ കുൻതും മർളാ.** നിങ്ങൾ രോഗികളായാൽ എന്നേ ഖുർആൻ പറഞ്ഞുള്ളൂ. അതിനെ വെറും ശാരീരികമായ രോഗം മാത്രമായി കണ്ടൂ എന്നതാണ് അതിലെ ഏറ്റവും വലിയ അബദ്ധം.!! 'മനസ്സിൽ രോഗ'വുമായി നടക്കുന്ന 'രോഗി'കളെക്കുറിച്ചാണ് ഖുർആൻ അധികവും പരാമർശിക്കുന്നത്. (2:10) (10:57) (5:52)(8:49) (9:125) (22:53) (24:50) (33:12,32,60) (47:20,29) (74:31) ..... (2:184) (5:6) (4:43) (4:102) (26:80). ഖുർആനും, ബൈബി

ളും, ഹൈന്ദവ ധർമ്മങ്ങളുമൊക്കെ വന്നത് മനുഷ്യരെ മാനസികമായി ഉയർത്താനും അവരെ ആത്മീയമായി ശക്തരാക്കാനുമാണ്. അബദ്ധജടിലമായ ഗോത്രാചാരങ്ങളിൽ നിന്നും, ഗോത്രദൈവങ്ങളിൽ നിന്നുമൊക്കെ വിശ്വാസികളെ മോചിപ്പിച്ച്, പരസ്പരം ഗോത്രവും, വർഗ്ഗവും, മതവും, ജാതിയുമൊക്കെയായി ഭിന്നിച്ചു നിൽക്കുന്നതിൽ നിന്ന് അവരെ തടയാനും, എല്ലാവരുടെയും ദൈവം ഒരേയൊരു ദൈവം, ആ അല്ലാഹുവിന്റെ കാണുന്ന ഭാഗം മാത്രമാണ് ഈ പ്രകൃതിയും നമുക്കു ചുറ്റുമുള്ളതെല്ലാം, എന്നും നമ്മുടെയും, നമുക്കു ചുറ്റുമുള്ള ആ പ്രകൃതിയുടെയും പരിശുദ്ധി നിലനിർത്തുക (നമുക്കു ചുറ്റുമുള്ള പാവപ്പെട്ടവരെ സഹായിക്കുക എന്നതാണ് ഏറ്റവും വലിയ ആരാധന) എന്ന സത്യം മനസ്സിലാക്കി പരസ്പരം സ്നേഹിച്ചും, സഹകരിച്ചും, ഉള്ളവൻ ഇല്ലാത്തവനു നൽകിയും, വളരെ സന്തോഷത്തോടെയും, സംതൃപ്തിയോടെയും ഈ ഭൂമിയിൽ ജീവിക്കാൻ വേണ്ടിയാണ് നമുക്കു അല്ലാഹു ഈ ജീവിതം ഒരു വരദാനം പോലെ നൽകിയിട്ടുള്ളത്. അല്ലാഹു നൽകിയ വരദാനമായ ഈ ജീവിതം പരമാവധി സന്തോഷത്തോടെയും, സംതൃപ്തിയോടെയും ജീവിച്ചു തീർക്കുമ്പോൾ മാത്രമാണ് നാം ദൈവത്തോട് നന്ദി കാണിക്കുന്നവനാവുകയുള്ളു. അപ്പോൾ മാത്രമേ ദൈവവും, സംതൃപ്തനും, നമ്മെക്കുറിച്ച് അഭിമാനം കൊള്ളുന്നവനും ആവുകയുള്ളു. നമുക്കു പ്രശ്നങ്ങളും, പ്രയാസങ്ങളും, ദുരിതങ്ങളും, അപകടങ്ങളും വരുമ്പോൾ നാം അറിയാതെത്തന്നെ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചു പോവാറുണ്ട്. അപ്പോഴൊന്നും നാം 'ശമ്പളവും, ശാപ്പാടും' കൊടുത്താൽ മാത്രം ഇമാമായി നിൽക്കുന്ന ഒരു പുരോഹിതനെ മുന്നിൽ നിർത്താനോ ബാങ്കും, ഇഖാമത്തുമൊക്കെയായി - ആകെ ബഹളമയമാക്കി - മുക്രിയും, മുല്ലാക്കയും വരാനോ കാത്തു നിൽക്കാറില്ല...!!അതേ, അല്ലാഹുവിനോട് എന്നും രഹസ്യമായി നേരിട്ടങ്ങ് പ്രാർത്ഥിക്കാനും, എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കാനുമാണ് ഖുർആനും, മുഹമ്മദ് നബിയും ആവർത്തിച്ച് പഠിപ്പിക്കുന്നത്. എല്ലാ ചടങ്ങു പ്രാർത്ഥനകളും ചെന്നവസാനിക്കുന്നത് പൗരോഹിത്യത്തിന്റെ ചൂഷണത്തിലാണ്. നമ്മുടെ ജീവിതവിജയത്തിനും, നിലനിൽപ്പിനുമായി ഈ പ്രകൃതിയിലൂടെ അല്ലാഹു നൽകിയ വിഭവങ്ങൾ - അതു പണമായും, പാലായും, തേനായും, യാഗമായും, ഹോമമായും, ശമ്പളമായും, ബത്തയായും, കാണിക്കയായുമൊക്കെ, അതു നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളുടെ മുമ്പിൽ സമർപ്പിച്ചു പാഴാക്കിക്കളയുന്നത് ഖുർആനിക ദൃഷ്ട്യാ ഗുരുതരമായ മഹാപാപ (ശിർക്ക്)മാകുന്നു.(16:56). ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അഞ്ചുനേരത്തെ ബാങ്കും, അഞ്ചുനേരത്തെ അറേബ്യൻ നമസ്ക്കാരവും, നിലനിർത്തുന്നതും അതിന്നുവേണ്ടി മുല്ലാക്കക്കും, മുക്രിക്കും ശമ്പളം കൊടുക്കുന്നതുമൊക്കെയാണ് ഏറ്റവും വലിയ ശിർക്ക്..!!.

**പതിനാലാമത്തെ അബദ്ധം:-**

**ഔ എലാ സഫരിൻ** എന്നതിലെ 'സഫർ' എന്ന പദത്തിന് യാത്ര എന്നാണ് അറബിഭാഷയിൽ അർത്ഥമെങ്കിലും, മാനസികമായ (വൈജ്ഞാനികവുമായ) അന്വേഷണം എന്നൊരർത്ഥവും കൂടി അതിനുണ്ടെന്നിരിക്കെ, ഖുർആനും, മുഹമ്മദ് നബിയും വൈജ്ഞാനികമായ അന്വേഷണത്തിനാണ് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് എന്നിരിക്കേ, ആ ബൗദ്ധികമായ - വിജ്ഞാനപരമായ - (പ്രത്യയശാസ്ത്രപരമായ) ആ അന്വേഷണത്തെ മറച്ചുവെച്ചതും, കേവലം അതൊരു ശാരീരികമായ യാത്രയായി മാത്രം വ്യാഖ്യാനിച്ചതും ഒരു മഹാ അട്ടിമറി തന്നെയാണ്. വിശുദ്ധ ഖുർആൻ എന്ന ആ മഹാ വിപ്ലവ ഗ്രന്ഥത്തെ, അറേബ്യൻ ജാഹിലിയ്യത്ത് -(പുരാതന അറബികളുടെ നടപടിക്രമങ്ങളും, വിവരക്കേടും) മാത്രം പ്രതിപാദിക്കുന്ന ഒരു ഫിഖ്ഹ് (കർമ്മശാസ്ത്ര) ഗ്രന്ഥമായി തരം താഴ്ത്താൻ പഴയ റോമാ - പേർഷ്യൻ സാമ്രാജ്യത്തിലെ ചില - ജൂത ക്രിസ്ത്യൻ പണ്ഡിതന്മാരുടെ(അബുഹുറൈറകളുടെ സഹായത്തോടെ) നബി വിരോധികളായിരുന്ന ഖുറൈശി പ്രമുഖർ (അമവി - അബ്ബാസി രാജാക്കന്മാർ) കിണഞ്ഞു ശ്രമിച്ചതിന്റെ പരിണിതഫലം മാത്രമാണിത് എന്ന സത്യം നാം ഒരു കാലത്തും മറന്നുപോകരുത്. യഥാർത്ഥത്തിൽ മുഹമ്മദ് നബിയെ - നബികൊണ്ടുവന്ന ഖുർആൻ(ഇസ്ലാം) എന്ന പ്രത്യയശാസ്ത്രത്തെ - തകർക്കാൻ ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ തന്നെ അബുഹുറൈറയും, മുആവിയയും പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. അതായിരുന്നു ഹദീസ്. (അഹ്ലുസ്സുന്നത്തു വൽജമാഅത്ത്). അബുഹുറൈറയുടെയും, മുആവിയയുടെയും ആ ഹദീസ് പദ്ധതി അമവി - അബ്ബാസി രാജാക്കന്മാർ (അബുസൂഫ്യാന്റെയും - മകൻ മുആവിയയുടെയും ഒസ്യത്തനുസരിച്ചു) വളരെ സമയബന്ധിതമായും, ആസൂത്രണം ചെയ്തും നടപ്പിൽ വരുത്തുകയായിരുന്നു.(AD 662 - 750)

**പതിനഞ്ചാമത്തെ അബദ്ധം-**

**ഔ ജാഅ അഹദു മിൻക്കും - മിനൽ ഗാഇതി** - താഴ്ന്ന പ്രദേശത്തുനിന്ന് വരിക, താഴ്‌വരയിൽ നിന്ന് മുകളിലോട്ട് വരിക, മുത്തിന് വേണ്ടി ആഴിയുടെ ആഴങ്ങളിൽ പോയി മുകളിലോട്ട് വരിക, പ്രശ്നങ്ങൾ പരിഹരിക്കുക, ഊളിയിടുക, എന്നോക്കെ അർത്ഥം വരുന്ന 'ഗഅത' എന്ന പഥത്തിൽനിന്നാണ് ഗാഇത്ത് എന്ന പഥം നിഷ്പന്നമാകുന്നത്. കുഴി, അധോലോകം, മലം, (സുന്നി- തഫ്സീർ) എന്നൊക്കെയുള്ള അർത്ഥങ്ങൾ പിന്നീട് അറബിഭാഷയിൽ ഹദീസിലൂടെ വന്നുചേർന്നതാണ്. പണ്ടുകാ

ലത്തെ അറബികൾ മലമൂത്ര വിസർജ്ജനത്തിനായി താഴ്‌വരയിലേക്ക് ഇറങ്ങിപ്പോവുക പതിവായിരുന്നുവത്രേ. അതിൽ നിന്നാണത്രേ ഗാഇതിന്ന് മലം എന്നർത്ഥം കിട്ടിയത്. മലം പിന്നെ 'മലമൂത്രവിസർജ്ജന'മായി ക്രമേണ മൂത്രം പിന്നെ മലത്തേക്കാൾ അപകടം പിടിച്ച ഒരു സാധനമായി. എത്രത്തോളമെന്നാൽ, മൂത്രം എന്ന ഒരു പദംപോലും ഖുർആനിൽ ഇല്ലെന്നിരിക്കേ, പ്രസ്തുത ഗാഇതിനെ അവർ മലമൂത്രം എന്നാക്കി, മൂത്രം ഏറ്റവും അപകടം പിടിച്ച ഒരു നിഷിദ്ധ വസ്തുവാണെന്നു (നജസ് ആണെന്നു) വരുത്തിത്തീർത്തു. എത്രത്തോളമെന്നാൽ പ്രാർത്ഥിക്കാൻ തയ്യാറെടുത്ത വ്യക്തി മൂത്രിച്ചാൽ വീണ്ടും അംഗസ്നാനം ചെയ്യണം(അഥവാ വുളു എടുക്കണം). കഴിഞ്ഞില്ല 'ഒസ്‌വാസ്'. തുള്ളി മൂത്രം ലിംഗാഗ്രചർമ്മത്തിൽ തങ്ങിനിന്നാൽ വുളു ശരിയാവില്ല. അതുകൊണ്ടു ലിംഗാഗ്രചർമ്മത്തിലും, മൂത്രാശയത്തിന്റെ മടക്കുകളിലുമൊക്കെ തങ്ങിനിൽക്കുന്ന തുള്ളിമൂത്രം പുറത്ത് ചാടിക്കാൻ ഇടത്തേ കൈയിൽ ലിംഗവും പിടിച്ച് സുന്നികൾ ഒരു നാലഞ്ചടി നടക്കണം. ഇസ്തിബ്റാ എന്നാണ് സുന്നിതഫ്സീറിൽ (ഖുർആനിനെ 'നശിപ്പിക്കാൻ'വേണ്ടിമാത്രം ഉണ്ടാക്കിയ ഹദീസ് – ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ) ഈ മഹത്തായ കർമ്മശാസ്ത്രത്തിന് അവർ സാങ്കേതികമായി പേരിട്ടിരിക്കുന്നത്. 'ഇസ്തിബ്റാ' എന്ന ഈ അറുവഷളൻപ്രകടനം (ലിംഗ പ്രകടനം) നടത്താത്ത ഒരൊറ്റ സുന്നിയും ഇന്നു മുസ്ലീം ലോകത്തില്ല. അതിന്നു വേണ്ടിയാണ് സുന്നികൾ അവരുടെ തുണി ഇടതു വശത്താക്കി ഉടുക്കുന്നതു തന്നെ.! ചേകന്നൂർ മൗലവിയുടെയും, മറ്റു മുജാഹിദ് മൗലവിമാരുടെയും നിശിതമായ വിമർശനത്തിന്റെയും, മതപ്രബോധനത്തിന്റെയും ഫലമായി പല സുന്നി വിഭാഗങ്ങളും അതിൽ നിന്ന് പിന്മാറാൻ തുടങ്ങിയിട്ടുണ്ട്. എന്നാലും, പേന്റ്സും, ജീൻസുമൊക്കെയിട്ട സംസ്ക്കാര സമ്പന്നരായ കുട്ടികൾ അവർക്കു മൂത്രശങ്ക തോന്നിയാൽ, വിജനമായ ഒരു സ്ഥലത്തേക്ക് മാറി, ആർക്കും ശല്യമില്ലാത്ത രീതിയിൽ നിന്നു മൂത്രമൊഴിച്ചാൽ 'നായ മൂത്രിക്കുന്നതുപോലെ' എന്ന് ഇതേ സുന്നികൾ ഇന്നും അവരെ കളിയാക്കുന്നു..!! നബി പോലും നിന്നു മൂത്രമൊഴിച്ചിട്ടുണ്ടെന്നും (ബുഖാരി – മുസ്ലീം), മൂത്രം(മൂത്രത്തുള്ളി), കഫവും, തുപ്പലും, പോലെ അത്ര വൃത്തികെട്ട ഒരു മാലിന്യമല്ലെന്നു നബി പഠിപ്പിച്ചിട്ടും, ഇതൊന്നും തലയിൽ കയറാത്ത സുന്നിപുരോഹിതന്മാരാണ് മറ്റുള്ളവരെ 'തുള്ളി മൂത്രത്തിന്റെ' പേരും പറഞ്ഞ് കാഫിറാക്കാൻ നടക്കുന്നത് എന്നു പ്രത്യേകം മനസ്സിലാക്കുക.



**മുസ്ലീംകളെ വഷളാക്കാനും, കുരങ്ങ് കളിപ്പിക്കാനും മറ്റൊരു വഷളൻ നിയമവും കൂടി.–**

സുന്നി നിയമ പ്രകാരം നമസ്ക്കാരത്തിനു വേണ്ടി വുളു എടുത്തവൻ മൂത്രിച്ചാൽ അവന്റെ 'വുളു മുറിഞ്ഞു' എന്ന നിയമം നാം കണ്ടുവല്ലോ. അതുപോലെ മറ്റൊരു കഴുത മസാലയും കൂടിയുണ്ട് സുന്നികളുടെ (അബുഹുറൈറയുടെ) ഫിഖ്ഹ് ഗ്രന്ഥത്തിൽ. അതെന്തന്നെല്ലെ..! അധോവായുപോയാലും വുളുമുറിയുമെന്നാണ് അബുഹുറൈറ (ബുഖാരി – മുസ്ലീം)യുടെ ആ കള്ള ഹദീസ്. ഖുർആനോ, മുഹമ്മദ് നബിയോ വുളു, ചടങ്ങ് നമസ്ക്കാരം, എന്നിങ്ങനെ ഒരാരാധനയും പഠിപ്പിക്കുന്നില്ല. എന്നിരിക്കേ, ഖുർആനിൽ ഇല്ലാത്ത (നബി പഠിപ്പിക്കാത്ത) ഒരു അനാചാരത്തിന്റെ പേരിലാണ് അബുഹുറൈറ നമ്മെ വീണ്ടും, വീണ്ടും കുരങ്ങ് കളിപ്പിക്കുന്നത് എന്ന് പ്രത്യേകം ഓർത്തു വെക്കുക. അധോവായു പോയാലും കൈയ്യും, മുഖവും, മടമ്പുരച്ചു കാലും കഴുകിയിട്ടെന്തു കാര്യം, കഴുകുകയാണെങ്കിൽ, ആദ്യം കഴുകേണ്ടത് ആസനമല്ലേ എന്ന ചേകന്നൂർ മൗലവിയുടെ ചോദ്യം മൊല്ലാക്കയോട് ചോദിച്ചാൽ മൊല്ലാക്കയുടെ കണ്ണ് തള്ളും ! പിന്നെ കണ്ണുരുട്ടി സുന്നിക്കുട്ടികളെ പേടിപ്പിക്കും. ഇതൊക്കെയാണ് സുന്നിലോകത്തെ ചെറിയ വലിയ തമാശകൾ. എന്നാൽ ഇതൊരു കുരങ്ങ് കളിപ്പിക്കലാണെന്നു പറയാൻ കാരണം മറ്റൊന്നുമല്ല. അബുഹുറൈറ തന്നെ മറ്റൊരു കള്ളഹദീസിൽ(കള്ള വാർത്തയിൽ) നബി പറഞ്ഞതായി ഇങ്ങനെ രേഖപ്പെടുത്തുന്നു. നിങ്ങൾ മലമൂത്രവിസർജ്ജനം കഴിഞ്ഞു വന്നാൽ വെള്ളം കിട്ടുകയാണെങ്കിലും, വെള്ളം കൊണ്ട് കഴുകൽ നിർബന്ധമില്ല. വല്ല ഇലയിലോ, മണലിലോ, തുടച്ചാൽ മതി...!!(ബുഖാരി – മുസ്ലീം) ഹായ്...എന്തൊരു നല്ല സംസ്ക്കാരം.! അറബികളെ സംസ്ക്കാരസമ്പന്നരാക്കാൻ വന്ന നബി കാട്ടറബികളിൽ കാട്ടറബിയായിരുന്നു എന്ന് ഇസ്ലാമിന്റെ ശത്രുക്കൾക്ക് പ്രചരിപ്പിക്കാൻ ഇനി ഇതിൽ കൂടുതൽ എന്തു വേണം. ദുർവ്യാഖ്യാനം ചെയ്തുണ്ടാക്കിയതാണെങ്കിലും, സുന്നികളുടെ തന്നെ തഫ്സീറിൽ(ഖുർആൻ പരിഭാഷയിൽ) എഴുതിയിട്ടുള്ളത്,(5:6) (4:43) വെള്ളം കിട്ടിയില്ലെങ്കിൽ മാത്രം വല്ല ഇലയോ, കല്ലോ കൊണ്ടു തുടച്ചാൽ മതി എന്നാണ്..!!ആ നിയമം പോലും കാറ്റിൽ പറത്തിക്കൊണ്ടാണ് വെള്ളമുണ്ടെങ്കിലും കക്കൂസിൽ പോയി വന്നാൽ കല്ലോ, മറ്റോ ഉപയോഗിച്ച് ആസനം തുടക്കലായിരുന്നു നബിയുടെ പതിവെന്ന് ആ നബി വിരോധി തട്ടിവിട്ടത്...!! അപ്പോൾ മലവിസർജ്ജനം കഴിഞ്ഞുവന്നാൽ വെള്ളം കിട്ടിയാലും, വെള്ളം കൊണ്ട് കഴുകേണ്ടതില്ല, എന്നു തന്റെ ശിഷ്യന്മാരായ സുന്നികളെ പഠിപ്പിച്ച അബുഹുറൈറക്ക് അധോ

വായു പോയാൽ കൈയും, കാലും, മുഖവും കഴുകണം - കഴുകൽ നിർബന്ധമാണ് - എന്നു പഠിപ്പിക്കാൻ എന്തവകാശം എന്നായിരുന്നു ചേക ന്നൂർ മൗലവിയുടെ പ്രസക്തമായ ഒരു ചോദ്യം...!! ആ ചോദ്യങ്ങൾ വീണ്ടും വീണ്ടും നമുക്ക് സുന്നി- മുജാഹിദ് - ജമാഅത്ത് മൗലവിമാ രോട് ചോദിക്കാം..!! ഈ രീതിയിൽ സുന്നികളെ കുരങ്ങ് കളിപ്പിച്ചുകൊ ണ്ടാണ് അബുഹുറൈറയും, മുആവിയയും, അഹ്ലുസ്സുന്നത്ത് വൽജമാ അത്ത് എന്ന ഖുർആൻ വിരുദ്ധ സുന്നിപ്രസ്ഥാനത്തിന് സിറിയയിലെ ഡാമ സ്ക്കസിൽ വെച്ച് ആദ്യ കാലത്ത് അടിത്തറയിട്ടത്.

നോക്കണം; ഖുർആനോ, നബിയോ പഠിപ്പിക്കാത്ത ചടങ്ങു നമ സ്ക്കാരത്തിന്റെയും, വുളുവിന്റെയും, പേരിലാണ് വുളു മുറിയുന്ന ഈ രണ്ട് മഹത്തായ നിയമങ്ങൾ ഇന്നു മുസ്ലീം ലോകം പേറുന്നത്. അബുഹു റൈറയുടെയും. അയാളുണ്ടാക്കിയ കള്ളഹദീസുകളുടെയും ഭാണ്ഡം ഈ സമുദായം പേറുന്ന കാലമത്രയും നാം നാറിക്കൊണ്ടിരിക്കുമെന്ന് ഇനിയെങ്കിലും തിരിച്ചറിയുക...!! മലവിസർജ്ജനം കഴിഞ്ഞുവന്നാൽ വെള്ളം കിട്ടിയില്ലെങ്കിൽ, ഭൂമിയുടെ ശുദ്ധമായ ഉപരിതലത്തിൽ, കൈപ്പ ത്തിയമർത്തി, കൈയും, മുഖവും തടവിയാൽ, (തയമ്മും ചെയ്താൽ) മതിയെന്നതു പോലുള്ള കഴുത മസാലകൾ സുന്നികളെ പഠിപ്പിച്ച ഈ പുരോഹിതന്മാർ ഈ സമുദായത്തെ നാറ്റിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ...!!

അധോവായുപോയാൽ വുളു മുറിയും(1) മലവിസർജ്ജനം കഴി ഞ്ഞുവന്നാൽ തയമ്മും ചെയ്യണം(2), മൂത്രത്തുള്ളി പോലും നജസാണ്(3) എന്നൊക്കെയുള്ള മൂന്നു നിയമങ്ങൾ - ഖുർആനോ, നബിയോ പഠിപ്പി ക്കാത്ത നിയമങ്ങൾ, സുന്നി പരിഭാഷകൾക്കിടയിൽ അവർ തന്ത്രപൂർവ്വം എഴുതിവെച്ചതു കണ്ടില്ലേ. ഇതെല്ലാം ഖുർആനെക്കാളും മഹത്തായ നിയ മങ്ങളാണ് സുന്നീ - മുജാഹിദ് - മൗലവിമാർക്ക്. എന്നാൽ ഖുർആനും, മുഹമ്മദ് നബിയും പഠിപ്പിക്കുന്ന വിദ്യാഭ്യാസം, കരാർപാലനം, സർവ്വമത സാഹോദര്യം, നീതിയിലും, നന്മയിലും(ധർമ്മത്തിൽ), അധിഷ്ഠിതമായ വ്യക്തി ജീവിതവും സാമൂഹ്യ ജീവിതവും, പ്രകൃതി സംരക്ഷണം, അഗ തിസംരക്ഷണം, അനാഥസംരക്ഷണം, മനുഷ്യാവകാശങ്ങൾക്കുവേണ്ടി യുള്ള പോരാട്ടങ്ങൾ (ധർമ്മ സമരങ്ങൾ), സാംസ്ക്കാരിക പ്രവർത്തന ങ്ങളോട് സഹകരിക്കൽ എന്നിവയൊന്നും അവർ മദ്രസ്സകളിലെ പാഠ്യപ ദ്ധതികളിൽ കാര്യമായി ഉൾപ്പെടുത്തിയിട്ടേ ഇല്ല എന്നു തിരിച്ചറിയുമ്പോ ഴാണ് ഈ കഴുത മസാലകളുടെ ഭീകരത നമ്മെ അലോസരപ്പെടുത്തുന്ന ത്. എങ്ങനെയെങ്കിലും മുഹമ്മദ് നബിയെയും, വിശുദ്ധഖുർആനെയും - അതു വഴി ലോക മുസ്ലീംകളെമുഴുവനും വഷളന്മാരാക്കി ചിത്രീകരിക്കാൻ വേണ്ടി മാത്രമാണ് അവർ സുന്നത്ത് - ജമാഅത്ത് എന്ന ഈ അറേബ്യൻ



പാരമ്പര്യമതം പടച്ചുവിട്ടത് എന്നു സാരം.

**അബൂഹുറൈറ നബിയുടെ പേരിൽ പറഞ്ഞു പരത്തിയ ഒരു വമ്പൻ നുണ ശ്രദ്ധിക്കുക** - നബി പറഞ്ഞുവത്രേ. സനാതന ധർമ്മങ്ങ ളിൽ പെട്ട മഹത്തായ അഞ്ചു കാര്യങ്ങളുണ്ട് ഇസ്ലാമിൽ. അതിലൊന്നാമ ത്തേത് ഗുഹ്യസ്ഥാനത്തെ മുടിവടിക്കലാണ്, 2) ചേലാകർമ്മം ചെയ്യൽ, 3) മീശ വെട്ടൽ, 4)കക്ഷത്തെ മുടിപറിക്കൽ, 5) നഖം മുറിക്കൽ എന്നിവ യാണത്. ഇതൊക്കെയാണാ മഹത്തായ സനാതന ധർമ്മങ്ങൾ. അക്ഷരാ ഭ്യാസം, കരാർപാലനം, സാംസ്ക്കാരിക പ്രവർത്തനങ്ങളോടുള്ള സഹ കരണം, പ്രകൃതി സംരക്ഷണം, അനാഥകളുടെയും, അഗതികളുടെയും, അടിമകളുടെയും സമൂഹത്തിലെ മറ്റു ദുർബ്ബല വിഭാഗങ്ങളുടെയും മോച നത്തിനു വേണ്ടിയുള്ള ഖുർആനിക ധർമ്മ സമരം (ജിഹാദ്), സത്യത്തി ന്റെയും, നീതിയുടെയും(ധർമ്മത്തിന്റെ)സംസ്ഥാപനം, എന്നിങ്ങനെ ഖുർ ആൻ പഠിപ്പിക്കുന്ന പ്രധാനപ്പെട്ട സനാതന ധർമ്മങ്ങൾക്കു പകരം, അബു ഹുറൈറ നബിയുടെ പേരിൽ പ്രചരിപ്പിച്ച കള്ള ഹദീസുകൾ നിങ്ങൾ മുകളിൽ കണ്ടില്ലേ. അബുഹുറൈറ, അല്ലാഹുവിന്റെയും, അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിന്റെയും ശത്രുവാണെന്ന് പ്രഖ്യാപിച്ച ഖലീഫാ ഉമ റിന്റെ ആ മഹദ് വചനം - ആ പ്രഖ്യാപനം നൂറു ശതമാനവും ശരിയായി രുന്നു എന്നു മനസ്സിലാക്കാൻ, ഇതിൽ കൂടുതൽ തെളിവ് ഇനിയെന്ത് വേണം...? **(ഇസ്ലാം കാര്യം ഖുർആനിൽ അഞ്ചല്ല - പത്തുണ്ട്, അബൂഹു റൈറയുടെ തനിനിറം** എന്നിങ്ങനെ - ചേകന്നൂർ മൗലവിയുടെ പ്രശ സ്തമായ ഗ്രന്ഥങ്ങൾ ഇതോടൊപ്പം ചേർത്തു വായിക്കുക).

വുളു നടപ്പിലാക്കുമ്പോൾ സുന്നി - ശിയാ പണ്ഡിതന്മാർ വിശുദ്ധ ഖുർആനിന്റെ വരികൾക്കിടയിൽ നടത്തിയ മൂന്നു മഹാ കൃത്രിമങ്ങളാണ് നാം മുകളിൽ കണ്ടത്. ഇനി നമുക്ക് വീണ്ടും ഖുർആനിലെ തന്നെ വരിക ളിൽ അവർ നടത്തിയ ദുർവ്യാഖ്യാനത്തിലേക്കും അട്ടിമറിയിലേക്കും മട ങ്ങാം.

ചുരുക്കിപ്പറഞ്ഞാൽ വളരെ മോശമായ ഒരു ചുറ്റുപാടിൽ നിന്നു കയറിവന്നവരാണ് നിങ്ങളെങ്കിൽ, ആ പ്രതിച്ഛായ ഖുർആൻ കൊണ്ട് ആദ്യം സ്വയം മാറ്റാതെ ഈ ഖുർആനിക പ്രബോധനത്തിന്റെ മുൻനിരയിൽ നിങ്ങൾ നിൽക്കരുത് എന്ന് മാത്രമാണ് ഖുർആനും നബിയും പഠിപ്പിക്കു ന്നത്. അധോലോകം എന്നതുകൊണ്ട് ഏതു മോശമായ അവസ്ഥയും (ഏതു മ്ലേച്ഛമായ അവസ്ഥയും) അതിൽ വരാം. അതൊരു പക്ഷേ വർഗ്ഗീയ - ഭീകര പ്രസ്ഥാനമാകാം, നിരീശ്വര പ്രസ്ഥാനമാകാം. നിങ്ങൾ ഒരു അധോ ലോകത്തിലെ അറിയപ്പെടുന്ന അംഗമാവാം,(ക്വട്ടേഷൻ സംഘം) അല്ലെ ങ്കിൽ സ്ത്രീപീഢനക്കേസിലോ, അഴിമതിക്കേസിലോ, ശിക്ഷിക്കപ്പെട്ടവ

രാകാം. ഏതൊരവസ്ഥയിൽ നിന്ന് നിങ്ങൾ വന്നാലും ആദ്യം ഖുർആൻ മുഖേന നിങ്ങൾ സ്വയം ശുദ്ധരാവണം. ഖുർആൻ എന്ന പ്രത്യയശാസ്ത്രം നിങ്ങൾക്കു ദഹിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു നല്ലതായി തോന്നുന്ന ഏതെങ്കിലും നല്ല പ്രത്യയശാസ്ത്രം മുഖേന നിങ്ങൾ ശുദ്ധരാവണം. ഏതു പ്രത്യശാസ്ത്രമായാലും, അതു നിങ്ങളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും ശുദ്ധീകരിക്കുന്നതും നിങ്ങളെ സമൂഹം ഒരു മിത്രത്തെപ്പോലെ അംഗീകരിക്കാൻ പ്രേരിപ്പിക്കുന്നതുമായ ഒന്നായിരിക്കണം. ഈ മഹത്തായ ഒരാശയമാണ് സുന്നി തഫ്സീറിൽ 'കക്കൂസിൽ നിന്നു വന്നാൽ കൈയും, മുഖവും തടവണം' എന്നു സുന്നി മൗലവിമാർ വ്യാഖ്യാനിച്ചത്...?

അംഗസ്നാനമുണ്ടാക്കാൻ - വുളുവിന്റെ അദ്ധ്യായമുണ്ടാക്കാൻ ഖുർആനിന്റെ വചനങ്ങളിൽ മുമ്പു നടത്തിയ 15 ദുർവ്യാഖ്യാനങ്ങൾ നാം കണ്ടുവല്ലോ. അതേപോലെ വരികൾക്കിടയിലെ മൂന്നു വഷളൻ നിയമങ്ങളും (സുന്നികൾ മുറുകെ പിടിക്കുന്ന മൂന്ന് ഹദീസ് നിയമങ്ങളും) നാം കണ്ടു. ഇപ്പോൾ മൊത്തം പതിനെട്ട് മഹാ അബദ്ധങ്ങളായി. ഇനി നമുക്ക് പത്തൊമ്പതാമത്തെ അബദ്ധം എന്താണെന്ന് പഠിക്കാം.

**പത്തൊമ്പതാമത്തെ അബദ്ധം:-**

**ഔ - ലാമസ്തുമുന്നിസാഅ** - എന്ന പദത്തിന് നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തിയാൽ എന്നു ഭാഷാന്തരം ചെയ്തതും ഗുരുതരമായ തെറ്റുതന്നെയാണ്. നിസാഉന്നു സ്ത്രീകൾ എന്നർത്ഥമുണ്ടെങ്കിലും അൽനിസാഅ - (അന്നിസാഅ്) എന്നതിന്നു എന്തെങ്കിലും പ്രത്യേകതയുള്ള സ്ത്രീ എന്നോ, ദുർബ്ബലവിഭാഗങ്ങൾ (Woman & the woman-ും തമ്മിലുള്ള വ്യാത്യാസം പോലെ) ദൗർബല്യം എന്നൊക്കെയാണ് അർത്ഥം പറയേണ്ടത്.

നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഗോത്രയുദ്ധങ്ങളുടെയും, കക്ഷിമാത്സര്യത്തിന്റെയും ഫലമായി ആകെ തകർന്നുപോയ ഒരു സമൂഹമായിരുന്നു അറബികളുടേത്. ഏതൊരു സമൂഹവും, സാമ്പത്തികമായും, സാമൂഹ്യമായും, സാംസ്ക്കാരികമായും തകരുമ്പോൾ അതിന്റെ കെടുതികൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ആ സമൂഹത്തിലെ സ്ത്രീകളും, കുട്ടികളുമാണ്. ജാഹിലിയ്യാ കാലഘട്ടത്തിലും സ്ഥിതി വിഭിന്നമായിരുന്നില്ല. അനാഥകളും, അടിമകളും, അഗതികളും, വിധവകളുമായി ധാരാളം സ്ത്രീകൾ അറേബ്യയിലുണ്ടായിരുന്നു. മദീനയിൽ ആദ്യമായി ഒരു ഇസ്ലാമിക രാഷ്ട്രം സ്ഥാപിച്ചപ്പോൾ ആ ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പല പദ്ധതികളും നബി നടപ്പിലാക്കുകയുമുണ്ടായി. വിശുദ്ധ ഖുർആനിലെ ഒരദ്ധ്യായം തന്നെ ആ ദുർബ്ബലവിഭാഗങ്ങ



ളുടെ സംരക്ഷണത്തിനും, പുരോഗതിക്കും വേണ്ടിയുള്ള പദ്ധതികളാണ്. അന്നിസാഅ് എന്ന ആ അദ്ധ്യായം (4-ാം അദ്ധ്യായം) 'ദുർബ്ബല വിഭാഗങ്ങൾ' (the weak sector) എന്നു ഭാഷാന്തരം ചെയ്യേണ്ടതിന്നു പകരം കേവലം സ്ത്രീകൾ എന്നു മാത്രം അർത്ഥം നൽകിയതും സുന്നി തഫ്സീറുകാരുടെ കുബുദ്ധി ഒന്നുകൊണ്ടുമാത്രമാണ്. ഖുർആൻ ബഹുഭാര്യാത്വം പ്രോത്സാഹിപ്പിക്കുന്നില്ല എന്നിരിക്കേ, രണ്ടും, നാലും ഒക്കെ പെണ്ണുകെട്ടാൻ സുന്നികൾ 'വകുപ്പു'ണ്ടാക്കുന്നതും ഇത്തരം ദുർവ്യാഖ്യാനങ്ങളിലൂടെയാണ്.

എല്ലാ സമൂഹത്തിലും അന്നും, ഇന്നും സ്ത്രീ ഒരു ദൗർബല്യം തന്നെയാണ്. അറബിഭാഷയിലെയും, സാഹിത്യത്തിലെയും, അതുപോലെ ജാഹിലിയ കാലഘട്ടത്തിലെ കവിതകളിലും, സ്ത്രീ തന്നെയായിരുന്നു അവരുടെ ഏറ്റവും വലിയ ദൗർബല്യവും, പ്രതിപാദ്യ വിഷയവും. സുന്ദരിയും, സുശീലയും, സംസ്ക്കാരസമ്പന്നയുമായ ഒരു സ്ത്രീ ഏതൊരു പുരുഷന്റെയും ദൗർബല്യമാണ്. നമ്മെ ദുർബലപ്പെടുത്തുന്നതെന്തും സ്ത്രീയാണ്. അതു സ്ത്രീ തന്നെയാവാം, മദ്യമാവാം, പണമാവാം. ആണിനു പെണ്ണിനോടും, പെണ്ണിന് ആണിനോടുമുള്ള ആകർഷണം ഒരു ദൈവിക നിയമമാണ്. ആണില്ലാതെ പെണ്ണോ, പെണ്ണില്ലാതെ ആണോ സമ്പൂർണ്ണമാകുന്നില്ല. അതുകൊണ്ട് തന്നെ ആണാണോ, പെണ്ണാണോ വലിയവൻ എന്ന ചോദ്യത്തിന് ഖുർആനിൽ പ്രസക്തിയില്ല. ഈ പ്രപഞ്ചത്തിലുള്ളതെല്ലാം ഇണകളായിട്ട് സൃഷ്ടിച്ച അല്ലാഹുവിന്റെ പ്രത്യയശാസ്ത്രമാണ് ഖുർആൻ. ഭാര്യയും, ഭർത്താവും, ഖുർആനിലില്ല. ആകെയുള്ളത് ഇണകൾ - പരസ്പര പൂരകങ്ങളായ ഇണകൾ - മാത്രം.!! (16:72) (13:3)(36:36) (53:45) മാനസികമായോ, ശാരീരികമായോ, എന്തെങ്കിലും വൈകല്യമുള്ളവർക്കേ ഈ സത്യം ദഹിക്കാതിരിക്കുകയുള്ളു.

നിങ്ങളെ വല്ല 'ദൗർബല്യവും' ബാധിച്ചിട്ടുണ്ടെങ്കിൽ, അതു സ്ത്രീവിഷയത്തിലാവാം, മദ്യാസക്തിയാവാം, അല്ലെങ്കിൽ പണമാവാം, അല്ലെങ്കിൽ ആശയപരമായ(പ്രത്യയശാസ്ത്രപരമായ) ദൗർബല്യമാവാം. ഇങ്ങനെ തലതിരിഞ്ഞ വല്ല പ്രത്യയശാസ്ത്രവും നിങ്ങളെ കീഴടക്കിയിട്ടുണ്ടെങ്കിൽ, അതിൽ നിന്നൊക്കെ വിട്ടുമാറി, ഖുർആനാകുന്ന പുണ്യതീർത്ഥം കൊണ്ട്, ആദ്യം നിങ്ങൾ സ്വയം നിങ്ങളുടെ പ്രതിച്ഛായ നന്നാക്കിയതിനുശേഷം മാത്രമേ, നിങ്ങളീ ഖുർആൻ പ്രബോധനത്തിനും, തുടർന്നുള്ള സമൂഹ നിർമ്മിതിയിലും പങ്കാളികളാവാൻ പാടുള്ളു എന്നാണ് ഖുർആൻ പഠിപ്പിച്ചത്. അതിനെ കേവലം ഒരു ലൈംഗിക വേഴ്ച മാത്രമാക്കി വ്യാഖ്യാനിച്ചതും, സുന്നിതഫ്സീറുകാരുടെ വിവരക്കേടോ, കുബു

ദ്ധിയോ, ഖുർആൻ ധിക്കാരമോ ആണ്.

**ഇരുപതാമത്തെ അബദ്ധം:-**

ഫലം തജിദു മാആൻ - എന്നതിലെ 'മാഉ'നെ - ആ ദൈവിക മായ പുണ്യതീർത്ഥത്തെ (8:11) വെറും സാധാരണ ജലമായി കണ്ടു എന്ന താണ് പ്രസ്തുത പരിഭാഷയിലെ ഇരുപതാമത്തെ ദുർവ്യാഖ്യാനം. ഇതു മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

**ഇരുപത്തിയൊന്നാമത്തെ അബദ്ധം: -**

തയമ്മുണ്ടാക്കാൻ വേണ്ടി സുന്നിതഫ്സീറുകാർ ചെയ്ത വഷള ത്തരവും, കൃത്രിമവും, നാം നേരത്തെ കണ്ടുവല്ലോ. യമമ എന്ന പദ ത്തിനു അന്വേഷിച്ചുപോയി, അന്വേഷിച്ചു, തിരഞ്ഞു, എന്നൊക്കെ മാത്രമേ ഭാഷയിൽ അർത്ഥമുള്ളു. അതിൽ നിന്ന് തയമ്മും ചെയ്യുക എന്നൊരു 'മഹത്തായ'- തലതിരിഞ്ഞ - ഒരു ശുദ്ധീകരണ പദ്ധതി കണ്ടുപിടിച്ചു, അതിലൂടെ സുന്നി മൗലവിമാരെ മുഴുവൻ കുരങ്ങു കളിപ്പിച്ച ആ അബു ഹുറൈറ പ്രഭൃതികളുടെ വക്രബുദ്ധിയെ എത്ര 'അഭിനന്ദിച്ചാലും' അധി കമാവുമോ..? കൂട്ടത്തിൽ, മതത്തിൽ നിർബന്ധമില്ല, ഇഷ്ടമുള്ളവർക്ക് വിശ്വ സിക്കാം, ഇഷ്ടമില്ലാത്തവർക്ക് അവിശ്വസിക്കാം എന്നൊക്കെയുള്ള നബി തിരുമേനിയുടെയും, ഖുർആനിന്റെയും ഏററവും മഹത്തായതും, വിപ്ല വാത്മകവുമായ ഒരു മഹാ സിദ്ധാന്തം കൂടി അവർ അവിടെ മറച്ചുവെച്ചു, ഇസ്ലാമിനെ ഒരു വർഗ്ഗീയ സംഘടനയാക്കി മാറ്റി എന്നതും പ്രത്യേകം നാം ഓർക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെയും, മുസ്ലീംകളുടെയും മതസഹിഷ്ണുതയും, ലിബറൽ സ്വഭാവവും, സർവ്വമതസാഹോദര്യവും സാന്ദർഭികമായി പുറത്തു പറയേണ്ട ഒരു സന്ദർഭം തന്ത്രപൂർവ്വം മാറ്റിമറി ക്കുകയും, ആ ഖുർആനിക സത്യം പൂഴ്ത്തിവെക്കുകയും ചെയ്തു എന്നതു ഇരുപത്തിയൊന്നാമത്തെ അബദ്ധമായി നമുക്കു കണക്കാക്കാം.

വീണ്ടും, നിങ്ങളുടെ വീക്ഷണങ്ങളും(വുജൂഹ്), ചെയ്തികളും (അ യ്ദ്) സംശുദ്ധമാക്കിവെക്കുക എന്നതിനെ കേവലം ശാരീരികമായ കൈയും, മുഖവും കഴുകലായി വീണ്ടും ആവർത്തിച്ചതും ഇരുപത്തിര ണ്ടാമത്തെയും, ഇരുപത്തിമൂന്നാമത്തെയും അബദ്ധങ്ങൾ - അല്ല ദുർവ്യാ ഖ്യാനങ്ങൾ തന്നെയാണ്. വിശുദ്ധ ഖുർആനിലെ ഒരു സൂക്തത്തിൽ (5:6ൽ) ഇരുപത്തിമൂന്നു നഗ്നമായ ദുർവ്യാഖ്യാനങ്ങൾ ചെയ്തുകൊണ്ടും, കൃത്രിമം നടത്തിയുമാണ് സുന്നിപുരോഹിതന്മാർ വുളു എന്ന അനാചാരം ഇന്നും നിലനിർത്തിപ്പോരുന്നത്. ഇതേ ദുർവ്യാഖ്യാനങ്ങൾ മറ്റൊരു സൂക്തത്തിലും (4:43ൽ) ആവർത്തിച്ചിട്ടുണ്ട്. അപ്പോൾ മൊത്തത്തിൽ നാൽപതോളം നഗ്ന മായ ദുർവ്യാഖ്യാനങ്ങൾ വിശുദ്ധ ഖുർആനിന്റെ രണ്ടു സൂക്തങ്ങളിലായി



നടപ്പിലാക്കിക്കൊണ്ടാണ് സുന്നി പുരോഹിതന്മാർ വുളു എന്ന ആചാര ത്തിന് ഇസ്ലാമിൽ അടിസ്ഥാനമുണ്ടാക്കിയത്. അറബിഭാഷകൊണ്ട് 'ചെപ്പും പന്തും' കളിക്കാൻ കഴിവുള്ള വ്യക്തിയായിരുന്നു ഇസ്ലാമിനെ അട്ടിമറിച്ച അബുഹുറൈറ എന്ന് തന്റെ ഗ്രന്ഥങ്ങളിലൂടനീളം ചേകന്നൂർ മൗലവി സമർത്ഥിക്കുന്നുണ്ട്. (ഇൻഡക്സ്-2) അങ്ങനെയുള്ള നബിവിരോധിയും, ഖുർആൻ ധിക്കാരിയുമായ ഒരു വ്യക്തിക്കല്ലാതെ, ഇത്തരത്തിലുള്ള ദുർവ്യാഖ്യാനങ്ങൾ ഖുർആനിന്റെ വരികൾക്കിടയിൽ തന്ത്രപൂർവ്വം കുത്തി ക്കയറ്റാൻ ധൈര്യം വരില്ല എന്നതും നമുക്കു ഉറപ്പിക്കാവുന്നതാണ്. 92 വർഷം നീണ്ടു നിന്ന അമവിഭരണത്തിനു തുടക്കമിട്ടത് മുആവിയയായി രുന്നെങ്കിലും(തന്റെ അഹ്ലുസ്സുന്നത്ത് വൽജമാഅത്ത് എന്ന സുന്നിമത ത്തിന് വേണ്ട അടിസ്ഥാന സിദ്ധാന്തങ്ങളും,(ഹദീസുകളും), ഖുർആൻ ദുർവ്യാഖ്യാനങ്ങളും(തഫ്സീറുകളും) ആവിഷ്ക്കരിച്ചത്, തന്റെ കൊട്ടാര പുരോഹിതനായ അബൂഹുറൈറയും, മർവാനുമൊക്കെയായിരുന്നുവെ ങ്കിലും) പിന്നീട് വന്ന കുപ്രസിദ്ധ അമവി ഗവർണ്ണറായിരുന്ന ഹജ്ജാജു ബിൻ യൂസുഫിന്റെ കാലത്താണ് സുന്നിമതവും, സുന്നിതഫ്സീറുമെല്ലാം ലോകത്ത് വ്യാപകമായത്. ചരിത്രപരമായ ആ ഭാഗം മുമ്പ് വിശദീകരിച്ചി ട്ടുണ്ട്.

**ഇനി (4:43 ൽ) വുളുവുമായി ബന്ധപ്പെട്ടു സുന്നി പുരോഹി തന്മാർ വ്യാപകമാക്കിയ രണ്ട് ദുർവ്യാഖ്യാനങ്ങൾ വിശദീക രിക്കാം.**

**ഇരുപത്തിനാലാമത്തെ അബദ്ധം.**

'വ അൻതും സുക്കാറാ' എന്നതിനെ കേവലം ഒരു ലഹരിബാധ യായി (കള്ളുകുടിയായി) മാത്രം ചിത്രീകരിച്ചു എന്നതാണ് അതിലെ ഏറ്റവും വലിയ അട്ടിമറി. എല്ലാതരം മാനസിക വിഭ്രാന്തികൾക്കും 'സക റാത്' എന്നുതന്നെയാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. (ഉദാ: സകറാ തുൽമൗത്ത്), ആ വിഭ്രാന്തി എന്തെങ്കിലും കണ്ടുപേടിച്ചിട്ടാവാം, വിവര ക്കേടുകൊണ്ടാവാം, അശ്രദ്ധകൊണ്ടാവാം, അഹങ്കാരമാവാം, അധികാര ഭ്രമമാകാം, ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടാവാം, (22:2). നിങ്ങൾ ഒരു മാനസിക വിഭ്രാന്തിയിലായിരിക്കെ ഈ വേദത്തോടടുക്കരുത് - നിങ്ങൾ ഒരു മാനസികവിഭ്രാന്തിയിലായിരിക്കെ ഖുർആന്റെ അടിസ്ഥാനത്തിലുള്ള - (വേദഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള) സമൂഹനിർമ്മിതിക്കായ്

നിങ്ങൾ ഇറങ്ങിപ്പുറപ്പെടരുത് എന്നു മാത്രമാണ് അതിന്റെ അർത്ഥം. ഖുർആൻ പാരായണവും, ഖുർആൻ പഠനവും, ഖുർആൻ പ്രചരണവുമൊക്കെ അത്തരമൊരു സമൂഹനിർമ്മിതിയുടെ ആദ്യഘട്ടങ്ങളാണ്. അപ്പോൾ നാം പറയുന്നതും, പ്രവർത്തിക്കുന്നതും എന്താണ്, എന്തിനുവേണ്ടിയാണ് എന്നതിന്നു വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ, നമുക്കു തന്നെ ഒരു വ്യക്തമായ ധാരണയുണ്ടായിരിക്കണം. വിശുദ്ധ ഖുർആൻ തന്നെ ഇതു പല സന്ദർഭങ്ങളിലും പല ശൈലിയിലും ഉണർത്തിയിട്ടുണ്ട്. (61:2,3). എന്നാൽ അതെല്ലാം മറച്ചുവെച്ചുകൊണ്ട് ഒരു വിചിത്രമായ ദുർവ്യാഖ്യാനത്തിലൂടെ പ്രസ്തുത ഖുർആൻ വചനത്തെ അട്ടിമറിക്കുകയാണ് അബൂഹുറൈറകൾ ചെയ്തത്. അതെന്തെന്ന് ശ്രദ്ധിക്കുക.

## നബിതിരുമേനി ഘട്ടം ഘട്ടമായാണ് കള്ളുകുടി നിരോധിച്ചത് എന്നവാദം ഖുർആൻ വിരുദ്ധം.

ഇസ്ലാം (മുഹമ്മദ് നബി) കള്ളുകുടി നിർത്തലാക്കിയത് ഘട്ടം ഘട്ടമായാണ് എന്ന സുന്നിപുരോഹിതന്മാരുടെ കുപ്രചരണത്തിന് ചരിത്രപരമായോ, ഖുർആനികമായോ, യാതൊരു പിൻബലവുമില്ല. അറബികൾ ് 'ലോകമഹാ കള്ളുകുടിയന്മാരായിരുന്നു'വെന്നും, മദ്യവും, മദിരാക്ഷിയും ഒരു ദിവസം പോലും അവരുടെ ജീവിതത്തിൽ നിന്ന് മാറ്റി നിർത്താൻ അറബികൾക്ക് കഴിഞ്ഞിരുന്നില്ലെന്നും, എന്നാൽ മുഹമ്മദ് നബി ഘട്ടം ഘട്ടമായി കള്ളുകുടി നിർത്തലാക്കി എന്നുമൊക്കെയാണ് സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാരുടെ വാദമുഖങ്ങൾ. ഇസ്ലാമിക പ്രബോധനത്തിന്റെ ആദ്യ കാലഘട്ടത്തിൽ കള്ളുകുടിച്ചുകൊണ്ട് സഹാബികൾ (നബിയുടെ അനുചരന്മാർ) പള്ളികളിൽ നമസ്ക്കരിക്കാൻ വരാറുണ്ടായിരുന്നുവത്രെ. പിന്നീട് നബി അവരോട് കള്ളുകുടിച്ചുകൊണ്ട് നമസ്ക്കാരത്തിന്ന് വരരുത് എന്നു കൽപ്പിച്ചുവത്രേ...! 'സഹോദരന്മാരേ സുബ്ഹിക്ക് കള്ള് കുടിച്ചാൽ ളുഹ്റിന്നു (ഉച്ചക്ക്) മദ്യലഹരി മാറുമോ...? ളുഹ്റിന്നു കള്ളു കുടിച്ചാൽ അസറാകുമ്പോഴേക്കും(വൈകുന്നേരമാവുമ്പോൾ) കള്ളിറങ്ങുമോ...?! അസറിനു കള്ള് കുടിച്ചാൽ മഗ്രിബിന്ന് ഇറങ്ങുമോ...? മഗ്രിബിന്ന്(സന്ധ്യാ സമയത്തുള്ള മഗ്രിബ് എന്ന പ്രർത്ഥനാ സമയത്ത്) കള്ളുകുടിച്ചാൽ ഇശാക്കിറങ്ങുമോ...ഇല്ല. (ഇശാ - രാത്രി നമസ്ക്കാരം)... അങ്ങനെ അഞ്ചുനേരം നമസ്ക്കരിക്കാൻ വേണ്ടി നബിയുടെ പള്ളിയിൽ എത്താൻ, സഹോദരന്മാരേ,...നബിയുടെ അനുയായികൾ കള്ളു കുടി നിർത്താൻ തന്നെ തീരുമാനിച്ചു....' എന്നൊക്കെയാണ് ഒരു സുന്നി മുസ്ല്യാർ പ്രസംഗിച്ചത്...! ശരിക്കൊന്നു മദ്യപിച്ചാൽ ആ



ലഹരിയിറങ്ങാനും, അതിന്റെ ഹാങ്ങ് ഓവർ (Hang Over) മാറാനും ഇരുപത്തിനാല് മണിക്കൂറിൽ കൂടുതൽ സമയമെടുക്കുമെന്നൊക്കെയുള്ള വസ്തുതകൾ - ശാസ്ത്രസത്യങ്ങൾ - അറിയാത്ത നിഷ്ക്കളങ്കരായ മുസ്ലീം സഹോദരന്മാരെയും, മുസ്ലീം പണ്ഡിതന്മാരെയും പറ്റിച്ചുകൊണ്ടാണ് ഇത്തരം ദുർവ്യഖ്യാനങ്ങളൊക്കെയെന്ന് നാം മനസ്സിലാക്കണം.

ഖുർആനിൽ അഞ്ചുനേര നമസ്ക്കാരമുണ്ട് എന്നു സ്ഥാപിക്കാൻ അമവിരാജാക്കന്മാരും, അബുഹുറൈറകളും, തുടർന്ന് അബ്ബാസി രാജാക്കന്മാരും, കണ്ടെത്തിയ അനേകം ദുർവ്യാഖ്യാനങ്ങളിലും, കുപ്രചരണങ്ങളിലും ഒന്നു മാത്രമായിരുന്നു നബി ഘട്ടംഘട്ടമായി കള്ളു കുടി നിരോധിച്ചു എന്ന കഥ. എന്നാൽ ഖുർആൻ ഒറ്റയടിക്കു തന്നെ ദൈവിക വ്യവസ്ഥിതിയെ താറുമാറാക്കുന്ന എല്ലാ ക്രമവിരുദ്ധ പ്രവർത്തനങ്ങളെയും നിരോധിച്ചതായി കാണാം. മദ്യം മനുഷ്യർക്കു ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന ഒന്നാണെന്നും, അതുകൊണ്ടു തന്നെ, അതിൽ നിന്നെല്ലാം വിട്ടു നിൽക്കണം എന്നും പറഞ്ഞതായി കാണാം. സുന്നി - ശിയാ തഫ്സീറിൽ അവരുടെ മൗലവിമാർ തന്നെ എഴുതി വെച്ചതു ശ്രദ്ധിക്കുക, (5:90,91).

(അല്ലാഹുവിലും, അന്ത്യദിനത്തിലുമുള്ള വിശ്വാസം ഉൾക്കൊണ്ട്, ലോകത്തിന് സമാധാനം നൽകി ജീവിക്കുന്നവരാകാമെന്ന് ദൈവദൂതൻ മുഖേന (ഖുർആൻ മുന്നിൽ വെച്ചുകൊണ്ട്) പ്രതിജ്ഞ ചെയ്തിട്ടുള്ള) സത്യവിശ്വാസികളേ... മദ്യവും (മനുഷ്യന്റെ ശാരീരിക വ്യവസ്ഥയെയും, സാമൂഹ്യ വ്യവസ്ഥയെയും, താറുമാറാക്കുന്ന (ദൈവിക വ്യവസ്ഥയെ മറച്ചു പിടിക്കുകയും പൈശാചിക പ്രവണതകളെ കയറൂരി വിടുകയും ചെയ്യുന്ന) എല്ലാ ലഹരികളും), ചൂതാട്ടവും (പെട്ടെന്നുപണക്കാരനാകാൻ വ്യാമോഹിച്ച്കൊണ്ട് മനുഷ്യപ്രയത്നത്തിനു പകരം, ഭാഗ്യത്തെയും, ഊഹത്തെയും അടിസ്ഥാനമാക്കി നടത്തുന്ന എല്ലാ വിനോദോപാധികളും), (അസ്ഥാനത്തുള്ള എല്ലാ) പ്രതിഷ്ഠകളും (സാക്ഷാൽ ദൈവത്തിന്റെ സ്ഥാനത്ത് ആൾരൂപങ്ങളെയും, പ്രതിരൂപങ്ങളെയും പ്രതിഷ്ഠിക്കലും,(തന്റെ കഴിവും സ്വാധീനവുമുപയോഗിച്ച്) അനർഹരായ വ്യക്തികളെ അധികാര സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കലും) പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും(ദൈവിക വ്യവസ്ഥയെതാറുമാറാക്കുന്ന എല്ലാക്രമവിരുദ്ധപ്രവർത്തനങ്ങളും (യാഥാർത്ഥ്യങ്ങളെയും കഴിവുകളെയും അവഗണിച്ചുകൊണ്ട് ഊഹങ്ങളെയും ശകുനങ്ങളെയും അടിസ്ഥാനമാക്കി ഭാവി പ്രവചിക്കുക എന്ന അക്രമവും) പിശാചിന്റെ പ്രവൃത്തിയിൽ പെട്ടതാകുന്നു. അതിനാൽ നിങ്ങൾ അതിൽ നിന്നെല്ലാം വിട്ടു നിൽക്കുക. നിങ്ങൾ വിജയികളായേക്കാം.

പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും, ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും, വിദ്വേഷവും ഉളവാക്കാനും, അല്ലാഹുവെ ഓർമ്മിക്കുന്നതിൽ നിന്നും, ഈ വേദഗ്രന്ഥത്തിൽ നിന്നും(അഥവാ ഈ വേദഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലുള്ള സമൂഹ നിർമ്മിതിയിൽ നിന്നും) നിങ്ങളെ തടയുവാനുമാകുന്നു.( ഈ യാഥാർത്ഥ്യങ്ങളൊക്കെ മനസ്സിലാക്കി) നിങ്ങൾ (അവയിൽ നിന്നു) വിരമിക്കാനൊരുക്കമുണ്ടോ'.?

**വീണ്ടും ശ്രദ്ധിക്കുക.! (2: 219).**

**'നബിയേ, നിന്നോടവർ മദ്യത്തേയും, ചൂതാട്ടത്തേയും കുറിച്ചു ചോദിക്കുന്നു. (താങ്കൾ) പറയുക; അവ രണ്ടിലും ഗുരുതരമായ ദോഷമുണ്ട്. . ജനങ്ങൾക്കതിൽ ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ ദോഷത്തിന്റെ അംശമാണ് പ്രയോജനത്തേക്കാൾ വലുത് '**. ഖുർആനും മുഹമ്മദ് നബിയും മദ്യലഹരിയേക്കാൾ മാരകമായി കാണുന്നത് അധികാര ലഹരിയേയും, അതു മൂലമുണ്ടാകുന്ന വമ്പിച്ച അനർത്ഥങ്ങളേയും, ആപത്തുകളേയുമാണ്. അറേബ്യൻ ഗോത്രങ്ങൾ പരസ്പരം കലഹിച്ചിരുന്നതും, ഭിന്നിച്ചിരുന്നതും പ്രധാനമായും മുന്നു ഗോത്രദൈവങ്ങളുടെ പേരിലായിരുന്നു. ലാത്തയും, ഉസ്സയും, മനാത്തയും, ഇതിൽ ലാത്താ ദേവി, സമ്പത്തിന്റെയും, സുഭിക്ഷതയുടെയും, സന്താനലബ്ധിയുടെയും ദേവി (God of fertility) ആയിരുന്നു. ഉസ്സയാവട്ടെ അധികാരത്തിന്റെയും, ശക്തിയുടെയും, പ്രതീകമായിരുന്നു. ഓരോരുത്തരുടെയും സ്വകാര്യമായ ഇച്ഛകളും, വ്യക്തിപരമായ ആഗ്രഹങ്ങളുടെയും(അത്യാഗ്രഹങ്ങൾ? personal greed) പ്രതീകമായിരുന്നു മനാത്ത. ഇന്നും ലോകജനസംഖ്യയിൽ 95 ശതമാനവും സാക്ഷാൽ ദൈവത്തിന്നു പകരം ആരാധിക്കുന്നത് ഈ മൂന്നു വിഗ്രഹങ്ങളെത്തന്നെയാണ് എന്നതാണ് യാഥാർത്ഥ്യം. ഭക്ഷണ പദാർത്ഥങ്ങൾക്കും, മേച്ചിൽ സ്ഥലങ്ങൾക്കും വേണ്ടിയുള്ള മാത്സര്യവും, അധികാരവടംവലിയുമായിരുന്നു അറേബ്യയിലെ ഗോത്രവഴക്കുകളുടെയും, ഗോത്രയുദ്ധങ്ങളുടെയും തുടർന്നുണ്ടായ അരക്ഷിതാവസ്ഥയുടെയും (ജാഹിലിയ്യാ കാലഘട്ടത്തിന്റെ) അടിസ്ഥാന കാരണങ്ങളിൽ ഒന്ന്. ഭൂരിപക്ഷം അറബി യുവാക്കളും, ഗോത്രങ്ങളും മദ്യാസക്തിയുടെയും, ലൈംഗിക അരാചകത്വത്തിന്റെയും പിടിയിൽ ഒതുങ്ങിയിരുന്നു. സ്വന്തം ചിന്തകളെയും, വിവേചന ശക്തിയേയും, സദാചാര മൂല്യങ്ങളേയും തകർത്തുകളയുന്ന മദ്യാസക്തിയിൽ നിന്നും, മറ്റു പൈശാചിക കൃത്യങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ ഖുർആൻ കൽപ്പിക്കുന്നതു കാണാം. മാത്രമല്ല, ഖുർആൻ



അനുസരിച്ച് ജീവിക്കാമെന്നും, നബിയെ അനുസരിക്കാമെന്നും പഴയതുപോലെ കൊലവിളിയും, കൊലയും, മദ്യപാനവും, സാമ്പത്തിക ചൂഷണങ്ങളും, ലൈംഗികമായ അച്ചടക്ക ലംഘനവും കാണിക്കാതെ, സ്വന്തം ഗോത്രത്തിന്റെയും, അതുവഴി അറേബ്യയുടെയും, ലോകത്തിന്റെയും നന്മക്കുവേണ്ടി നിലകൊള്ളാമെന്നുമൊക്കെ പ്രതിജ്ഞ ചെയ്യിപ്പിച്ചതിനു ശേഷമായിരുന്നു നബി തന്റെ ഇസ്ലാമിക സമൂഹത്തിൽ (ദൈവീകഗോത്ര സഭയിൽ) അവർക്ക് അംഗത്വം നൽകിയിരുന്നത്. നബിയെ അംഗീകരിക്കാത്ത ഒരു അറേബ്യൻ ഗോത്രവും, നബിയുടെ സ്റ്റഡി ക്ലാസ്സിലേക്ക്(ഖുർആൻ ക്ലാസ്സിലേക്ക്) കള്ളും കുടിച്ച് വരാൻ ധൈര്യപ്പെട്ടിരുന്നില്ല. അതു നബിയോടുള്ള ഭയം കൊണ്ടായിരുന്നില്ല. പ്രത്യുത ബഹുമാനം കൊണ്ടായിരുന്നു.

## ഇരുപത്തിയഞ്ചാമത്തെ അബദ്ധം:

'ആബിരീ സബീലിൻ' എന്നതിന്നു വഴിയാത്രക്കാരൻ എന്നർത്ഥം വെച്ചതും മറ്റൊരു ഗുരുതരമായ അട്ടിമറി തന്നെയാണ്. നാം മുമ്പ് പറഞ്ഞതുപോലെ സ്വന്തം നിരീക്ഷണങ്ങൾകൊണ്ടും, യുക്തിജ്ഞാനം കൊണ്ടും സ്വന്തമായ അന്വേഷണത്തിലൂടെ ഒരു പ്രശ്നത്തിന്റെ - അല്ലെങ്കിൽ ഒരു വേദത്തിന്റെ - അല്ലെങ്കിൽ ഒരു സംഭവത്തിന്റെ ഗുണപാഠം (ഇബ്റത്ത്) പെട്ടെന്ന് മനസ്സിലാക്കാൻ കഴിയുന്ന - അതിന്റെ ഗുണദോഷങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ കഴിവുള്ള - അത് മറ്റുള്ളവർക്ക് കാര്യകാരണസഹിതം പറഞ്ഞ് കൊടുക്കാൻ കഴിവുള്ള - സമർത്ഥന്മാരായ ബുദ്ധിജീവികൾക്കാണ് ആബിരീ - സബീൽ എന്നു ഖുർആൻ പറഞ്ഞത്. അവരെ കേവലം വഴിയാത്രക്കാർ എന്നു വ്യഖ്യാനിച്ചതും, ജനാബത്തുകാരനായിരിക്കേ - വലിയ അശുദ്ധി ഉള്ളവനായിരിക്കേ - നമസ്ക്കാരത്തിൽ (പ്രാർത്ഥനയിൽ) പങ്കെടുക്കാൻ പാടില്ലെന്നും, എന്നാൽ വഴിയാത്രക്കാരനായി പള്ളിയിലൂടെ (താമസിച്ച്) കയറിയിറങ്ങി പോകുന്നതിൽ തെറ്റില്ലെന്നും നിയമമാക്കിയത് 'ഇല്ലാത്ത നമസ്ക്കാരത്തിന്ന് വല്ലാത്ത പ്രാധാന്യം നൽകുക' എന്ന സുന്നി - ശിയാ പുരോഹിതന്മാരുടെ കുബുദ്ധിയുടെയോ, 'ഹിഡൻ അജണ്ട'യുടെയോ ഒരു ഭാഗം മാത്രമാണെന്നു പറയാതെ വയ്യ.

നോക്കൂ, ഇത്തരത്തിലുള്ള ഇരുപത്തിയഞ്ച് അബദ്ധങ്ങൾ - കൃത്യമായി പറഞ്ഞാൽ രണ്ട് സൂക്തങ്ങളിലും കൂടി മൊത്തം നാൽപ്പതോളം അബദ്ധങ്ങൾ - ദുർവ്യാഖ്യാനങ്ങൾ ചെയ്തുകൊണ്ടാണ് സുന്നി - ശിയാ പുരോഹിതന്മാർ വുളു എന്ന ആചാരം ഇസ്ലാമിലേക്ക് കുത്തിക്കയറ്റിയ


ത്. എന്നാൽ ആ നാൽപ്പതു അബദ്ധങ്ങൾ - ദുർവ്യാഖ്യാനങ്ങൾ - കേവലം അബദ്ധങ്ങൾ മാത്രമാണോ.? അല്ല, ഒരിക്കലുമല്ല! ഒരു ഖുർആൻ വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഓരോ ഖുർആൻ ദുർവ്യാഖ്യാനവും, ദൈവത്തോടുള്ള - ദൈവികഗ്രന്ഥത്തോടുള്ള വെല്ലുവിളിയാണ്. ദൈവിക നിയമങ്ങളിൽ മായം ചേർക്കലാണ്. അതുകൊണ്ടു തന്നെ ഏറ്റവും വലിയ ശിർക്കു തന്നെയാണ്. അപ്പോൾ വേദഗ്രന്ഥത്തിൽ നാൽപ്പതിലധികം ഗുരുതരമായ ദൈവ നിന്ദ - (ശിർക്കു) കാണിച്ചുകൊണ്ടാണ് ഓരോ ദിവസവും, അഞ്ചുനേരം - അല്ലെങ്കിൽ മൂന്നു നേരം - ഓരോ സുന്നിയും, ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്ന ഖുർആൻ വിരുദ്ധ ജമാഅത്ത് നമസ്ക്കാരത്തിന്(ചടങ്ങ് നമസ്ക്കാരത്തിന്) ഒരുങ്ങുന്നത് എന്നറിയുക. ..!! അഞ്ചുനേരത്തെ സമസ്ക്കാരത്തിലും, ബാങ്കിലുമായി അമ്പതോളം ശിർക്കുകൾ, ചേലാകർമ്മത്തിലും, നോമ്പുകാലത്തും, ഹജ്ജ് സീസണിലും മറ്റുമായി അമ്പതോളം ശിർക്കുകൾ, സുന്നത്ത് നമസ്ക്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ എന്നീ വകയിൽ നൂറുക്കണക്കിന് ശിർക്കുകൾ ..!ഇങ്ങനെ ഖുർആനെയും, മുഹമ്മദ് നബിയെയും ധിക്കരിച്ച - ശിർക്കിൽ മുങ്ങിക്കുളിച്ച - സുന്നി - ശിയാ പുരോഹിതന്മാരേക്കാളും അവരുടെ ശിങ്കിടികളേക്കാളും വലിയ അക്രമികൾ ലോകത്തു മറ്റു വല്ലവരുമുണ്ടാകുമോ..? സത്യം അറിഞ്ഞുകൊണ്ട്- ഖുർആനെ ധിക്കരിച്ചുകൊണ്ട് - വീണ്ടും, വീണ്ടും ശിർക്കു ചെയ്തുകൊണ്ട് - ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത "അഞ്ചുനേരം സംഘടിച്ച് അറബിഭാഷയിൽ പ്രാർത്ഥിക്കുക" എന്ന അനാചാരം നിലനിർത്തുന്ന സുന്നി - മുജാഹിദ് - ജമാഅത്ത് പ്രസ്ഥാനങ്ങളിലെ നിഷ്ക്കളങ്കരായ സാധാരണക്കാരെ ഈ അടിമത്തത്തിൽ നിന്നു മോചിപ്പിക്കാൻ സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാർ തന്നെ മുൻകൈ എടുക്കാതെ സാധ്യമല്ല എന്നതും ഒരു വലിയ മന:ശ്ശാസ്ത്രപരമായ സത്യം തന്നെയാണ്. എന്തുകൊണ്ടെന്നാൽ, അബ്ദുൽ നാസർ മഅ്ദനി പറഞ്ഞാലെ മഅ്ദനിയുടെ ആൾക്കാർ കേൾക്കൂ..! 'കാന്തപുരം' പറഞ്ഞാലേ കാന്തപുരത്തിന്റെ അനുയായികൾ അതേറ്റെടുക്കുകയുള്ളു. ഇ.കെ വിഭാഗം നേതാക്കൾ പറഞ്ഞാലേ ഇ.കെ സുന്നിയുടെ ഗ്രൂപ്പിലുള്ളവർ കേൾക്കുകയുള്ളു. ജമാഅത്ത് അമീർ പറഞ്ഞാലെ ജമാഅത്തെ ഇസ്ലാമിയുടെ അനുഭാവികൾ കേൾക്കൂ. ചേകന്നൂർ പറഞ്ഞാലെ ചേകന്നൂർ മൗലവിയുടെ ചില അനുയായികൾ കേൾക്കൂ...!! മുജാഹിദ് പ്രസ്ഥാനത്തിന്റ നേതാവ് പറഞ്ഞാലെ മുജാഹിദുകൾ അനുസരിക്കുകയുള്ളൂ.. പോപ്പ് പറഞ്ഞാലെ കൃസ്ത്യാനികൾ കേൾക്കൂ.. സ്വാമി പറഞ്ഞാൽ മാത്രമെ ഹിന്ദുക്കൾ അനുസരിക്കൂ..!!! ഇതു സാധാരണക്കാരന്റെ മന:ശാസ്ത്രമാണ്. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ദൈവവും, മതവും എന്തോ ഭയങ്കര സംഗതിയാണ്. അപ്പോൾ മതവിഷയത്തിൽ അവർ അഭിപ്രായം പറയില്ല. സ്വയം ചിന്തിക്കില്ല. മതവിഷയത്തിൽ സ്വയം ചിന്തിക്കാനും, അഭിപ്രായം പറയാനും അവർ ഭയപ്പെടുന്നു. മതവിഷയത്തിൽ അഭിപ്രായം പറയാനും, ചിന്തിക്കാനും അവർ അവരുടെ മതനേതാവിനെ ഏൽപ്പിച്ചിരിക്കുകയാണ്. അവർക്ക് അവരുടെ നേതാക്കൾ പറയുന്നതാണ് അവരുടെ മതം. അവർ പറയുന്നത് മാത്രമെ അവർ അനുസരിക്കൂ.. ഇതൊരു സാർവ്വലൗകിക സത്യമാണ്..അപ്പോൾ ഒരു മതഗ്രൂപ്പ് നന്നാകണമെങ്കിൽ ആ ഗ്രൂപ്പിന്റെ തലവൻ വിചാരിക്കണം. ആ ഗ്രൂപ്പിനെ നരകത്തിലേക്കോ, സ്വർഗ്ഗത്തിലേക്കോ നയിക്കാൻ ആ നേതാവിന് കഴിയുന്നു. അതുകൊണ്ടാണ് ഖുർആൻ ഇങ്ങനെ പറയുന്നത്. **"വിശ്വസിച്ചവരേ.പണ്ഡിതന്മാരിലും, പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുന്നവരും അവരെ സത്യദീനിൽ നിന്ന് (ദൈവിക മാർഗ്ഗത്തിൽ നിന്ന്) തടയുകയും ചെയ്യുന്നവരാണ്."** (9:34) സമകാലിക സുന്നി - മുജാഹിദ് - ജമാഅത്ത് പണ്ഡിതന്മാരും, ഖുർആനും തമ്മിലുള്ള ബന്ധം കാണുമ്പോൾ ഈ ഖുർആൻ വാക്യം നൂറുശതമാനവും യാഥാർത്ഥ്യമായിനമുക്ക്അനുഭവപ്പെടുന്നില്ലേ..?

- ശുഭം -

**സർവ്വലോക പരിപാലകനായ പ്രപഞ്ചനാഥന് അർഹതപ്പെട്ടതാകുന്നു സകല സ്തുതിയും.**

# 'കാൽകഴുകൽ' ഇതര മതങ്ങളിലും

യേശുദേവന്റെ അന്ത്യ അത്താഴത്തെ അനുസ്മരിച്ചുകൊണ്ട് ക്രിസ്ത്യൻ സമൂഹത്തിൽ വളരെ വ്യാപകമായി നടത്തപ്പെടുന്ന കാൽക ഴുകൽ ശ്രുശൂഷയും ഒരു ദുർവ്യാഖ്യാ നത്തിന്റെ സൃഷ്ടിയാണ്. നിങ്ങളുടെ പാദങ്ങളെയും തലകളെയും തടവണ മെന്ന് മുഹമ്മദ് നബിയും ക്രിസ്തു ദേവനും ശ്രീബുദ്ധനുമൊക്കെ പഠിപ്പി ച്ചപ്പോൾ, സ്വന്തം കാലുകളെ അഞ്ചു നേരം മടമ്പുരച്ച് കഴുകാനാണ് സുന്നി പുരോഹിതന്മാർ തങ്ങളുടെ കുഞ്ഞാ ടുകളെ പഠിപ്പിച്ചത്. പാവപ്പെട്ടവന്റെ കാൽകഴുകികൊണ്ട് – 'എളിമ' കാണി ച്ചുകൊണ്ട് ക്രിസ്ത്യൻ പുരോഹിത ന്മാരും അരങ്ങ് തകർക്കുന്നു. മനുഷ്യർ വിശ്വാസികളുടെ ഒരു സമൂഹ മായി നിൽക്കുമ്പോൾ അവിടെ പാവപ്പെട്ടവനും പണക്കാരനുമില്ല. അടി മയും ഉടമയുമില്ല. വലിയവനും ചെറിയവനും ഇല്ല. എല്ലാവരും അല്ലാഹു വിനെ അറിഞ്ഞു – ദൈവത്തെ അറിഞ്ഞു – ആ പരബ്രഹ്മത്തെ അറിഞ്ഞു അവന് കീഴ്പ്പെട്ട സമാധാനദായകരായ വിശ്വാസികൾ മാത്രം.



നിങ്ങളുടെ പാദങ്ങളെ തടവുക എന്നതിന്റെ പൊരുൾ സമൂ ഹത്തിൽ നിങ്ങളേക്കാൾ താഴെയുള്ളവർക്ക് അർഹമായ പരിഗണന പൂർണമായും നൽകുക എന്നതു മാത്രമാണ്. പ്രായംകൊണ്ടോ പദവി കൊണ്ടോ പണംകൊണ്ടോ ശാരീരികമായ പ്രത്യേകതകൾകൊണ്ടോ, വൈകല്യങ്ങൾ കൊണ്ടോ തന്നെക്കാൾ താഴെയുള്ളവർക്ക് അർഹമായ പരിഗണന പൂർണമായി നൽകുന്നു എന്നത് മാത്രമാണ് അതിന്റെ പൊരുൾ. Love your Younger's; Respect your elders എന്ന മഹത്തായ ഇംഗ്ലീഷ് ആപ്ത വാക്യത്തിന്റെ മറ്റൊരു രൂപം മാത്രമാണത്. ഇതാണ് പിന്നീട് കാൽകഴു കൽ ശ്രുശൂഷയായും കാൽകഴുകൽ ചടങ്ങായും ക്രിസ്തുമതത്തിലും ഇസ്ലാം മതത്തിലും വ്യാപകമായത്.

യാതൊരുവിധ ചടങ്ങുകളൊ, ചടങ്ങ് പ്രാർത്ഥനകളൊ, മനുഷ്യ രുടെ വിലപ്പെട്ട സമയവും ശരീരവും സമ്പത്തും ഒരണുമണിതൂക്കം പോലും നഷ്ടപ്പെടുത്തുന്ന ആചാരങ്ങളൊന്നുമില്ലാത്ത യഥാർത്ഥ ഇസ്ലാം മതത്തിലും ക്രിസ്തുമതത്തിലും ഹിന്ദു മതത്തിലും ആചാരങ്ങളുടെയും അനാചാരങ്ങളുടെയും ഒരു മഹാ പ്രളയം തന്നെ വന്നു ചേർന്നതിന്റെ ഏറ്റവും ചെറിയ ഒരു നിദർശനമാണിത്.

അല്ലാഹുവിനെ എപ്പോഴും മനസ്സിൽ താലോലിച്ചുകൊണ്ട് നാം നമ്മുടെ ചിന്തകളും ചെയ്തികളും ശുദ്ധമാക്കി വെക്കുക. സമൂഹത്തി ലുള്ള മുതിർന്നവരോടും കുട്ടികളോടുമുള്ള നമ്മുടെ സമീപനവും സംശു ദ്ധമാക്കുക. ഇതുമൂന്നും ഒന്നുതന്നെ – കർമ്മങ്ങൾ തന്നെ. ചുരുക്കി പറ ഞ്ഞാൽ ദൈവവിശ്വാസത്തോടുകൂടി നിഷ്കാമ കർമ്മം ചെയ്തുകൊ ണ്ടിരിക്കുക. എല്ലാ വേദങ്ങളുടെയും പൊരുൾ ഇതുമാത്രമാണ്. എല്ലാ വേദങ്ങളും – ഖുർആനും, ബൈബിളും, ഹൈന്ദവ ധർമ്മങ്ങളും – ഇവിടെ ആരംഭിക്കുന്നു. ! എല്ലാ വേദങ്ങളും ഇവിടെ അവസാനിക്കുന്നു.!! അല്ലാ ഹുവും ആ അല്ലാഹുവിന്റെ പ്രതിനിധിയായ മനുഷ്യനും മാത്രം ബാക്കി യാകുന്നു...!!

ഇൻഡെക്സ് –2

# ചേകന്നൂർ മൗലവിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ...!

- പ്രമാണയോഗ്യമായ ഹദീസേത്?
- അബൂഹുറൈറയുടെ തനിനിറം?
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
- നമസ്കാരം എങ്ങനെ? എപ്പോൾ? എത്ര?
- ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം. (അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ എന്ന സി.എൻ.അഹമ്മദ് മൗലവിയുടെ ഗ്രന്ഥത്തിനുള്ള മറുപടി)
- ഖുർആനിൽ നമസ്കാരം മൂന്ന് മാത്രം
  സി.എൻ. മൗലവിക്ക് മറുപടി (രണ്ടാം ഭാഗം)
- ഖുർആനിലെ പിൻതുടർച്ചാനിയമം
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും
- തറാവീഹ് നബിക്ക് മാത്രം
- ഖുർആനിലെ ഹജ്ജ്
- ഇസ്ലാം കാര്യം പത്ത്
- ഖുർആനിലെ നമസ്കാരരൂപം
- സർവമത സത്യവാദം ഖുർആനിൽ
- ഇസ്റാഉം മിഅ്റാജും
- നബിയുടെ പേരിൽ സ്വലാത്തു ചൊല്ലൽ എങ്ങനെ?
- ബുഖാരിയും മുസ്ലിമും ലോകപൊള്ളന്മാർ?
- ഇന്ത്യൻ ശരീഅത്തും ഇസ്ലാമിക ശരീഅത്തും സുപ്രീംകോർട്ട് വിധിയും
- സലാം സുല്ലമിക്ക് സമുചിത മറുപടി
- മുസ്ലീം പിന്തുടർച്ചാനിയമം. വിമർശകർക്കു മറുപടി.